# 12

# ക്രിസ്തുവിലുള്ള പുതുജീവൻ 2

## കൊലൊസ്യർ 3:5-14

### 3:5-14 ന്റെ അവലോകനം

3:5-14 ൽ, താൻ മുൻപ് പറഞ്ഞ പ്രസ്താവനകളെ ആസ്പദമാക്കിയുള്ളതാണ് ഈ കൽപനകൾ എന്നു കാണിക്കുവാൻ പൗലൊസ് "ആകയാൽ" (*ഔൺ*) എന്ന വാക്കും, ആദേശകങ്ങളുടെ ഒരു പരമ്പരയും ഉപയോഗിച്ചിരിക്കുന്നു. കൊലൊസ്യയിലുള്ളവർ ഉയർത്തെഴുന്നേറ്റത് ലൗകികമായി മരിച്ചിട്ടാണ്, ഇപ്പോൾ അവർ നോക്കിയിരിക്കുന്നത് ക്രിസ്തു തേജസിൽ വരുമ്പോൾ അവനോടുകൂടെ പ്രത്യക്ഷരാകുവാനാണ്; "അതുകൊണ്ട്" അവർ അപ്രകാരം ജീവിക്കണമായിരുന്നു. അവർ പുതിയ ആളുകളായതിനാൽ പുതിയ ആളുകളായി ജീവിക്കണമായിരുന്നു. അവർ പുതിയതായി തീർന്നിരുന്നു എങ്കിലും അപൂർണ്ണരായിരുന്നു, അതിനാൽ അവർ ആത്മിയ പക്വത വളർത്തി എടുക്കണമായിരുന്നു. അത് സത്യമാണെന്ന് പൗലൊസ് വ്യക്തിപരമായി തിരിച്ചറിഞ്ഞിരുന്നു; അനേക വർഷം ക്രിസ്തുവിനു വേണ്ടി മിഷ്ണറി പ്രവർത്തനം നടത്തിയെങ്കിലും, അപ്പോഴും ഉയർന്ന ക്രിസ്തീയ പക്വത അന്വേഷിച്ചുകൊണ്ടാണിരുന്നത് (ഫിലി. 3:13, 14).

ശാരീരിക ഇഛകളെ മരിപ്പിച്ച ആ ക്രിസ്ത്യാനികളിൽ പിന്നെ അവ നിയന്ത്രിക്കുവാൻ അനുവദിക്കരുതായിരുന്നു. ലോകത്തിന് ഒന്നും നൽകുവാൻ കഴിയാത്ത ശൂന്യതയും നിഷ്പ്രയോജനത്വവുമാണ് ഭൂമിയിലുള്ളതെന്ന് അവർ തിരിച്ചറിയണമായിരുന്നു. അവർ സ്വർഗീയ യാഥാർത്ഥ്യങ്ങളിലേക്കും ലഭിക്കുവാനുള്ള തേജസിലേക്കും നോക്കേണ്ടത് ആവശ്യമായിരുന്നു. ഈ കാഴ്ച്ചപ്പാട് അവരുടെ മനസിലേക്ക് കൊണ്ടുവന്നശേഷം, അവരിൽ ആവശ്യമായ ഭൂമി-യോളം-താഴുന്ന സ്വഭാവം പരിശീലിച്ചാൽ മാത്രമെ സ്വർഗീയ തേജസ് ലഭിക്കുകയുള്ളു എന്ന കാര്യമാണ് പൗലൊസ് അവതരിപ്പിച്ചത്.

കൊലൊസ്യക്കാർ നിഷേധ സ്വഭാവങ്ങൾ ഉപേക്ഷിക്കുകയും (വാ. 5-11) ആത്മിയ സ്വഭാവങ്ങൾ സ്വീകരിക്കുകയും വേണം (വാ. 12-14). നിഷേധ സ്വഭാവങ്ങളെ രണ്ട് ഭാഗങ്ങളായിട്ടാണ് പറഞ്ഞിരിക്കുന്നത്. ആദ്യത്തേതിൽ ശാരീരിക ഇഛകൾ അടങ്ങിയിരിക്കുന്നു, അത് പ്രത്യേകിച്ച് ജാതികളുടെ നടപ്പാണ് (വാ. 5). അവ വിട്ടുകളഞ്ഞില്ലെങ്കിൽ ദൈവകോപം അവരുടെ മേൽ വരുമെന്ന് അപ്പൊസ്തലൻ ഓർപ്പിച്ചു (വാ 6) രണ്ടാമത്തേതിൽ അസ്വീകാര്യമായ ഗുണങ്ങളും ഉൾപ്പെടുന്നു (വാ.8,9), അവയെ നിയന്ത്രിക്കുവാൻ പൗലൊസിന്റെ വായനക്കാർ ശീലിക്കണമായിരുന്നു കാരണം അവർ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിച്ചിരുന്നു (വാ. 9, 10). ഇതേ രീതിയിലുള്ള ദുർഗുണങ്ങളെ ഉപേക്ഷിക്കുവാൻ പൗലൊസ് മറ്റു ലേഖനങ്ങളിലും പറഞ്ഞിട്ടുണ്ട്. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ തടസമായിട്ടുള്ള പാപങ്ങളെയും അവൻ ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു: ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന (അത്യാഗ്രഹം), ആഭിചാരം എന്നിവ (ഗലാ. 5:19; 1 കൊ. 6:9). ഇത്തരം സ്വഭാവങ്ങൾ പരിശീലിക്കുന്നവ

രുമായി പ്രത്യേകിച്ച് ദുർന്നടപ്പും, അശുദ്ധിയും, (വിഗ്രഹാരാധന) അത്യാഗ്രഹവും ഉള്ളവരുമായി ബന്ധം പുലർത്തുവാൻ പാടില്ല (1 കൊ. 5:11).

പൗലൊസ് പറഞ്ഞതായ കാര്യങ്ങൾ കൊലൊസ്യരെ പ്രാപ്തരാക്കി എന്ന് കാണിക്കുന്നതിന് മൂന്നു ക്രിയകൾ 3:5-14 ൽ പ്രകടിപ്പിച്ചിരിക്കുന്നു. ആദ്യമായി അവർ ചില പാപസംബന്ധമായ പരിശീലനങ്ങളിൽ "മരിച്ചവരായിരുന്നു ... എന്ന് പരിഗണിക്കണമായിരുന്നു" (വാ. 5-7). രണ്ടാമതായി, അവൻ പറഞ്ഞത്, ചില ദുർഗുണങ്ങളെ "ഉപേക്ഷിക്കണമായിരുന്നു" (വാ. 8, 9). മൂന്നാമതായി, അവർ ചില-നല്ല-ഗുണങ്ങളെ പൂർണ്ണമായും-(വാ. 10-14) "ധരിക്കണമായിരുന്നു."

## അവരുടെ കഴിഞ്ഞകാല അധാർമ്മികതയെ മരിപ്പിക്കൽ (3:5-7)

**[5]ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. [6]ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരിൽ വരുന്നു. [7]അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നു പോന്നു.**

### "ആകയാൽ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ" (3:5)

അവരുടെ ഭൗമിക [മായ] **അവയവങ്ങൾ മരിച്ചു** എന്ന കാര്യം അവർ **ചിന്തിക്കണമായിരുന്നു** (3:5). ശരീരത്തിന്റെ (*മെറ്റ*) "അവയവങ്ങൾ" മുഖാന്തരം നല്ല പ്രവൃത്തിയും മോശമായ പ്രവൃത്തിയും ചെയ്യും. നമ്മുടെ കൈകൾകൊണ്ട് മോഷ്ടിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനും കഴിയും, ഒരു വ്യക്തിയുടെ കാലുകൾ ദുഷ്പ്രവൃത്തികൾക്കും ഉപയോഗിക്കാം, അതേ സമയം ദൈവത്തെ മഹത്വപ്പെടുത്തുന്ന ആരാധനക്കായും ഉപയോഗിക്കാം, കണ്ണുകൾ ആകർഷണിയമായതും അരുതാത്തതുമായ പലതും നോക്കുവാൻ കഴിയും, അതേ സമയത്ത് ദൈവവചനം നോക്കി പരിശോധിക്കുവാനും കഴിയും, നമ്മുടെ നാവുകൾ കൊണ്ട് മറ്റുള്ളവരെ കുറിച്ച് മോശമായി സംസാരിക്കുവാൻ കഴിയും, അതേസമയം, സഹായകരവും ഉപകാരപ്രദവുമായി സംസാരിപ്പാനും കഴിയും, നമ്മുടെ ബുദ്ധിയും ചിന്തയും മോശമായ കാര്യങ്ങൾക്കും അതുപോലെ വിശുദ്ധമായവക്കും ഉപയോഗിക്കാം. ശരീരത്തിന്റെ അവയവങ്ങളെ പൊതുവിൽ മോശമായി ഉപയോഗിക്കുന്നതിനെ കുറിച്ചാണ് പൗലൊസ് പറഞ്ഞത്. ക്രിസ്ത്യാനികൾ വാസ്തവത്തിൽ വിചാരിച്ചാൽ മാത്രമെ മതം യാഥാർത്ഥ്യമാകയുള്ളു എന്നാണ് പൗലൊസ് പഠിപ്പിച്ചത്. "പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുവേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ" (റോമർ 6:11).

"മരിച്ചവരെന്ന് ... എണ്ണുവിൻ" (*നെക്റോസാറ്റേ*) എന്നത് ഇവിടെ ആജ്ഞാരൂപത്തിലാണ് ഗ്രീക്കിൽ കൊടുത്തിരിക്കുന്നത്, അക്ഷരികമായ അർത്ഥം "മരിപ്പിക്കുക" എന്നാണ്. അവർ തങ്ങളുടെ പാപസംബന്ധമായ ശരീരത്തിന്റെ അവയവങ്ങളെ പൂർണ്ണമായി സ്നാനമേറ്റപ്പോൾ ഇല്ലാതാക്കിയിരിക്കണം എന്നാണ് പൗലൊസ് സൂചിപ്പിച്ചത് (റോമർ 6:1-6). സ്നാനമേറ്റപ്പോൾ അവ

രുടെ മുമ്പിലത്തെ വഴി സംബന്ധിച്ച് അവർ മരിച്ചിരുന്നു എങ്കിലും, അവരുടെ ജീവിതത്തിൽ പിന്നീട് ദുശീലങ്ങൾ ഒരിക്കലും വരികയില്ല എന്നു ധരിക്കരുത്. അപകടകരമായ സ്ഥിതി ഒഴിവാക്കുവാൻ അവർ അവയെ എല്ലാം “മരിപ്പിക്കണം” എന്നാണ് പറഞ്ഞത്.

എഡ്വേർഡ് ലോഹ്സ് എഴുതി, “മരിപ്പിക്കുക. അതിന്റെ അർത്ഥം: സ്നാനത്തിൽ പഴയ മനുഷ്യൻ മരിച്ചു കഴിഞ്ഞു: ‘അങ്ങനെയുള്ളവർ പാപസംബന്ധമായി മരിച്ചു എന്നും ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നു എന്നും കണക്കാക്കണം.’ ”[1] കൂടാതെ അദ്ദേഹം പറഞ്ഞു, “ ‘സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ മരിച്ചതിനാൽ ഭൂമിയിലെ അവയവങ്ങളും ശരിയായി മരിപ്പിക്കണം.’ ”[2]

കഴിഞ്ഞകാലം സംബന്ധിച്ച് മരിച്ച് വേണം വർത്തമാന കാലത്തിൽ ജീവിക്കുവാൻ എന്ന വെല്ലുവിളിയാണ് പൗലൊസ് അവർക്ക് കൊടുത്തത്. “മരിച്ചു” എന്ന് അവൻ പറഞ്ഞത് ഒരിക്കലും അക്ഷരികമായി എടുക്കരുത്; മറിച്ച്, ഒരു ജീവിത രീതി പിന്തുടരുവാൻ ആലങ്കാരികമായി പറഞ്ഞതാണ്, അതായത് ഒരാൾ ലോകമാലിന്യത്തിൽനിന്നും പൂർണ്ണമായി മുക്തമാകണം. ശരീരത്തിന്റെ ആഗ്രഹങ്ങൾ തല തിരിയുമ്പോഴാണ് പാപം ഉണ്ടാകുന്നത്-ഉദാഹരണമായി ലൈംഗികത, വിശപ്പ്, ശാരീരിക സുഖങ്ങൾ-അവ എല്ലാം ദൈവികമായ ചുറ്റുപാടിൽ ഉയോഗിച്ചാൽ എല്ലാം നല്ലതാണ്. കൊലൊസ്യയിലുള്ളവർ തങ്ങളുടെ ശാരീരികമായ ഇഛകൾ ശരിയായി സൂക്ഷിക്കണമായിരുന്നു, അങ്ങനെ അവയെ നിയന്ത്രിച്ച് ദൈവത്തിനായി ഉപയോഗിക്കണം. ശരീരം, അതിൽ തന്നെ യാതൊരു ദോഷവും ഇല്ല; എന്നാൽ അതു മുഖാന്തരമാണ് പല പാപങ്ങളും നടക്കുന്നത്. ഹൃദയം നല്ല പ്രവൃത്തികൾ പ്രകടിപ്പിക്കുന്നതും ശരീരം മുഖാന്തരമാണ്. നന്മയും തിന്മയും ഒരാളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നത് ശരീരത്തിലാണ് (മത്താ. 15:19, 20). വാസ്തവത്തിലുള്ള വ്യക്തി ആന്തരികമായ വ്യക്തിയാണ്.

ശരീരത്തിലെ അവയവങ്ങൾ ദുഷ്ടതയെ മരിപ്പിച്ചാൽ, അവ പുതിയ ഉദ്ദേശത്തിനും ഉപയോഗത്തിനും പ്രാപ്തമാകും. “ദൈവത്തിന്നു പ്രസാദകരമായ വിശുദ്ധയാഗമായി നിങ്ങളുടെ ശരീരങ്ങളെ സമർപ്പിപ്പിൻ” (റോമർ 12:1);“നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക” (2 കൊ. 7:1). പാപശരീരം എന്നു പറയുന്നത് ഭൗതിക ശരീരമല്ല, നീക്കം ചെയ്യേണ്ടതാണ് (റോമർ 6:6).അനീതിയുടെ ആയുധങ്ങളായി ഉപയോഗിക്കാതെ കൊലൊസ്യർ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റവരെ പോലെ, നീതിയുടെ ആയുധങ്ങളായി ഉപയോഗിക്കണമായിരുന്നു (റോമർ 6:13). അവരുടെ അവയവങ്ങൾ അനീതിയുടേയും അധർമ്മത്തിന്റേയും ആയുധങ്ങളായി ഉപയോഗിക്കാതെ, നീതിയുടെ ആയുധങ്ങളായി ഉപയോഗിക്കണമായിരുന്നു (റോമർ 6:19).

പൗലൊസ് സൂചിപ്പിച്ച പുതിയ ജീവിതത്തിലെ, സ്വഭാവത്തിലും നല്ല ഗുണങ്ങളിലും ചിലത് ലൗകികരായ ആളുകളിൽ കണ്ടേക്കാം. എങ്ങനെയായാലും, ലോകത്തിലുള്ളവർക്ക് ഇല്ലാത്ത ഒരു കാര്യസ്ഥൻ ക്രിസ്ത്യാനികളായ നമുക്ക് ഉണ്ട് (യോഹ. 14:17), നമ്മുടെ ജീവിതത്തിൽ നാം വിശുദ്ധി തികക്കുവാൻ ശ്രമിക്കുമ്പോൾ, അവൻ നമ്മെ സഹായിക്കും (എഫെ. 3:16; 2 കൊ. 7:1). ലോകത്തുള്ളവർ അത്തരം മാറ്റങ്ങൾക്ക് ശ്രമിക്കുന്നത് സ്വാർത്ഥതക്കായിട്ടാണ്, എന്നാൽ ക്രിസ്ത്യാനികളായ നാം മാറ്റം വരുത്തുന്നത് യേശുവിനു മഹത്വം കൊടുത്ത് അവനെ പ്രസാദിപ്പിക്കുവാനാണ്. നാം അങ്ങനെ ചെയ്യുന്നതിനാ

ൽ, ധാർമ്മികമായി, വഷളായി ദുർഗന്ധം വമിപ്പിക്കുന്ന സമൂഹത്തിനെതിരായി പ്രവർത്തിക്കുന്നവരാകും. പൗലൊസ് 2 കൊരിന്ത്യർ 2:15, 16-ൽ എഴുതി, "രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിച്ചുകൊണ്ടിരിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന്നു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു; ഇവർക്ക് മരണത്തിൽനിന്നു മരണത്തിലേക്കുള്ള വാസന, അവർക്കോ ജീവനിൽനിന്നു ജീവങ്കലേക്കുള്ള വാസന തന്നെ...."

**"ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം" (3:5)**

ധാർമ്മിക പാപങ്ങൾ ഉൾപ്പെടുന്നതാണ് പൗലൊസിന്റെ ആദ്യ ലിസ്റ്റ് (വാ. 5). രണ്ടാമത്തെ ലിസ്റ്റിൽ സ്വഭാവവും മനോഭാവവും അടങ്ങുന്നു (വാ. 8, 9). ആ ദുർഗുണങ്ങൾ വിട്ടുകളഞ്ഞ് ക്രിസ്തീയ ഗുണങ്ങൾ ധരിക്കുമ്പോൾ (വാ. 12-14), കൊലൊസ്യർ തങ്ങളുടെ സ്നാനത്താൽ, പ്രവേശിച്ച പുതിയ ജീവിതത്തിന്റെ സ്വഭാവത്തിലേക്കു തിരിയുകയാണ്. ആദ്യലിസ്റ്റിൽ പറഞ്ഞ ദുർഗുണങ്ങൾ ദൈവ കോപത്തിനും, ശിക്ഷാവിധിക്കുമിടയാക്കുന്നു (റോമർ 1:29-31; 1 കൊ. 6:9, 10; ഗലാ. 5:21; എഫെ. 5:5). ആ പരിശീലനത്തിൽ ഏർപ്പെട്ട ക്രിസ്ത്യാനികൾ കൊലൊസ്യയിലും മറ്റു പ്രദേശങ്ങളിലുമുണ്ടായിരുന്നവർ, മുൻപ് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നപ്പോൾ പരിശീലിച്ചവരായിരുന്നു.

ആദ്യം പറഞ്ഞ **ദുർന്നടപ്പ്** എന്ന വാക്കിന് ഉപയോഗിച്ചത്, *പോർണെയിയാ* എന്ന വാക്കാണ്, അതിൽനിന്നാണ് "പോർണോഗ്രാഫി" എന്ന വാക്ക് രൂപപ്പെട്ടത്. മറ്റു തർജിമക്കാർ ആ വാക്കിനെ "പരസംഗം" എന്നു തർജിമ ചെയ്തിരിക്കുന്നു (കെജെവി; എൻകെജെവി; എൻആർഎസ്വി). അല്ലെങ്കിൽ "ലൈംഗിക അധാർമ്മികത്വം" അഥവാ ലൈംഗിക വഴി തെറ്റൽ എന്നാണ്, "ദുർന്നടപ്പ്" എന്നതിനേക്കാൾ നല്ല തർജിമ അതാണ്, കാരണം അത് കൂടുതൽ വിശാലമായ അർത്ഥമാണ് ധ്വനിപ്പിക്കുന്നത്. അവിഹിതമായ ലൈംഗികതയെയാണ് *പോർണെയിയാ* സൂചിപ്പിക്കുന്നത്; പക്ഷെ അതു വ്യഭിചാരത്തിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല, വിവാഹം കഴിക്കാത്തവർ തമ്മിൽ ലൈംഗികബന്ധം പുലർത്തുന്നതും അതിൽ ഉൾപ്പെടുന്നു. എന്നാൽ പൗലൊസ് പറഞ്ഞതിൽ, എല്ലാ വിധത്തിലുമുള്ള അവിഹിത ലൈംഗികബന്ധം ഉൾപ്പെടുന്നതാണ്, ഉദാഹരണമായി, സ്വവർഗ രതി, അവിവാഹിതരായവർ തമ്മിൽ ലൈംഗികബന്ധം പുലർത്തൽ, വ്യഭിചാരം, പരസംഗം എന്നിവ അടങ്ങുന്നു. ആ വാക്കിന്റെ വിവിധ രൂപത്തിലുള്ള മറ്റു വാക്കുകൾ പുതിയനിയമത്തിൽ കാണുന്നതെല്ലാം ആ സന്ദർഭത്തിൽ എപ്പോഴും കുറ്റകരമായ ഒന്നായിട്ടാണ് പറഞ്ഞിരിക്കുന്നത്.[3] വെളിപ്പാടു പുസ്തകത്തിൽ. യോഹന്നാൻ ആലങ്കാരികമായി ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്, അത് ബാബേലുമായുള്ള ബന്ധത്തിൽ രൂപപ്പെട്ട പ്രവണതകളായിരുന്നു (വെളി. 14:8; 17:2, 4; 18:3; 19:2).

*ഗ്രീക്ക്* നാമം *മൗചെയിയ* ("വ്യഭിചാരം"[4]), ക്രിയ *മോയിചെയിവോ* ("വ്യഭിചാരം ചെയ്യുക"[5]) എന്നീ വാക്കുകളും *പോർണെയിയ "[ലൈംഗിക] അധാർമ്മികത്വ"* വുമായി തെറ്റിദ്ധരിക്കരുത്. ഈ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് വിവാഹം കഴിച്ച ഒരാൾ വിവാഹം കഴിക്കാത്ത ഒരാളുമായി ലൈംഗിക വേഴ്ച്ച നടത്തുന്നതിനാണ്, അല്ലെങ്കിൽ വിവാഹിതൻ അവിവാഹിതയുമായി ലൈംഗിക വേഴ്ച്ച നടത്തുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. *പോർണെയിയ* ഒരു വിശാലമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അതിൽ ഒരുപക്ഷെ *മോയിചെയിയ*യും *മോയിചെയുവോ* യും ഉൾപ്പെട്ടിരിക്കാം.

*പോർണെയിയ*യിൽ ജീവിക്കുന്നവരുമായി ബന്ധപ്പെടരുത് എന്ന് പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതിയപ്പോൾ നിർദ്ദേശിച്ചു (1 കൊ. 5:11). "വ്യഭിചാരികൾ" ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു അവൻ അവരെ മുന്നറിയിച്ചിരുന്നു (1 കൊ. 6:9, 10), പിന്നെ അവൻ പ്രബോധിപ്പിച്ചത് "[ലൈംഗിക] ദുർന്നടപ്പ്" വിട്ടകലുവിൻ എന്നാണ് (1 കൊ. 6:18). ജഡത്തിന്റെ പ്രവൃത്തികളിൽ പെട്ട ഒന്നായിട്ടാണ് "ദുർന്നടപ്പ്" അവൻ ഗലാത്യർ 5:19-21 ൽ പറഞ്ഞത്.

ലൈംഗിക ഇഛ ക്രിസ്ത്യാനികളിൽ പാടില്ല എന്നല്ല പൗലൊസ് പറഞ്ഞത്, മറിച്ച്, അവയെ നിയന്ത്രിക്കുവാനാണ് പറഞ്ഞത്. ലൈംഗിക വികാരം അടക്കുവാൻ കഴിയാത്തവർ ദുർന്നടപ്പ് ഒഴിവാക്കുവാൻ, ഒരു പങ്കാളിയെ വിവാഹം കഴിച്ച് ദൈവത്തിന്റെ നിയമപ്രകാരം ലൈംഗിക വേഴ്ച്ച ആസ്വദിക്കുവാനാണ് അവൻ നിർദ്ദേശിച്ചത് (1 കൊ. 7:1-5).

അടുത്ത വാക്കുകളായ **അശുദ്ധി, അതിരാഗം** എന്നീ വാക്കുകളിലും ലൈംഗിക വൈകൃതങ്ങൾ അടങ്ങിയിരിക്കുന്നു. "അശുദ്ധി" (*അകതർസിയ*) കല്ലറക്കുള്ളിലെ അവശിഷ്ടങ്ങൾ, ശരീരത്തെ കണക്കാക്കാതിരിക്കൽ, കറ, അഴുക്ക് എന്നീ രീതിയിൽ വൃത്തിയില്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു (മത്താ. 23:27). ധാർമ്മിക അധഃപ്പതനത്തെ ആലങ്കാരികമായി അശുദ്ധി ഉപയോഗിക്കുമ്പോൾ, അത് മിക്കവാറും *പോർണെയിയ*യുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അത് ഗലാത്യർ 5:19-ൽ പറഞ്ഞതുപോലെ ജഡത്തിന്റെ പ്രവൃത്തിയാണ് (2 കൊ. 12:21; എഫെ. 5:3 നോക്കുക). അസ്വാഭാവികവും അധാർമ്മികവുമായ രീതിയിൽ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (റോമർ 1:24), ആ വാക്ക് വിശുദ്ധി ("വിശുദ്ധീകരണം"; 1 തെസ്സ. 4:7) നീതി എന്നീ വാക്കുകൾക്ക് എതിരാണ് (റോമർ 6:19).

"അതിരാഗം" (*പാതോസ്*) സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ നിയന്ത്രിക്കുവാൻ കഴിയാത്ത ആഗ്രഹങ്ങളെയാണ്. ആ വാക്ക് 3:5 ലും, റോമർ 1:26 ലും ("അതിരാഗം"), 1 തെസ്സലൊനിക്യർ 4:5 ലും ("കാമവികാരം") എന്നും കാണാം. ബൈബിളിനു പുറത്ത് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം "അനുഭവിച്ചത്, സഹിച്ചത്, കഷ്ടപ്പെട്ടത്" എന്നാണ് (അതിൽ യേശു ക്രൂശിൽ സഹിച്ചതുപോലെയുള്ള കഷ്ടതകൾ). സ്തോയിക്കർ ആ വാക്കിനെ ഒരു വ്യക്തിക്ക് സ്വസ്ഥമായ ജീവിതം നയിക്കുവാനാകാതെ, നിയന്ത്രിക്കുവാൻ കഴിയാത്ത വികാരങ്ങൾ കീഴടക്കിയ രീതിയിലാണ് ഉപയോഗിക്കുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, ശക്തമായ ലൈംഗികമായ ഇഛകൾ, തെറ്റായ ലൈംഗിക വികാരങ്ങൾ, അനിയന്ത്രിതമായ ലൈംഗിക താൽപര്യങ്ങൾ, അധാർമ്മികതയിലേക്ക് നയിക്കുന്ന എന്നീ നിലയിലാണ്. "ലൈംഗിക അധാർമ്മികതയിൽ" ശാരീരിക പ്രവൃത്തി ഉൾപ്പെടുന്നു എങ്കിൽ, "അതിരാഗത്തിൽ" ഒരു വ്യക്തിയുടെ മനസിൽ രൂപപ്പെടുന്ന ആഗ്രഹങ്ങൾ ശാരീരിക പ്രവൃത്തിയിലേക്ക് നയിക്കുന്നതിനെ ആണ് വിവക്ഷിക്കുന്നത്.

**ദുഷ്ക്കാമം** എന്ന വാക്ക് രണ്ട് ഗ്രീക്കു വാക്കുകൾ തർജിമ ചെയ്തതാണ്, *കാകെ* ("ദുഷിച്ച") *എപിതൂമിയ* ("ആഗ്രഹം"). ഒരു പ്രത്യേക "ആഗ്രഹം" തെറ്റോ ശരിയോ എന്ന് സന്ദർഭമാണ് തീരുമാനിക്കുന്നത്. ഇവിടെ പറയുന്ന "ആഗ്രഹം" "ദുഷിച്ച" എന്നതിനോട് കൂട്ടിച്ചേർത്തതിനാൽ പൗലൊസ് അർത്ഥമാക്കിയത് പാപസംബന്ധമായ ആഗ്രഹമാണ്.

*എപിതൂമിയയുടെ* അടിസ്ഥാന അർത്ഥം "ഒരാളുടെ ഹൃദയം എന്തിലെ

ങ്കിലും ഉറപ്പിക്കുക" എന്നാണ്, അതായതു എന്തെങ്കിലും ലഭിക്കണമെന്ന ഉദ്ദേശത്തോടെ ഒരു പ്രവൃത്തി ചെയ്യുവാൻ നോക്കിയിരിക്കുക എന്നാണ് സൂചന. പത്തു കൽപനകളിൽ വിലക്കിയിരിക്കുന്ന "അത്യാഗ്രഹം" എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട് (റോമർ 7:7;13:9 നോക്കുക), അത് ദുർച്ചിന്തകളെ ഉദ്ദേശിച്ചും പറഞ്ഞിരിക്കുന്നു (1 കൊ. 10:6; ഗലാ. 5:17; യാക്കൊ. 4:2). എഫെസ്യരുടെ പൊന്നോ, വെള്ളിയോ, വസ്ത്രമോ പൗലൊസ് "മോഹിച്ചിട്ടില്ല" എന്നു പറഞ്ഞിരിക്കുന്നു (പ്രവൃ. 20:33). അവിഹിതമായ ലൈംഗിക ഇഛകളെ പറയുന്നതിനു യേശു ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്താ. 5:28). വ്യഭിചാര ചിന്ത ഉള്ളിൽ സൂക്ഷിക്കുന്നത് വ്യഭിചാര പ്രവൃത്തി ചെയ്യുന്നതിനു തുല്യമാണെന്ന് കർത്താവ് പറഞ്ഞു. ലൈംഗികത ഉൾപ്പെടുന്നതു മാത്രമല്ല പാപമായി തീരുന്നത്, ലൈംഗിക ചിന്തയോടെ ഒരു സ്ത്രീയെ നോക്കിയാൽ പോലും അത് പാപമായി കണക്കിടും. അത്തരം സ്വഭാവങ്ങളെ മരിപ്പിക്കണം എന്നാണ് പൗലൊസ് കൊലൊസ്യയിലുള്ളവരെ പ്രബോധിപ്പിച്ചത്.

നല്ല ചിന്തകളും ആഗ്രഹങ്ങളുമായി ഇരിക്കുന്നതിനെ കുറിച്ച് പറയുവാൻ മറ്റു സന്ദർഭങ്ങളിൽ *എപിതുമിയ* ഉപയോഗിച്ചിട്ടുണ്ട്.[6] ഉദാഹരണമായി ഒരാൾ അദ്ധ്യക്ഷനാകുവാൻ ആഗ്രഹിക്കുന്നത്: അത്തരം വ്യക്തികൾ നല്ല വേല "ആഗ്രഹിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത് (1 തിമൊ. 3:1).

**"വിഗ്രഹാരാധനയായ അത്യാഗ്രഹം" (3:5)**

പൗലൊസിന്റെ അടുത്ത വാക്ക് *പിലീനെക്സിയ* കെജെവിയിൽ തർജിമ ചെയ്തിരിക്കുന്നത് "മോഹം" എന്നാണ്, പക്ഷെ എഎഎസ്ബിയിൽ **അത്യാഗ്രഹം** എന്നാണ്.[7] അതുപോലെയുള്ള മൂലവാക്ക് *പ്ലീനെക്റ്റെസ്* തർജിമ ചെയ്തിരിക്കുന്നത് "[ദ] കവെറ്റിയസ്" എന്നാണ് (1 കൊ. 5:10, 11; 6:10; എഫെ. 5:5). ഒന്നിലധികം ആവശ്യങ്ങളെ ആഗ്രഹിക്കുന്നതോ മറ്റോ ആണ്, മോഹിക്കുക അല്ലെങ്കിൽ അത്യാഗ്രഹമുണ്ടാകുക. ആ വാക്ക് പ്രായോഗികമാക്കുന്നത് ലൈംഗിക പാപത്തെ മാത്രമല്ല എന്നുറപ്പാക്കുവാൻ, പൗലൊസ് "വിഗ്രഹാരാധനയായ" എന്നുകൂടെ ചേർത്തിരിക്കുന്നു. യേശു തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചു പറഞ്ഞു, "സകല ദ്രവ്യാഗ്രഹവും ഒഴിഞ്ഞുകൊൾവിൻ" (ലൂക്കൊ. 12:15).

സ്വന്തം ക്രമാതീതമായ ആഗ്രഹങ്ങൾ നിറവേറ്റുവാൻ കാത്തിരിക്കൽ അല്ലെങ്കിൽ, എന്തെങ്കിലും കാര്യം ഒരു വിഗ്രഹത്തിനു തുല്യമായി അനുഭവപ്പെടൽ. ഒരു ഇഛയുടെ ഉറവിടത്തിനായി തീവ്രമായി ജാഗ്രത പുലർത്തുമ്പോൾ, അത് അയാളുടെ ധ്യാന വസ്തുവായി മാറുന്നു. അത്യാഗ്രഹം ലൈംഗിക കാമാർത്തി ശമിപ്പിക്കുവാൻ ശ്രമിക്കുന്നതോ അല്ലെങ്കിൽ ദൈവത്തിന് മാത്രം കൊടുക്കേണ്ട സേവനം മറ്റൊന്നിനു വേണ്ടിയാകുന്നതോ, വിഗ്രഹാരാധനയായി മാറും. ദ്രവ്യാഗ്രഹം ഉദാഹരണമായി എടുക്കാം: അതിന്റെ അടിസ്ഥാനം അത്യാഗ്രഹമാണ്, അത് "സകല വിധ ദോഷത്തിനും കാരണമായി തീരും" (1 തിമൊ. 6:10).

സുവിശേഷം പ്രസംഗിക്കുവാനുള്ള തന്റെ ലക്ഷ്യത്തിനു പിന്നിൽ അത്യാഗ്രഹമോ പണ സമ്പാദ്യമോ ആയിരുന്നില്ല എന്ന് പൗലൊസ് പറഞ്ഞു (1 തെസ്സ. 2:4, 5). കൊരിന്ത്യയിൽ, ചിലർ അത്യാഗ്രഹം നിമിത്തം "ദൈവ വചനത്തിൽ കൂട്ടു ചേർത്തിരുന്നു" (2 കൊ. 2:17).

**വിഗ്രഹാരാധന** യിസ്രായേൽ ജനത്തിനിടയിലേക്ക് ഒരു ബാധ പോലെ കടന്നുവന്നിരുന്നു. ദൈവം അതിനെ കർശനമായി വിലക്കുകയും തുടർച്ച

യായി പ്രവാചകന്മാരെ അയച്ചു അതിനെതിരായി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. വിഗ്രഹാരാധികൾക്കെതിരായുള്ള ദൈവത്തിന്റെ മുന്നറിയിപ്പായിട്ടായിരിക്കാം ഒരുപക്ഷെ ദാവീദ് പ്രതിഫലിപ്പിച്ചത്: "മിത്ഥ്യാ മൂർത്തികളെ സേവിക്കുന്നവരെ ഞാൻ പകെക്കുന്നു" (സങ്കീ. 31:6). യിസ്രായേൽ വിഗ്രഹങ്ങളെ ഉണ്ടാക്കിയതിനെ കുറിച്ച് യെശയ്യാവ് പറയുന്നു: "നിങ്ങളുടെ കൈകൾ നിങ്ങൾക്ക് പാപത്തിനായി വെള്ളിയും പൊന്നും കൊണ്ടുണ്ടാക്കിയ മിത്ഥ്യാ മൂർത്തികളെ ത്യജിച്ചുകളയും" (യെശ. 31:7). കൂടാതെ അവൻ പറഞ്ഞു, "വിഗ്രഹങ്ങളിൽ ആശ്രയിച്ച് ബിംബങ്ങളോട്, നിങ്ങൾ ഞങ്ങളുടെ ദേവന്മാർ എന്നു പറയുന്നവർ പിൻതിരിഞ്ഞു ഏറ്റവും ലജ്ജിച്ചുപോകും" (യെശ. 42:17; യിരെ. 10:14 നോക്കുക). യെഹെസ്ക്കേൽ മുഖാന്തരവും ദൈവം ആ ആരാധനാ വസ്തുക്കളെ "മ്ലേഛതകൾ" എന്നാണ് വിളിച്ചത് (യെഹെ. 5:11).

യിസ്രായേൽ വിഗ്രഹങ്ങളെ നമസ്ക്കരിക്കരുത് എന്നു ദൈവം പത്തു കൽപനകളിൽ വ്യക്തമായി പറഞ്ഞിരുന്നു (പുറ. 20:3–5; ആവ. 5:7–9). അവയെ സേവിക്കരുതെന്ന് ക്രിസ്ത്യാനികളോടും ദൈവം അരുളിച്ചെയ്തിരിക്കുന്നു (പ്രവൃ. 15:20 നോക്കുക). ജീവിതത്തിന്റെ പ്രാഥമിക ലക്ഷ്യം ദൈവത്തെ സേവിക്കുന്നതിനു പകരം പണമോ അല്ലെങ്കിൽ സ്വത്തോ സമ്പാദിക്കുന്നവർ, തങ്ങളുടെ അത്തരം ദേവന്മാരെ ഉള്ളിൽ വിഗ്രഹമാക്കി വെച്ചിരിക്കുകയാണ്.പ്രാരംഭ സഭയോട് നിർദ്ദേശിച്ചത് "... വിഗ്രഹാർപ്പിതങ്ങളിൽനിന്നു വിട്ടുനിൽപിൻ" (പ്രവൃ. 15:29) അവയെ നമസ്ക്കരിക്കയുമരുത് (1 കൊ. 10:14; ഗലാ. 5:20, 21; 1 യോഹ. 5:21).

വിഗ്രഹങ്ങളും ബിംബങ്ങളും ആരാധനയിൽ ഉപയോഗിക്കുന്നവരും ദൈവത്തിന്റെ മുന്നറിയിപ്പിനെതിരായി വിഗ്രഹാരാധന നടത്തുന്നവരാണ്. ആരാധനയിൽ സ്വർഗത്തിലെയോ ഭൂമിയിലെയോ യാതൊന്നിനേയും ആരാധനക്കായി ഉപയോഗിക്കരുതെന്നതിന്റെ കാരണം ദൈവം മോശെക്ക് നൽകിയിരുന്നു: "യഹോവ ഹോരേബിൽ തീയുടെ നടുവിൽ നിന്നു നിങ്ങളോട് അരുളിച്ചെയ്ത നാളിൽ, നിങ്ങൾ രൂപം ഒന്നും കണ്ടില്ലല്ലോ" (ആവ. 4:15). ദൈവം അദൃശ്യനാകയാൽ (കൊലൊ. 1:15; 1 തിമൊ. 6:16), ഭൗതികമായ യാതൊരു പ്രതിരൂപവും കൂടാതെ, അദൃശ്യവ്യക്തിയായിത്തന്നെ ആരാധിക്കണം. അവൻ ആത്മാവാകയാൽ, അവനെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹ. 4:23, 24). ദൈവത്തെ കൃത്യമായി പ്രതിനിധാനം ചെയ്യുന്ന ഒന്നുമില്ല, അതുകൊണ്ട് മനുഷ്യർ ഉണ്ടാക്കുന്ന യാതൊന്നും ആരാധനക്കായി ഉപയോഗിക്കരുത്.

### "ഈ വകനിമിത്തം ദൈവകോപം വരുന്നു" (3:6)

**കോപം** ഗ്രീക്ക് വാക്ക് *ഓർഗേ* തർജിമ ചെയ്തതാണ്, അതിനെ "ക്രോധം" എന്നും തർജിമ ചെയ്യാവുന്നതാണ് (3:8 ന്റെ ചർച്ച നോക്കുക). ദൈവകോപം പഴയനിയമ പുസ്തകങ്ങളിലെ ഒരു മുഖ്യ വിഷയമായിരുന്നു.[8] "ദൈവ ക്രോധത്തെ"[9] സംബന്ധിച്ചും അതു വാസ്തവമാണ്. ദൈവകോപത്തെ കുറിച്ചും ക്രോധത്തെ കുറിച്ചും പുതിയനിയമത്തിലും പ്രതിപാദിച്ചിട്ടുണ്ട്.[10] രണ്ടു നിയമങ്ങളിലും നിഷേധിക്കുവാനാകാത്ത ദൈവ സ്വഭാവമാണ് ക്രോധം. ("കൂടുതൽ പഠനത്തിന്: 'ദൈവക്രോധം' [3:6] നോക്കുക".)

ദൈവത്തിന്റെ സ്നേഹം, കരുണ, നന്മ എന്നിവയെ കുറിച്ച് തന്നെ തുടർച്ചയായി ചിന്തിച്ച്, അവൻ കോപത്തെ കുറിച്ചും ക്രോധത്തെ കുറിച്ചും പറയുന്നത്

നാം ചിലപ്പോൾ അവഗണിച്ചുകളയും. പഴയനിയമത്തിലെ ദൈവം കോപവും ക്രോധവുമുള്ള ദൈവമായിട്ടും, പുതിയനിയമത്തിലെ ദൈവം സ്നേഹമുള്ളവനായിട്ടുമാണ് നോസ്റ്റിക്സുകാർ പറയുന്നത്. ന്യായപ്രമാണം അനുസരിക്കാതിരുന്നവരെ കഠിനമായി ശിക്ഷിച്ചിരുന്നതും പുതിയനിയമത്തിൽ അങ്ങനെ ചെയ്യാതിരിക്കുന്നതുമാണ് അതിനുള്ള തെളിവ് ആയി അവർ എടുക്കുന്നത്.

അത്തരം തീർപ്പിലെത്തുന്നവർ യേശുവിന്റെ കോപത്തെ കാണാതെ പോകുകയാണ് (മർ. 3:5) അതുപോലെ ദൈവം അനന്യാസിനെയും സഫീറയെയും ശിക്ഷിച്ചതും അവർ വിസ്മരിക്കുന്നു (പ്രവൃ. 5:1-10). കൂടാതെ ഹെരോദാവിനേയും (പ്രവൃ. 12:21-23), ഏലിമാസിനേയും (പ്രവൃ. 13:6-11). ദുഷ്പ്രവൃത്തിക്കാരുടെ മേൽ വരുമെന്നു പറഞ്ഞിരിക്കുന്ന കോപവും നാശവും അവർ മറന്നു കളയുന്നു(റോമർ2:6-11). പഴയനിയമത്തിലെ ദൈവവും പുതിയനിയമത്തിലെ യേശുവും സ്വഭാവത്തിൽ ഒരേപോലയാണ്, അനുസരണം കെട്ടവരോട് യേശു പ്രതികാരം വീട്ടും (2 തെസ്സ. 1:7-9).

ക്രിസ്തീയ കാലഘട്ടത്തിലും തന്നെ അനുസരിക്കാത്തവരെ ദൈവം ശിക്ഷിക്കും എന്നതിന്റെ ഉറപ്പാണ് പഴയനിയമത്തിൽ ദൈവം തന്റെ കോപം പ്രകടിപ്പിച്ചത് (എബ്രാ. 10:28, 29). തന്റെ ഇഷ്ടത്തെ മാനിക്കാതെ അതിനോട് ശരിയായി പ്രതികരിക്കാതിരുന്നാൽ അവൻ എങ്ങനെ പെരുമാറുമെന്ന് യിസ്രായേൽ ജനത്തോട് കാണിച്ചത് വ്യക്തമാക്കുന്നു. “ഇതു ദൃഷ്ടാന്തമായി അവർക്ക് സംഭവിച്ചു; ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു” (1 കൊ. 10:11). “ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു” (എബ്രാ. 2:2).

ദൈവത്തിന്റെ കോപവും ക്രോധവും അസുഖകരമായ പ്രതികരണത്തിനു തുല്യമല്ല. ചില വ്യാഖ്യാതാക്കൾ ആ വാക്കുകൾക്ക് പകരം, “ദൈവത്തിന്റെ വിപത്ത്,” “ഭയാനകമായ ശിക്ഷ,” “ദൈവത്തിന്റെ ന്യായവിധി,” “ദൈവത്തിന്റെ ഭയങ്കര ശിക്ഷ” എന്നെല്ലാം ഉപയോഗിച്ചിരിക്കുന്നു. ആ പ്രയോഗങ്ങളിലെല്ലാം സത്യം അടങ്ങിയിട്ടുണ്ട്, പക്ഷെ ദുഷ്പ്രവൃത്തിക്കാരോടുള്ള ദൈവത്തിന്റെ സമീപനം പൂർണ്ണമായി വെളിപ്പെടുത്തുന്നില്ല.

അസാധാരണമായി തോന്നിയാലും, സ്നേഹത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് കോപം. തന്റെ ഭാര്യയെ ആഴത്തിൽ സ്നേഹിക്കുകയാണെങ്കിൽ, അവൾ മറ്റൊരുത്തന്റെ കൂടെ പോയാൽ അവൻ കോപം കൊണ്ട് വിറയ്ക്കും. അവന് അവളോട് സ്നേഹം ഇല്ലെങ്കിൽ അവൾ എങ്ങനെയായാലെന്ത് എന്നു വിചാരിക്കും. പൗലൊസ് പറഞ്ഞതുപോലെയുള്ള പാപം ചെയ്തു തന്നെ വിട്ട് പിശാചിനെ പിൻപറ്റുന്നവരോട് ദൈവം കോപം പ്രകടിപ്പിക്കുന്നത് അവന്റെ സ്നേഹം നിമിത്തമാണ് (1 യോഹ. 3:8).

### “അനുസരണം കെട്ടവരിൽ വരുന്നു” (3:6)

ദൈവത്തിന്റെ കോപം തീർച്ചയുള്ളതാണെന്ന് പൗലൊസ് ഉപയോഗിച്ച ക്രിയ *എർക്കോമായി* (**വരുന്നു**) തെളിയിക്കുന്നു. കാരണം വാക്യം 6 ലേയും എഫെസ്യർ 5:6 ലേയും *എർകോമായി* വർത്തമാനകാലം (ഭാവികാലത്തെ കുറിച്ചു പറയുകയാണെങ്കിലും) പൗലൊസ് അർത്ഥമാക്കിയത് വർത്തമാനകാലത്തെ അനുസരണം കെട്ടവരിൽ വരുന്ന ദൈവത്തിന്റെ കോപത്തെയാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. വില്യം ഹെൻഡ്രിക്സൺ വിവരിച്ചു,

"അതിനെ 'ഒരു വർത്തമാനകാല പ്രവചനം' ആയി കണക്കാക്കാം (ഒ. വാ. യോഹ. 4:21; 14:3). അത്തരം പാപം ചെയ്യുന്നവരുടെ മേൽ വരുവാനിരിക്കുന്ന ദൈവകോപത്തെയാണ് പൗലൊസ് ഊന്നിപ്പറയുന്നതു, ആ കോപം വന്നുകഴിഞ്ഞതുപോലെയാണ് അവതരിപ്പിച്ചത്."[11]

ഭാവിയിൽ വരുവാനിരിക്കുന്ന ശിക്ഷയുടെ വർത്തമാനകാല യാഥാർത്ഥ്യമാണ് ദൈവത്തിന്റെ കോപം (1 തെസ്സ. 1:10). "പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല; ദൈവകോപം അവന്റെ മേൽ വസിക്കുന്നതേയുള്ളു" (യോഹ. 3:36).

**അനുസരണക്കേടിന്റെ മക്കൾ** എന്നത് മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്നോ എന്ന കാര്യത്തിൽ പണ്ഡിതന്മാർ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസിന്റെ ഗ്രീക്ക് പുതിയനിയമത്തിൽ അതിനെ ഉൾപ്പെടുത്തിയിരുന്നതിനെ സംബന്ധിച്ച് ബ്രൂസ് മെറ്റ്സജർ പറഞ്ഞു, "... കമ്മറ്റിയിലെ ഭൂരിഭാഗം പേരും വേദഭാഗത്തിലെ വാക്കുകൾ നിലനിർത്തുവാൻ തീരുമാനിച്ചു, എന്നാൽ കൊലൊസ്യലേഖനത്തിന്റെ കൃത്യതയെ ചോദ്യം ചെയ്യുന്ന വിധത്തിൽ ആ പ്രയോഗം സ്ക്വയർ ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്."[12]

അസംഖ്യം തർജിമകളിൽ ഈ പ്രയോഗം വിവിധ രീതിയിലാണ് കാണുന്നത് (എൻഏഎസ്ബി; കെജെവി; എൻകെജെവി; ടിഇൗവി). മറ്റുള്ളവയിൽ അത് ഒഴിവാക്കി മാർജിനിലെ കുറിപ്പായി കൊടുത്തിരിക്കുന്നു (1977 എൻഏഎസ്ബി; ഏഎസ്വി; എൻഇൗബി; എൻഐവി; ടിഎൻഐവി; ആർഎസ്വി; എൻആർഎസ്വി). മുഖ്യകയ്യെഴുത്തുപ്രതികൾ (ഉദാഹരണായി, സിനൈറ്റിക്കസ്, ദ അലെക്സാണ്ഡ്രിനസ്, മിക്ക മിനുസ്കൂൾസ്) ആ പ്രയോഗം മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്നു എന്ന ആശയമാണ് നൽകുന്നത്. "ആ പ്രയോഗം നിലനിർത്തിയതായി അനേകം കയ്യെഴുത്തുപ്രതികൾ സാക്ഷ്യപ്പെടുത്തുന്നതായി ചില വ്യാഖ്യാതാക്കൾ അവകാശപ്പെട്ടിട്ടുണ്ട്."[13]

കൊലൊസ്യലേഖനത്തിന്റെ മൂല ഗ്രന്ഥത്തിൽ ആ പ്രയോഗം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, എഫെസ്യർ 5:6 ൽ അതു കാണാം: "ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരിൽ വരുന്നു" അക്കാരണത്താൽ, അനുസരണം കെട്ടവരുടെ മേൽ ദൈവത്തിന്റെ ന്യായവിധി ഉറപ്പായും ഉണ്ടാകും എന്നു നമുക്ക് തീർച്ചയാക്കാം.

"അനുസരണക്കേടിന്റെ മക്കൾ" എന്നതിനർത്ഥം, ആ കൂട്ടത്തിലുള്ളവർ തങ്ങളുടെ അനുസരണമില്ലാത്ത ജീവിതത്താൽ അവരുടെ സ്വഭാവം ആ പ്രയോഗത്തിൽകൂടെ പൗലൊസ് വ്യക്തമാക്കുകയാണ്. അവർ അനുസരണക്കേടുള്ള അമ്മയപ്പന്മാർക്ക് ജനിച്ചു എന്നോ അല്ലെങ്കിൽ അനുസരണക്കേടോടുകൂടെ ജനിച്ചു എന്നോ അല്ല പൗലൊസ് പറഞ്ഞത്, എന്തു പറഞ്ഞുവോ അതിന്റെ സ്വഭാവത്തെ കാണിക്കുന്നതാണ്, "മക്കൾ," "മകൻ" എന്നീ പ്രയോഗങ്ങൾ, ഉദാഹരണമായി "നരകത്തിന്റെ മക്കൾ" (മത്താ. 23:15), "ഇടിമക്കൾ" (മർ. 3:17), "ഈ ലോകത്തിന്റെ മക്കൾ" (ലൂക്കൊ. 16:8), "നാശയോഗ്യൻ" (യോഹ. 17:12), "പ്രബോധനപുത്രൻ" (പ്രവൃ. 4:36), "പിശാചിന്റെ മകൻ" (പ്രവൃ. 13:10).

### "അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നുപോന്നു" (3:7)

കൊലൊസ്യർ തങ്ങളുടെ മുൻകാലങ്ങളിൽ, ലൗകിക പരിശീലനങ്ങൾ

നടത്തിയിരുന്നു, എന്നാൽ ഇപ്പോൾ അവർക്ക് അത്തരം പരിശീലനങ്ങളുമായി ഒരു ബന്ധവുമില്ല. ഒരിക്കൽ അവർ "ദുഷ്പ്രവൃത്തികളാൽ മനസുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്നു" (1:21). അവർ ക്രിസ്തുവിൽ പുതിയ ജീവിതം തുടങ്ങിയതിനാൽ അവർ തങ്ങളുടെ പഴയ **നടപ്പിലേക്ക്** തിരിച്ചു പോകുവാൻ സാധ്യമല്ല എന്നു കരുതരുത്. എങ്ങനെയായാലും, ഉപയോഗിച്ചിരിക്കുന്ന ക്രിയ (*പെരിയെപോറ്റെസാറ്റെ*) പൂർത്തിയാക്കിയ പ്രവൃത്തിയെ അഥവാ മുൻകാല ജീവിതത്തെ അവസാനിപ്പിച്ചതായിട്ടാണ് സൂചിപ്പിക്കുന്നത്. പൗലൊസിന്റെ ശ്രോതാക്കൾ പാപസംബന്ധമായി മരിച്ചിരുന്നു, അതുകൊണ്ട് അവരുടെ പഴയ ജീവിതശൈലി അവസാനിപ്പിച്ചിരുന്നു.

"നടന്നു" എന്നത് പ്രവൃത്തിയെ, അല്ലെങ്കിൽ ചലനത്തെയാണ് സൂചിപ്പിക്കുന്നത്, അത് കഴിഞ്ഞ കാലത്ത് സംഭവിച്ചതാണ്, അല്ലെങ്കിൽ വർത്തമാനകാലത്ത് തുടരുന്നതായിരിക്കാം, എങ്ങനെയായാലും, **ഒരിക്കൽ** (*പോടെ*) അർത്ഥമാക്കുന്നത്, അവരുടെ കഴിഞ്ഞകാലത്ത് അവർ ആ പാപങ്ങളിൽ തുടർച്ചയായി ജീവിച്ചിരുന്നു എന്നാണ്. നടക്കുക എന്നത് അർത്ഥമാക്കുന്നത് ചില രീതിയിൽ ജീവിക്കുന്നതാണ്, അത് നന്മയിൽ അല്ലെങ്കിൽ തിന്മയിലാകാം. അത് നല്ല അർത്ഥത്തിലോ[14] അല്ലെങ്കിൽ മോശമായ അർത്ഥത്തിലോ ഉപയോഗിക്കാം[15] (റോമർ 8:4 നോക്കുക).

ആളുകളുടെ ജീവിതത്തെ നിയന്ത്രിക്കുവാനിടയുള്ള പാപങ്ങളാണ് പൗലൊസ് പറഞ്ഞവ. കൊലൊസ്യർ തുടർച്ചയായി ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം എന്നിവയിൽ സഞ്ചരിച്ചുപോന്നു. പാപത്തിൽ തുടരുന്ന ഒരു വ്യക്തി "പാപത്തിന്നു ദാസൻ" ആകുന്നു എന്നാണ് യേശു പറഞ്ഞത് (യോഹ. 8:34). പത്രൊസും പൗലൊസും ഇതേ സത്യം പഠിപ്പിച്ചു (റോമർ 6:16; 2 പത്രൊ. 2:19). ശ്രദ്ധിച്ചില്ലെങ്കിൽ, കൊലൊസ്യർ തങ്ങളുടെ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകുവാൻ സാധ്യതയുണ്ടെന്ന് അവർ തിരിച്ചറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചു. അവർ മുൻപ് അവയിൽ നടന്ന് അവരുടെ ജീവിതശൈലിയാക്കിയിരുന്ന കാര്യങ്ങൾ ഇനി ഒരിക്കലും ജീവിതത്തിൽ വരാതെ നോക്കണം.

## അഭക്തിയുള്ള സ്വഭാവം വിട്ടുകളയണം
## (3:8, 9)

**8ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. 9അന്യോന്യം ഭോഷ്ക് പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു.**

### "ഇപ്പോഴോ, നിങ്ങളും അവയെ വിട്ടുകളവിൻ" (3:8)

3:5-ൽ, "മരിച്ചവരാണ്" എന്നോർക്കുക, അവരുടെ ദുഷിച്ച കഴിഞ്ഞകാല പ്രവൃത്തികൾ "മരിപ്പിച്ചു." ആ സ്വഭാവം അവരുടെ മുൻകാലങ്ങളിലുണ്ടായിരുന്നതാണ്, പക്ഷെ അവ മരിപ്പിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അവ വീണ്ടും മുളച്ചു വളരും എന്നോർക്കണം. മുൻകാല ജീവിതരീതികളെ വിട്ടുകളയുവാൻ ക്രിസ്ത്യാനികളോട് മറ്റു വേദഭാഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു (റോമർ 13:12; എഫെ. 4:22, 25; എബ്രാ. 12:1; യാക്കൊ. 1:21). മുൻകാല ജീവിതത്തെ കൊലൊ

സ്യർ ഉപേക്ഷിച്ചുവെങ്കിലും, അവരുടെ കഴിഞ്ഞകാല ജീവിതശൈലികൾ അവർ തുടച്ചുനീക്കണമായിരുന്നു. ഒരർത്ഥത്തിൽ, അവരുടെ പഴയ വസ്ത്രം ഉരിഞ്ഞുകളഞ്ഞ് പുതിയ വസ്ത്രം ധരിക്കണമായിരുന്നു.

ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി തീർന്നതിനാൽ (2 കൊ. 5:17; ഗലാ. 3:27) ക്രിസ്ത്യാനികൾ പാപം ചെയ്യാത്തവരായി തീരുന്നില്ല. പാപമില്ലാത്ത അവസ്ഥ കൈവരിക്കുവാനുള്ള ലക്ഷ്യത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു എന്നു മാത്രം. നമ്മുടെ ജീവിതത്തിലെ ഇന്ദ്രിയ-ജയത്താൽ സകല ദുർഗുണങ്ങളും, അധാർമ്മിക പ്രവൃത്തികളും നാം ഉപേക്ഷിക്കണം (വാ. 5, 8, 9). അവ നമ്മെ മാത്രമല്ല, മറ്റുള്ളവരെയും നശിപ്പിക്കും, ബന്ധങ്ങളെയും ശിഥിലമാക്കും.

"കോപം" വന്നാൽ മറ്റുള്ളവരെ ഉപദ്രവിക്കുവാൻ അത് ആളുകളെ പ്രേരിപ്പിക്കുകയും കുല ചെയ്യുവാനുള്ള ആഗ്രഹം ജനിപ്പിക്കുകയും ചെയ്തേക്കാം. അത് കോപത്തിന്റെ പര്യായമായ "ക്രോധം" പോലെ ചിലപ്പോൾ പെട്ടെന്നോ അല്ലെങ്കിൽ ക്രമേണയോ പൊട്ടിത്തെറിച്ചേക്കാം. ആളുകൾ കോപിക്കുമ്പോൾ, അത് തങ്ങൾക്ക് തന്നെ ശിക്ഷാവിധി വരുത്തുകയായിരിക്കും (മത്താ. 5:22).

പെട്ടെന്ന് വികാരത്തെ നിയന്ത്രിക്കുവാൻ കഴിയാതെ പ്രകോപിപ്പിക്കുന്ന സംസാരത്തോട് അല്ലെങ്കിൽ പ്രവൃത്തിയോട് പ്രതികരിക്കുന്നതാണ് മാനുഷിക "കോപം."

"ഈർഷ്യ" ആളുകളെ വെറുക്കുന്ന അല്ലെങ്കിൽ കൈപ്പായിരിക്കുന്ന മനോഭാവമാണ്, അത് മറ്റുള്ളവർ വേദനിക്കുന്നതിൽ ആസ്വാദം കണ്ടെത്തി അവർക്ക് അനിഷ്ടമായുള്ളത് ചെയ്തേക്കാം.

"ദൂഷണം" സാധാരണ വരുന്നത് അസൂയയിൽനിന്നാണ്, ദയയില്ലാത്ത, മലിന ഹൃദയത്തിൽനിന്നാണ് അത് പുറപ്പെടുന്നത്. ചില ആളുകൾക്കെതിരെയോ, ചില സംഭവത്തിനെതിരെയോ ദോഷം ആരോപിക്കുന്ന മനോഭാവമാണ് ഇത്.

"ദുർഭാഷണം" മാന്യമല്ലാത്ത ഭാഷ, മറ്റുള്ളവരെ ദ്രോഹിക്കുന്നതാണ്. അത് ആളുകളുടെ ഉള്ളിൽ ദുർച്ചിന്തകൾ വർദ്ധിപ്പിക്കുകയും, നിരാശപ്പെടുത്തുകയോ നിരുൽസാഹപ്പെടുത്തുകയോ ചെയ്തേക്കാം.

ഭോഷ്ക്ക് സമൂഹത്തിന് ഹാനികരമാണ് കാരണം അത് ഒരു സമൂഹം പണിയുന്നതിനുള്ള ഘടനയുടെ അടിത്തറ ഇളക്കുന്നതാണ്. ഭോഷ്ക്ക് പറയുന്നവൻ വിശ്വാസയോഗ്യനല്ല എന്നു തെളിയിക്കുകയും മറ്റുള്ളവർക്ക് അവനിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്യും.

ആ സ്വഭാവങ്ങളുടെ ദൂഷ്യവശങ്ങൾ നിമിത്തമാണ് കൊലൊസ്യർ അവയെ ഉപേക്ഷിക്കുവാൻ പറഞ്ഞത്; അവർ ജീവിതത്തോടുള്ള സമീപനവും മുഴുവൻ മനോഭാവവും അവർ മാറ്റണമായിരുന്നു. ആ മാറ്റം സംഭവിച്ചത് സ്നാനത്തിലാണ് (2:11-13), പക്ഷെ വളർച്ച ഇപ്പോൾ സംഭവിക്കേണ്ടതാണ്.

> മുൻപ് കാണിച്ചതുപോലെ (2:11, 12 നോക്കുക), കൊലൊസ്യർ സ്നാനം ഏറ്റപ്പോൾ-"പഴയ മനുഷ്യനെ"-*ഉപേക്ഷിക്കുകയും വിട്ടുകളയുകയും* ചെയ്തിരുന്നു (റോമർ 6:6; എഫെ. 4:22), അതായത്, "ജഡശരീരം" ആകുന്ന അവരുടെ മുമ്പിലത്തെ നിലനിൽപ് രീതി, അവരുടെ ദുഷ്ടതയും ആ രീതിയിലുള്ള "പരിശീലനവും" 3:5, 8, 9 ൽ പറഞ്ഞവ ഉപേക്ഷിച്ച് ക്രിസ്തു എന്ന പുതിയ മനുഷ്യനെ *ധരിച്ചു* (ഗലാ. 3:27), അതായത്, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളുടെ സ്വഭാവം ധരിച്ചു. അതു

കൊണ്ട്, ഇപ്പോൾ അവർ സ്നാനമേറ്റ വിശ്വാസവും ദൈവഭക്തിയുമുള്ള ജീവിതം നയിക്കണം.[16]

ഇവ **ഒക്കെയും വിട്ടുകളവിൻ** എന്ന പ്രയോഗവും (3:8) പിന്നീട് പറഞ്ഞ "ധരിച്ചുകൊൾവിൻ" (3:12) എന്നതും പൗലൊസ് ആവശ്യപ്പെടുന്നത് കൊലൊസ്യർ പ്രതികരിക്കുവാനാണ്. അത് സഹോദരന്മാർക്ക് വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്നതായിരുന്നില്ല, അത് നിറവേറ്റുവാൻ തന്റെ വായനക്കാർ ആത്മാർത്ഥമായ ശ്രമം നടത്തണമെന്ന് പൗലൊസ് ആഗ്രഹിച്ചു. "വിട്ടുകളവിൻ" എന്നതു "മരിച്ചതുപോലെ ... വിചാരിപ്പിൻ" എന്നതുപോലെയാണ് (3:5) അല്ലെങ്കിൽ അക്ഷരികമായി, "മരിപ്പിക്കുക."

### "കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം" (3:8)

*ഓർഗേ* എന്ന വാക്ക് തർജിമ ചെയ്തതാണ് **കോപം**, അത് 3:6-ൽ "ക്രോധം" എന്നും തർജിമ ചെയ്തിട്ടുണ്ട്.[17] ചിലപ്പോൾ തെറ്റിനോട് ശക്തവും ആഴവുമായ രീതിയിൽ അനിഷ്ടമായി പ്രതികരിക്കും, അത് പകരം വീട്ടലോ, ശിക്ഷയോ ആയി പരിണമിക്കാം. *ഓർഗേ* മനുഷ്യന്റെ വികാരമാണെന്നു പറയാം, എന്നാൽ ആ വാക്ക് മിക്കവാറും ഉപയോഗിച്ചിരിക്കുന്നത് ദൈവത്തെ അനുസരിക്കാതിരിക്കുന്നതിനും പാപത്തിനുമെതിരായ ദൈവത്തിന്റെ തീരുമാനമായിട്ടാണ് (യോഹ. 3:36; റോമ. 1:18; 13:4; എബ്രാ. 3:11; 4:3). അവന്റെ കോപത്തിന്റെ ഫലമായിട്ടാണ് ന്യായവിധിയും ശിക്ഷയും.[18] ന്യായപ്രമാണം "കോപത്തെ" കൊണ്ടുവരുന്നു (*ഓർഗേ*; റോമർ 4:15). ദുഷ്പ്രവൃത്തിക്കാരോട് "കോപം" ജനിച്ച് ശിക്ഷ നടപ്പാക്കുവാനുള്ള അധികാരം ഗവൺമെന്റിനുണ്ട്; ക്രിസ്ത്യാനികൾ അത്തരത്തിൽ "കോപം" വരുത്താതിരിക്കുവാൻ ഗവൺമെന്റിന് കീഴ്പ്പെട്ടിരിക്കണം (*ഓർഗേ*; റോമർ 13:4, 5). ചില സാഹചര്യങ്ങളിൽ ക്രിസ്ത്യാനികൾ കോപിക്കുന്നത് ശരിയാണ് (എഫെ. 4:26); പൊതുവിൽ എങ്ങനെയായാലും, കോപിക്കുന്നത് നാം ഒഴിവാക്കണം (എഫെ. 4:31; യാക്കൊ. 1:19, 20). സാധാരണ, തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന കോപം നിയന്ത്രിതമായ ഒന്നാണ്.

അടുത്ത വാക്ക് **ക്രോധം** (*തൂമോസ്*), ധാർമ്മികരോഷത്താലുണ്ടാകുന്ന അഗാധമായ വികാരം ഉൾപ്പെടുന്നതാണ്. ചില സാഹചര്യങ്ങളിൽ അത് *ഓർഗേയുടെ* പര്യായമായി കാണാം. അതിനാൽ അവക്ക് പ്രത്യേക്കമായ അർത്ഥം പറയുക പ്രയാസമാണ്. ആ ഗ്രീക്കുവാക്കുകളുടെ രൂപങ്ങൾ ഒരുമിച്ച് ചില വേദഭാഗങ്ങളിൽ കാണാം (റോമർ 2:8; എഫെ. 4:31; വെളി. 16:19; 19:15). വെളിപ്പാടിലും, റോമർ 2:8 ലും ഒഴിച്ച്, മറ്റു ഭാഗങ്ങളിലെല്ലാം അവ ദൈവകോപത്തെ ആണ് വെളിപ്പെടുത്തുന്നത്. മനുഷ്യ കോപത്തെ അല്ലെങ്കിൽ രോഷത്തെ പ്രകടിപ്പിക്കുന്നതാണ് *തൂമോസ്* (ലൂക്കൊ. 4:28; പ്രവൃ. 19:28; 2 കൊ. 12:20; ഗലാ. 5:20; എഫെ. 4:31; കൊലൊ. 3:8; എബ്രാ. 11:27). സാത്താന്റെ കോപത്തെ കുറിച്ചാണ് വെളിപ്പാടിൽ പറയുന്നത് (വെളി. 12:12), അപോക്രിഫൽ ബാബേലിന്റെ "മനഃക്ഷോഭം" ആയും പറയുന്നു (വെളി. 14:8; 18:3), ദൈവത്തിന്റെ ക്രോധമായും പറയുന്നു (വെളി. 14:10, 19; 15:1, 7).

*ഓർഗേ* എന്ന വാക്ക് *തൂമോസു*മായി യോജിപ്പിച്ചു പറയുമ്പോൾ, തിരിച്ചറിയുന്ന അർത്ഥം, തർജിമയിൽ "ഭയങ്കര കോപം" എന്നാണ് (വെളി. 16:19;

19:15). ആ ഗ്രീക്ക് വാക്ക് ദുർഗുണങ്ങളുടെ ലിസ്റ്റ് പറയുമ്പോൾ കാണുന്നുണ്ട് (2 കൊ. 12:20; ഗലാ. 5:20; എഫെ. 4:31; കൊലൊ. 3:8). അത് "തീവ്രമായ നീരസം," "ധാർമ്മിക രോഷം," അല്ലെങ്കിൽ "അമർഷം" അത് ഓർഗേ എന്ന വാക്കിൽനിന്നു വ്യത്യസ്തമായി നിയന്ത്രിക്കപ്പെടുന്ന അമർഷം എന്ന രീതിയിലോ പകരം വീട്ടുന്ന രീതിയിലോ ആയിരിക്കാം പറയുന്നത് (ലൂക്കൊ. 4:28; പ്രവൃ. 19:28; എബ്രാ. 11:27).

**ഈർഷ്യ** (*കാകിയ*) മനുഷ്യന്റെ തരംതാഴ്ന്ന ആഗ്രഹങ്ങളെ പ്രകടിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നതാണ്. ഉദാഹരണമായി ക്ഷുദ്രമായ, ധാർമ്മികാധഃപ്പതനം, ദുഷ്ടത. ദുഷിച്ച-മനസുള്ള ആളുകളുടെ ഹൃദയത്തിൽ ഉള്ള ഉപദ്രവകരമായ ഒരു മനോഭാവമാണ് അത്. വിലകുറഞ്ഞ-ആത്മാവുള്ളവരും, കൈപുള്ളവരും, വെറുപ്പുള്ളവരും, ദുഷ്ടതയുള്ളവരുമാണ് ഈർഷ്യയുള്ളവർ (റോമർ 1:29; എഫെ. 4:31; തിത്തൊ. 3:3; 1 പത്രൊ. 2:1). "ഒരു പുരാതന ലെക്സിക്കോഗ്രാഫർ സൂയിഡാസ് *കാകിയ*യെ ഇങ്ങനെ നിർവ്വചിച്ചു: 'തന്റെ അയൽക്കാരനെ ഉപദ്രവിക്കുവാനുള്ള അതീവ താൽപര്യം.' "[19] ആ വാക്ക് പറയുന്നത്, "ഉപദ്രവിക്കുവാൻ, വ്രണപ്പെടുത്തുവാൻ, മറ്റുള്ളവർ കഷ്ടപ്പെടുന്നതും നശിക്കുന്നതും കാണുവാനുള്ള താൽപര്യം."

**ദൂഷണം** (*ബ്ലാസ്ഫെമിയ*, "ബ്ലാസ്ഫെമി" എന്നതിൽനിന്നു രൂപപ്പെട്ടതാണ്), അർത്ഥം, മറ്റുള്ളവരെ പ്രസിദ്ധിയില്ലാതാക്കുവാനായി, വ്രണപ്പെടുത്തുവാനായി മോശമായി സംസാരിക്കുക. മറ്റുള്ളവരെ കുറിച്ച് മോശമായി സംസാരിക്കുന്നവർ വിചാരിക്കുന്നത് ആളുകൾ അവരെ മോശക്കാരായി കണക്കാക്കണം എന്നാണ്. ദോഷം സംസാരിക്കുന്നവരുടെ ലക്ഷ്യം ചിലരിലുള്ള ബഹുമാനം നഷ്ടപ്പെടുത്തി ആളുകൾക്കിടയിൽ അവർക്ക് അവമതിപ്പ് ഉണ്ടാക്കുകയാണ് അവരുടെ ലക്ഷ്യം. അന്യോന്യം ദുഷിക്കുന്നതുപോലെയുള്ള ഈ മനോഭാവം വിലകുറഞ്ഞതാണ് (മത്താ. 12:32 നോക്കുക). ദൂഷണത്തിൽ ഉദ്ദേശം അടങ്ങിയിരിക്കുന്നു: ആരോടെങ്കിലും ആരെയെങ്കിലും കുറിച്ച് മോശമായി സംസാരിക്കുന്നതാണ് ദൂഷണം. ആ വാക്ക് ദൈവത്തെ അധിക്ഷേപിക്കുന്നതിനും, ദുഷിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (വെളി. 13:6; 16:11, 21). അവന്റെ നാമം (റോമർ 2:24; 1 തിമൊ. 6:1; വെളി. 16:9), അവന്റെ വചനം (1 തിമൊ. 6:1; തിത്തൊ. 2:5), പരിശുദ്ധാത്മാവ് (മത്താ. 12:31; മർ. 3:28, 29; ലൂക്കൊ. 12:10), അല്ലെങ്കിൽ മറ്റ് ആളുകളെ (തിത്തൊ. 3:2). ഇടർച്ചകളുടെ വിവിധ ലിസ്റ്റുകൾ പറയുമ്പോഴും *ബ്ലാസ്ഫെമീയ* യുടെ വിവിധ രൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.[20]

ചില ആളുകൾ മനപ്പൂർവ്വമായി ദൈവത്തെയും മറ്റുള്ളവരെയും ദുഷിക്കും. ഉപദ്രവത്തിനു വേണ്ടി ഒരുങ്ങുവാനായിരിക്കാം പൊലൊസ് ഈ പാപത്തെ കുറിച്ച് കൊലൊസ്യരോട് പറഞ്ഞത്; ഉപദ്രവിക്കുന്നവർ ദൈവത്തെ ദുഷിക്കുവാൻ കൊലൊസ്യരെ നിർബ്ബന്ധിക്കുന്നതിന് പൗലൊസ് ആഗ്രഹിച്ചിരുന്നില്ല. അപ്പൊസ്തലനായ പൗലൊസ്-ശൗലായിരുന്നപ്പോൾ-ക്രിസ്ത്യാനികളെ ദൈവത്തെ ദുഷിക്കുവാൻ നിർബ്ബന്ധിച്ചിരുന്നു (പ്രവൃ. 26:11) അവനും ഒരു ദൂഷകനായിരുന്നു (1 തിമൊ. 1:13).

**ദുർഭാഷണം** (*അയിസ്ക്രോലോജിയ*) ഗ്രീക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. രുചികരമല്ലാത്ത സംസാരത്തെയാണ് അത് സൂചിപ്പിക്കുന്നത്: ദുഷിച്ച, മലിനമായ സംസാരം; മോശമായ തമാശകൾ; അശ്ലീലമായ, മര്യാദയില്ലാത്തതും ആഭാസകരവുമായ ഭാഷ; ലജ്ജയുളവാ

ക്കുന്ന സംസാരം; പൗലൊസ് എഫെസ്യർ 5:4 ൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ദുർഭാഷണങ്ങൾ. അത്തരം വാക്കുകൾ കൊലൊസ്യരുടെ വായിൽനിന്നു പുറപ്പെടരുതായിരുന്നു. പകരം, പിന്നീട് പൗലൊസ് എഴുതിയതുപോലെ, അവരുടെ സംസാരം എപ്പോഴും, "കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതുമായിരിക്കണം" (കൊലൊ. 4:6). ഒരേ വായിൽനിന്നു നല്ല വാക്കും ആകാത്ത വാക്കും വരുന്നത് അസ്വാഭാവികമല്ല എന്നു യാക്കൊബ് തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (യാക്കൊ. 3:9–12).

**നിങ്ങളുടെ വായിൽനിന്ന്** എന്നു പൗലൊസ് എഴുതിയത് സൂചിപ്പിക്കുന്നത് അത്തരം ചിന്തകൾ-അവരുടെ ഉള്ളിൽ വന്നാൽ പോലും-വാക്കുകളായി പുറത്തു വരരുത് എന്ന അർത്ഥത്തിലാകാം. അത്തരം ഭാഷ ഒഴിവാക്കുവാൻ ഒരാൾ ചിന്തകളെ നിയന്ത്രിക്കണം.

### "അന്യോന്യം ഭോഷ്ക്ക് പറയരുത്, നിങ്ങൾ പഴയമനുഷ്യനെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു" (3:9)

പൗലൊസിന്റെ ദീർഘ വാചകങ്ങളിൽ ഒന്നാണ് വാക്യം 9 ൽ തുടങ്ങുന്നത്, അത് വാക്യം 11 വരെ നീളുകയും ചെയ്യുന്നു. തന്റെ വായനക്കാർ അന്യോന്യം ഭോഷ്ക്ക് പറയരുത് (*സ്യുഡോമായി*) എന്നു പൗലൊസ് പറഞ്ഞപ്പോൾ, അത് ക്രിസ്തീയ സമൂഹത്തോടായിരുന്നു. അങ്ങനെ പറഞ്ഞതിനാൽ ഭോഷ്ക്ക് പറയരുത് എന്നത് അ-ക്രൈസ്തവർക്ക് ബാധകമല്ല എന്നു ധരിക്കരുത്. "ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ" (എഫെ. 4:25). ഭോഷ്ക്ക് പറയുന്നവർക്കുള്ള ശിക്ഷ നോക്കിയാൽ ദൈവത്തിന്റെ സന്നിധിയിൽ ഭോഷ്ക്ക് എത്ര ഗൗരവമുള്ളതാണെന്ന് ബോധ്യമാകും. "എന്നാൽ ... ഭോഷ്ക്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ" (വെളി. 21:8).

ഭോഷ്ക്ക് പത്തു കൽപനകളിലും വിലക്കിയിരുന്നു (പുറ. 20:16; ആവ. 5:20). അക്കാരണത്താൽ, ചിലർ ഇതിനെ കോപം, ഈർഷ്യ, ദൂഷണം, ദുർഭാഷണം എന്നിവയേക്കാൾ ഗൗരവത്തിൽ കാണുന്നുണ്ട്. വാക്യം 8 ൽ പറഞ്ഞ ദുർഗുണങ്ങൾ വ്യഭിചാരം, ബലാൽസംഗം, കുലപാതകം എന്നിവ പോലെ പാപമാണ് എന്നു ക്രിസ്ത്യാനികൾ തിരിച്ചറിയണം.

വാക്യം 9 ലും 10 ലും തർജിമ ചെയ്തിരിക്കുന്ന വിട്ടുകളവിൻ എന്നതും "ധരിപ്പിൻ" എന്നതും അയോറിസ്റ്റ് പാർട്ടിസിപ്പിളാണ്.

> വാക്യം 9–10 ലെ രണ്ട് അനുബന്ധ ക്രിയകളായ ("ഉരിഞ്ഞുകളയുക." എന്നും "ധരിച്ചിരിക്കുന്നു" [എബി]) എന്നും സംഭവിച്ച വസ്തുതയായി മനസിലാക്കണം:് സനാനത്താൽ എല്ലാ വിശ്വാസികളും അവരുട്െ പഴയ മനുഷ്യനെ" ഉരിഞ്ഞു കളഞ്ഞതാണ് (അതുമായി ബന്ധപ്പെട്ട ദുർഗുണങ്ങളെല്ലാം, പ്രത്യേകിച്ച് 3:5, 8–9 ൽ പറഞ്ഞിരിക്കുന്നത്) പിന്നെ "പുതിയ മനുഷ്യനെ" ധരിക്കണം (ശരിയായ-രീതിയിൽ ജീവിത വഴി വാ. 12–17 ൽ പറഞ്ഞിരിക്കുന്നതപോലെ ആകുവാൻ).[21]

"വിട്ടുകളവിൻ" (*അപെക്ഡുവോമായി*) എന്നതും "ധരിക്കുക" (*എൻഡുവോ*) എന്നതും സാധാരണ വസ്ത്രം മാറി ധരിക്കുന്നതിനെയാണ് പറയുന്നത്. **പഴയ മനുഷ്യൻ** നീങ്ങി പുതിയ മനുഷ്യൻ വന്നിരിക്കണം. പൗലൊസ് വിവ

രിച്ച ലിസ്റ്റിലുള്ള സ്വഭാവങ്ങളെല്ലാം കൊലൊസ്യർ നീക്കി കളഞ്ഞിരിക്കും കാരണം അവ അവരുടെ മുൻകാല ജീവിതത്തിലുണ്ടായിരുന്നതാണ്. ഒരു "ശത്രുതാ ... മനസ് ഉണ്ടായിരുന്നതിനാലാണ് അവർ അങ്ങനെ ജീവിച്ചിരുന്നത്" (1:21), എന്നാൽ അവരുടെ ആദ്യത്തെ ശൈലി അവർ വിട്ടുകളഞ്ഞിരുന്നു. അവരുടെ മുൻകാല തെറ്റുകളും പരിശീലനങ്ങളും ഇനി അവരിൽ വരുവാൻ പാടില്ല; "പഴയ മനുഷ്യനെ" അവർ ഉരിഞ്ഞു കളഞ്ഞു പകരം "പുതിയ മനുഷ്യനെ" ധരിച്ചു. അതേ ആശയം പൗലൊസ് റോമർക്ക് എഴുതിയപ്പോഴും അവതരിപ്പിച്ചു, "നമ്മുടെ പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു" (റോമർ 6:6).

പൗലൊസ് ഇവിടെ പറഞ്ഞിരിക്കുന്ന "വ്യക്തി" വ്യക്തിത്വത്തെയാണ് പറയുന്നത്, അല്ലാതെ വ്യക്തിയുടെ ഭൗതിമായ ഭാഗമല്ല. ഒരാൾ ക്രിസ്ത്യാനി ആകുമ്പോൾ, ദുഷ്ടത നിറഞ്ഞതും പാപത്തിനു അടിമപ്പെട്ടതുമായ പഴയ മനുഷ്യനെ നീക്കം ചെയ്യണം. പഴയതിന് പകരം നീതിയും വിശുദ്ധിയുമുള്ള ഒരു പുതിയ വ്യക്തിത്വം ധരിക്കണം.

മറ്റൊരു ഭാഗത്ത്, പഴയ ജീവിതം ഉപേക്ഷിച്ച് പുതിയ ജീവൻ സ്വീകരിക്കുന്നതിനെ കുറിച്ച് പൗലൊസ് പറയുന്നുണ്ട്.[22] ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (ഗലാ. 6:14). ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു (ഗലാ. 5:24). ആന്തരിക മനുഷ്യൻ പുതുക്കം പ്രാപിക്കുന്നതിനെ കുറിച്ചും അവൻ പറയുകയുണ്ടായി (2 കൊ. 4:16; എഫെ. 3:16). അതേ അർത്ഥത്തിൽ പത്രൊസ് ക്രിസ്തീയ സ്ത്രീകൾ തങ്ങളെ അലങ്കരിക്കേണ്ടത് അവരുടെ ഗൂഢമനുഷ്യനാണെന്ന് പറഞ്ഞിരിക്കുന്നു (1 പത്രൊ. 3:4) പുതിയ മനുഷ്യൻ പഴയ വസ്ത്രം ഉപേക്ഷിച്ച് പുതിയ വസ്ത്രം ധരിക്കണം.

## ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപരാകുവാൻ പുതുക്കം പ്രാപിക്കൽ (3:10, 11)

**10തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ. 11അതിൽ യവനനും, യഹൂദനും എന്നില്ല, പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല, ക്രിസ്തുവത്രെ എല്ലാവരിലും എല്ലാം ആകുന്നു.**

### "പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (3:10)

പൗലൊസിന്റെ മറ്റു ലേഖനങ്ങളിലേതുപോലെ ബന്ധപ്പെടുത്തുന്ന പ്രസ്താവനകളാണ് വാക്യം 10 ലും 11 ലും ഉള്ളത്. ഗലാത്യയിലുള്ളവർ ക്രിസ്തുവിനെ "ധരിക്കണം" അല്ലെങ്കിൽ "ധരിക്കണം" എന്നാണ് അവൻ എഴുതിയത്. ഒരു വ്യക്തി ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുമ്പോഴാണ് ആത്മിയ അർത്ഥത്തിൽ **പുതിയ സൃഷ്ടി**യാകുന്നതും ക്രിസ്തുവിനെ **ധരിക്കുന്നതും** (2:12, 13; ഗലാ. 3:27). കൊലൊസ്യർ ക്രിസ്തുവിൽ പുതുതായി തീർന്നിരുന്നു. പുതിയ വസ്ത്രം "ധരിക്കുവാൻ," അവർ തങ്ങളുടെ പഴയ വസ്ത്രം ഉരിഞ്ഞു കളഞ്ഞു.

ആ മാറ്റം ജീവിതത്തിൽ വ്യത്യാസത്തിനു വേണ്ടിയുള്ളതാണ്. നിയന്ത്ര

ണമില്ലാത്ത ഇഛകളുണ്ടായിരുന്ന കഴിഞ്ഞ കാല വ്യക്തി ഇല്ലാതായി; ഇന്ദ്രിയ-ജയമുള്ള പുതിയ വ്യക്തിയായി തീർന്നു. അവരുടെ ജീവിതത്തിൽ പിന്നെ ദുഷ്ടത-അനുവദിക്കാതെ, കൊലൊസ്യർ നമ്മക്കു വേണ്ടി ജീവിക്കണം. ധനികനായ യുവപ്രമാണി വ്യഭിചാരിയോ, കുലപാതകനോ, കള്ളസാക്ഷിയോ ആയിരുന്നില്ല, എന്നാൽ അവൻ ദരിദ്രരെ സഹായിക്കുന്ന സൽപ്രവൃത്തി ചെയ്തിരുന്നില്ല (മത്താ. 19:22).

ക്രിസ്തുവിനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്ന പലരും ലൗകികമായ പല ദുർഗുണങ്ങളും ഉപേക്ഷിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്, എന്നാൽ അത് പോരാ. ക്രിസ്തുവിനെ പിൻപറ്റുന്നവർ സൽഗുണങ്ങൾ വളർത്തിയെടുക്കുകയും ക്രിസ്തീയ ജീവിതത്തിൽ ക്രിയാത്മകമായി സേവനത്തിൽ പങ്കു ചേരുകയും വേണം.

കൊലൊസ്യർ പുതിയ മനുഷ്യനെ സ്വീകരിക്ക മാത്രമല്ല, ക്രിസ്തുവിന്റെ ക്രൂശിലെ മരണത്താൽ വീണ്ടെടുക്കപ്പെട്ട സമൂഹത്തിന്റെ ഭാഗമായി അവർ തീരണം (എഫെ. 2:13). ന്യായപ്രമാണവും, യെഹൂദന്മാരും ജാതികളും തമ്മിലുള്ള ഭിന്നതയും ക്രിസ്തുവിന്റെ മരണത്താൽ നീക്കി ഏക ശരീരമായ ക്രിസ്തുവിന്റെ ശരീരത്തിലാക്കുകയും ചെയ്തു. മുൻപ് ഭിന്നതക്ക് കാരണമായി തീർന്ന പ്രശ്നം പരിഹരിച്ച്, ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുന്നവരെ അവനിൽ, ഏകശരീരത്തോട് നിരപ്പിക്കുകയാണ് ചെയ്യുന്നത് (റോമർ 12:5; 1 കൊ. 12:13).

### "പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്നു" (3:10)

പഴയ മനുഷ്യനെ വിട്ടുകളയുകയും പുതിയ മനുഷ്യനെ സ്വീകരിക്കുകയും ചെയ്തു എങ്കിലും, പുതിയ മനുഷ്യനെ പുതുക്കിക്കൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. **പുതുക്കം പ്രാപിക്കൽ** (*അനകോയിനൗമെനോൻ*) വർത്തമാന തുടർപ്രവൃത്തിയെയാണ് ഗ്രീക്ക് സൂചിപ്പിക്കുന്നത്. പുതിയ മനുഷ്യനെ തുടർച്ചയായി പുതുക്കിക്കൊണ്ടിരിക്കണം. ഒരു ശിശുവിനെ പോലെ, പുതിയ മനുഷ്യൻ ജനിക്കുന്നത് സ്നാനത്താലാണ്. ശക്തി മുഴുവനും-വളരുന്ന ക്രിസ്ത്യാനിയാകുവാനാണ്, പക്ഷെ പക്വതയിലെത്തുവാനുള്ള വളർച്ചക്ക് സമയം വേണ്ടിവരും.

ഒഴുക്കുള്ള നദിയിൽ ബോട്ട് തുഴയുവാനറിയില്ലെങ്കിൽ ലക്ഷ്യസ്ഥാനത്ത് എത്താതെ ബോട്ട് താഴേക്കു ഒഴുകി പോകും. ബോട്ടിനെ നിർത്തുവാനായി കഠിന ശ്രമം നടത്തണം, പക്ഷെ അതു മാത്രം പോരാ, ഒഴുക്കിനെതിരെ തുടർച്ചയായി തുഴഞ്ഞുകൊണ്ടിരിക്കയും വേണം. അതുപോലെ, ക്രിസ്തുവിനെ അനുഗമിക്കുന്ന ക്രിസ്ത്യാനികൾ തുടർച്ചയായി സൽഗുണങ്ങളെ വളർത്തിക്കൊണ്ടിരിക്കണം (2 കൊ. 3:18; 10:15; എഫെ. 4:13, 16; 1 തെസ്സ. 3:12; 4:9, 10; 2 തെസ്സ. 1:3; 1 തിമൊ. 4:15). തന്റെ ജീവിതത്തിൽ ക്രിസ്തു ദിനംതോറും പുതുക്കം വരുത്തുന്നതായി പൗലൊസ് മനസിലാക്കി (2 കൊ. 4:16). പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് ക്രിസ്ത്യാനികൾ ശക്തിപ്പെടുന്നതും പുതുക്കം പ്രാപിക്കുന്നതും എന്നാണ് പൗലൊസ് പഠിപ്പിച്ചത് (എഫെ. 3:16; തിത്തൊ. 3:5).

**വാസ്തവത്തിലുള്ള പരിജ്ഞാനമാണ്** ക്രിസ്ത്യാനിയെ പുതുക്കത്തിലേക്ക് നയിക്കുന്നത്. പ്രയോഗത്തിലെ "ക്ക്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് എയിസ് എന്ന വാക്കാണ്, അതിന്റെ മൂല വാക്കിൽ അടങ്ങിയിരിക്കുന്നത് "ലേക്ക്" എന്ന അർത്ഥമാണ്. "ലക്ഷ്യത്തിലേക്ക് എത്തൽ അല്ലെങ്കിൽ

ദിശയിലേക്ക് സഞ്ചരിക്കൽ" എന്നാണ് അതു പറയുന്നത്. സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം "യഥാർത്ഥ പരിജ്ഞാനത്തിൽ" പുതുക്കം പ്രാപിക്കുവാനാണ് പൗലൊസ് പഠിപ്പിച്ചത്. അവൻ ഇതു പറയുമ്പോൾ, ആരംഭത്തിൽ ദൈവം സൃഷ്ടിച്ച ആശയമായിരിക്കാം അവനിൽ ഉണ്ടായിരുന്നത് (ഉല്. 1:26, 27). ക്രിസ്തുവിന്റെ പ്രതിമയാകുവാനും ദിവസവും പുതുക്കം പ്രാപിക്കുവാനുമാണ് പുതുതായി സൃഷ്ടിച്ചത്. പുതുക്കം സംഭവിച്ചില്ലെങ്കിൽ, പുതിയ ജീവൻ നിന്നുപോകയും പഴയതിലേക്ക് തിരിച്ചുപോകുകയും ചെയ്യും.

"പരിജ്ഞാനം" (*എപിഗ്നോസിസ്*) ദുരുപദേഷ്ടാക്കന്മാരുടെ പ്രേരകാത്മകമായ, തെറ്റായ-അറിവിന് എതിരാണ്. പരിജ്ഞാനവും ക്രിസ്തുവിന്റെ പരിജ്ഞാനവും വന്നു കഴിഞ്ഞാൽ വർദ്ധിക്കുകയും വളരുകയും ചെയ്യും. യേശുവിനെ കുറിച്ച് ഒരാൾ കൂടുതൽ അറിയുന്തോറും, അയാൾ യേശുവിനെ പോലെ ആയിക്കൊണ്ടിരിക്കും; അങ്ങനെയാണ് ഓരോരുത്തരും യേശുവിനെ പോലെ ആകുന്നതും ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുന്നതും. അവന്റെ സ്വഭാവ പരിജ്ഞാനത്തിൽ വളർന്നാൽ മാത്രമെ ക്രിസ്ത്യാനിക്ക് യേശുവിനെ പോലെ ആകുവാൻ കഴിയു.

### "തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം" (3:10)

അവരെ **സൃഷ്ടിച്ചവന്റെ പ്രതിമ** പ്രകാരം കൊലൊസ്യർ പരിജ്ഞാനത്തിൽ വളരുവാനാണ് ശ്രമിക്കേണ്ടിയിരുന്നത്. പുതുക്കം പരിജ്ഞാനം കൊണ്ടുവരികയും, പരിജ്ഞാനം കൂടുതൽ പുതുക്കത്തിലേക്ക് നയിക്കുകയും ചെയ്യും. അവനിൽ അവരെ പുതുസ്ഷ്ടികളാക്കിയവന്റെ പരിജ്ഞാനത്തിൽ വളർന്ന് യേശുവിനെ പോലെ ആകുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (2 കൊ. 5:17). യേശുവിന്റെ മരണത്തിൽ പങ്കു ചേരുവാനുള്ള സമീപനം ക്രിസ്തുവിൽ ദൈവത്തിന്റെ പരമവിളിയുടെ വരുതിനായി ലാക്കിലേക്ക് ഓടുവാനുള്ളതാണ് (ഫിലി. 3:10–14). പുതുക്കം തുടരുമ്പോൾ, വാസ്തവത്തിലുള്ള പരിജ്ഞാനം നമ്മിൽ വർദ്ധിക്കും. അവതരിപ്പിക്കുന്ന കഥാപാത്രത്തെ കുറിച്ച് അഭിനേതാവ് യഥാർത്ഥത്തിൽ മനസിലാക്കിയിരിക്കണം. അവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിൽ വളരുവാൻ നാം ക്രിസ്തു ആരാണെന്ന് വാസ്തവത്തിൽ അറിഞ്ഞിരിക്കണം.

ക്രിസ്തുവിനോട് ചേർന്ന് അവനെ ധരിച്ച് (ഗലാ. 3:27), അവർക്ക് ജീവൻ നൽകിയ വ്യക്തിയെ പോലെ കൊലൊസ്യർ ആകണമായിരുന്നു. അവന്റെ സ്വഭാവത്തോട് അനുരൂപരാകുവാൻ ഓരോ പരിവർത്തകനും അതിനായി യേശുവിനെ നോക്കണം. ആ ലക്ഷ്യത്തെ പൗലൊസ് 2 കൊരിന്ത്യർ 3:18 ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." ആ ലക്ഷ്യം കൈവരിക്കുവാൻ നാം കഴിഞ്ഞകാലത്തെ ഉപേക്ഷിച്ച്, "ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ഓടണം" (ഫിലി. 3:13, 14). നമ്മെ സൃഷ്ടിച്ചവനെ മനസിലാക്കി അവന്റെ സ്വഭാവം വളർത്തിയെടുത്തു തുടങ്ങുവാൻ കഴിയും.

> ... പുതുക്കൽ സംഭവിക്കേണ്ടത് സൃഷ്ടികർത്താവിന്റെ പ്രതിമ പ്രകാരം ആയിരിക്കണം. അതുകൊണ്ട് ഒരുവശത്ത് നാം ഉറപ്പാക്കേണ്ടത്,

പുതിയ സൃഷ്ടിത്വം നടന്നോ എന്നതാണ്, അതായത് ഏതാനും ദുസ്വഭാവങ്ങളെ വിട്ടുകളഞ്ഞ്, കുറെ നല്ല ഗുണങ്ങളെ സ്വീകരിക്കുന്നതല്ല എന്നർത്ഥം. നേരെ മറിച്ച് അവൻ പറയുന്നത് പുതുക്കം പരിജ്ഞാനത്തിലേക്ക് നയിക്കണം എന്നാണ്.[23]

കൊലൊസ്യർക്ക് എന്തു പരിജ്ഞാനമായിരുന്നു ആവശ്യം? മോശെ മുഖാന്തരം ഉടമ്പടിയായി കൊടുത്ത ന്യായപ്രമാണം (ആവ. 4:2-8, 13), അവരുടെ ജീവിതനിലവാരമാകരുത്. കാരണം യേശുവിലാണ് സകല ജ്ഞാനവും വിവേകവും ഉള്ളത്; അവനാണ് അവരെ അവനിൽ പരിപൂർണ്ണരാക്കി, അവർക്കു വേണ്ടി "എല്ലാവരിലും എല്ലാം" ആകുന്നതു (3:11). അവർക്ക് വേറെ ആരും വേണ്ട, മറ്റൊന്നും വേണ്ട; കാരണം അവൻ മാത്രമാണ് ക്രിസ്തീയ ജീവിതത്തിന്റെ ഏക ഉറവിടവും മാതൃകയും. യെഹൂദ സമ്പ്രദായങ്ങൾക്കും മർമ്മകരമായ മതങ്ങൾക്കും, ഗ്രീക്ക് തത്വസംഹിതക്കും, അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർക്കും യാതൊന്നും ആത്മിയമായി നൽകുവാൻ സാധ്യമല്ല.

പരിശുദ്ധാത്മാവിനാൽ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ദൈവം നൽകിയ വെളിപ്പാട് വായിച്ചാൽ, ക്രിസ്തുവിനെ കുറിച്ചുള്ള മർമ്മം ആളുകൾക്ക് "ഗ്രഹിക്കുവാൻ" കഴിയും (എഫെ. 3:4). ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുവാൻ ക്രിസ്ത്യാനികളെ സഹായിക്കുവാനാണ് ദൈവം ഉപദേഷ്ടാക്കന്മാരെയും അദ്ധ്യക്ഷന്മാരെയും സഭയിൽ വെച്ചിരിക്കുന്നത്, "അങ്ങനെയാണ് എല്ലാവരും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവ് പ്രാപിക്കുന്നത്"(എഫെ. 4:13). ദൈവപ്രതിമയായ യേശുവിന്റെ സ്വഭാവം നാം എടുക്കുമ്പോൾ, നാം വിശുദ്ധരാകും; കാരണം ദൈവം വിശുദ്ധനാണ് (1 പത്രൊ. 1:16).

വിശ്വസ്തരായ ക്രിസ്ത്യാനികൾ പോലും, ഉന്നതതടത്തിലെത്തി നമ്മുടെ ക്രിസ്തീയ നടപ്പിൽ അലംഭാവത്തിൽ എത്തിയേക്കാം. ജീവിതത്തിനുള്ള നമ്മുടെ മാതൃക-യേശുക്രിസ്തു എന്ന അളവുകോൽ കൊണ്ടാണ് നാം നമ്മുടെ വളർച്ചയെ അളന്നു നോക്കേണ്ടത്-അത് നമുക്കപ്പുറം വിദൂരെയാണ്. മുകളിലേക്ക് കയറുവാനുള്ള വെല്ലുവിളിയാണ് നമുക്ക് എപ്പോഴുമുള്ളത്, എന്നാൽ ലോകം ആഗ്രഹിക്കുന്ന പൂർണ്ണതയിലെത്തുവാൻ നമുക്ക് സാധ്യമല്ല. എളുപ്പമായതല്ല, എന്താണോ ശരി അതാണ് യേശു ആവശ്യപ്പെടുന്നത്.

### "പുതുക്കത്തിന്റെ കാര്യത്തിൽ യെഹൂദനും യവനനും എന്നില്ല" (3:11)

പഴയതിനെ പുതുക്കുന്നതല്ല പൗലൊസ് പറഞ്ഞ **പുതുക്കൽ**; പഴയ മനുഷ്യൻ മരിച്ചു. മറിച്ച്, തുടർച്ചയായ പുതുക്കം ആവശ്യം പുതിയ മനുഷ്യനാണ്. കാർ പുതിയതാണെങ്കിലും ഇന്ധനടാങ്ക് കാലിയായാൽ വീണ്ടും വീണ്ടും നിറക്കണം; ചിലപ്പോൾ ഡ്രൈവർക്ക് ടയറോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗങ്ങളോ മാറ്റേണ്ടതായും വന്നേക്കാം.

**അതിൽ** എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *ഹോപൗ* എന്നാണ്, അർത്ഥം "അവിടെ." പുതുക്കം പ്രാപിക്കുന്നവർ ആത്മിയ പ്രതലത്തിലേക്ക് പ്രവേശിക്കുകയാണ്, "അതിൽ"-അല്ലെങ്കിൽ "അവിടെ"-വർഗമോ, പ്രദേശമോ, തരം തിരിവോ, സാമൂഹ്യ വ്യത്യാസമോ ഇല്ല. മാനുഷികമായ കാഴ്ച്ചപ്പാടിൽ ആ വ്യത്യാസങ്ങൾ നിലനിൽക്കുന്നില്ല എന്നല്ല പറയുന്നത്; ദൈവത്തിന്റെ

കാഴ്ച്ചപ്പാടിൽ അവ നിലനിൽക്കുകയില്ല എന്നർത്ഥം. ദൈവമനസാണ് ക്രിസ്ത്യാനികൾ എടുക്കേണ്ടത് (എഫെ. 4:1-3). നാം ആ പ്രതലത്തിലേക്ക് പ്രവേശിക്കുന്നത് ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോഴാണ്, അവനിൽ നാം ഒന്നായി തീരുന്നു (ഗലാ. 3:26-28). ഈ സത്യം പൗലൊസ് 1 കൊരിന്ത്യർ 12:13-ൽ പറഞ്ഞിരിക്കുന്നു.

3:5, 8, 9-ൽ പൗലൊസ് പറഞ്ഞ ദുർഗുണങ്ങൾ ഭിന്നതയും വിവിധ കൂട്ടങ്ങൾ തമ്മിൽ ശത്രുതയും ഉണ്ടാക്കും, എന്നാൽ 3:12-14 ൽ പറഞ്ഞ കാര്യങ്ങൾ ഭിന്നത ഒഴിവാക്കുന്നതാണ്. ക്രിസ്ത്യാനികളാകുന്നതിന് മുൻപ് അത്തരം കൂട്ടങ്ങളിൽ വെറുപ്പും കൈപ്പും ഉണ്ടായിരുന്നുവെങ്കിലും, ക്രിസ്ത്യാനികളായി തീർന്നശേഷം കൊലൊസ്യയിലെ ക്രിസ്ത്യാനികളിൽ അവയ്ക്കൊരു സ്ഥാനവുമില്ലായിരുന്നു.

ദൈവസന്നിധിയിൽ നിൽക്കുമ്പോൾ, യെഹൂദന്മാർക്ക് പ്രത്യേകതയൊന്നുമില്ല എന്നു ഊന്നി പറയുവാനായിരിക്കാം പൗലൊസ് ആദ്യം ജാതികളെ പറഞ്ഞത്. മറ്റു രണ്ടു ലിസ്റ്റുകളിൽ പൗലൊസ് ആദ്യം പറയുന്നത് യെഹൂദന്മാരെയാണ് (1 കൊ. 12:13; ഗലാ. 3:28), അതാണ് അവന്റെ ലിസ്റ്റിന്റെ സാധാരണ ക്രമം (റോമർ 1:16; 2:9, 10; 3:9, 29, 30; 9:24; 10:12; 1 കൊ. 1:24). ഈ മിക്ക വേദഭാഗങ്ങളിലും ആ ലിസ്റ്റിൽ രണ്ടു കൂട്ടം ആളുകളെ, തരംതിരിച്ച് പറയുന്നത് **യെഹൂദന്മാ** [രും] **യവനന്മാ** [രും] (*ഹെലെൻ*)-അതായത്, യെഹൂദന്മാരും, യെഹൂദന്മാർ-അല്ലാത്തവരും, അല്ലെങ്കിൽ ജാതികൾ. അതേ ആശയമായിരിക്കാം അവൻ ഈ ലിസ്റ്റിൽ പ്രകടിപ്പിച്ചത്, എന്നാൽ മറ്റു കൂട്ടങ്ങളെയും ചിത്രീകരിച്ചിരിക്കുന്നത് ക്രിസ്തുവിലായി തീർന്ന എല്ലാ കൂട്ടങ്ങളെയും ഒരേ ലെവലിൽ സ്വീകരിക്കണമെന്നാണ്.

ക്രിസ്തുവിലായി തീർന്നവരെ പോലെ ക്രിസ്തുവിനു പുറത്തുള്ള കൂട്ടങ്ങളെ എല്ലാം ദൈവം കണക്കാക്കും എന്നല്ല പൗലൊസ് പറഞ്ഞത്. തടസങ്ങൾ നീങ്ങുന്നത് ക്രിസ്തുവിലാകുമ്പോൾ മാത്രമാണ് (ഗലാ. 3:28). ന്യായപ്രമാണ നടുച്ചുവർ യേശു നീക്കി ക്രൂശ് മുഖാന്തരം ഏക ശരീരത്തോട് എല്ലാവരേയും നിരപ്പിക്കുവാനുള്ള അവസരം ഒരുക്കി (എഫെ. 2:14-16). യെഹൂദ ക്രിസ്ത്യാനികളെന്നും ജാതികളായ ക്രിസ്ത്യാനികളെന്നും വേർതിരിവ് കാണിക്കരുതെന്നാണ് പത്രൊസിനെ ദൈവം പഠിപ്പിച്ചത് (പ്രവൃ. 10:34, 35; 15:7-11). ക്രിസ്തുവിലായി തീർന്ന എല്ലാ വിഭാഗം ആളുകളെയും യോജിപ്പിച്ച് നിർത്തുവാൻ പൗലൊസ് വളരെ വിഷമിച്ചിട്ടുണ്ട്.[24]

സകല ജാതികൾക്കും പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള വഴി ഒന്നു മാത്രമാണ്. ജാതികളേക്കാൾ ഒട്ടും മോശമല്ലാത്ത പാപികളായിരുന്നു യെഹൂദന്മാരും (റോമർ 3:9, 10). അക്കാരണത്താൽ ഒരു വ്യത്യാസവും വരുത്താതെ രക്ഷിക്കപ്പെടുവാനുള്ള ആവശ്യകതകൾ നൽകി (പ്രവൃ. 15:9, 11; റോമർ 3:22) അല്ലെങ്കിൽ ദൈവത്തോടു ബന്ധപ്പെടുവാൻ (റോമർ 10:12). "എല്ലാവരോടും കരുണ കാണിപ്പാൻ അവൻ എല്ലാവരേയും അനുസരണക്കേടിൽ അടച്ചുകളഞ്ഞു" (റോമർ 11:32).

### "പരിച്ഛേദനയും അഗ്രചർമ്മവുമെന്നില്ല, ബർബ്ബരൻ, ശകൻ എന്നുമില്ല" (3:11)

**പരിച്ഛേദന** എന്ന വാക്ക് യെഹൂദന്മാരെ കുറിച്ചാണ് പറയുന്നത്, അതിൽ യെഹൂദ മതാനുസാരികളും ഉൾപ്പെടുന്നു, എന്നാൽ **പരിച്ഛേദന-ഏൽക്കാ**

**ത്തവർ** എന്നു പറഞ്ഞിരിക്കുന്നത്, യെഹൂദന്മാർ-അല്ലാത്ത ജാതികളെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. മിക്ക സന്ദർഭങ്ങളിലും "അഗ്രചർമ്മം" എന്ന വാക്കിനു മുൻപാണ് "പരിഛേദന" എന്ന വാക്ക് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്, കാരണം, ന്യായപ്രമാണപ്രകാരം പരിഛേദന ഏറ്റവർക്ക് കൂടുതൽ ബഹുമാനം കൊടുത്തിരുന്നു (റോമർ 4:9–12; 1 കൊ. 7:18, 19; ഗലാ. 5:6; 6:15). ആ ക്രമത്തെ തിരിച്ച് അവൻ രണ്ടു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എങ്ങനെയായാലും, ക്രിസ്തുവിൽ ആ വ്യത്യാസം നിലനിൽക്കുന്നതല്ല എന്നതാണ് ഊന്നൽ (ഗലാ. 2:7; എഫെ. 2:11). 1 കൊരിന്ത്യർ 7:18 ൽ ആദ്യം പരിഛേദനയെ കുറിച്ച് പറഞ്ഞിട്ട് പിന്നെ വാക്യം 18 ൽ ക്രമം തിരിച്ചു പറഞ്ഞിരിക്കുന്നു.

സാംസ്കാരികമായി പിന്നോക്കം നിൽക്കുന്നവരെയാണ് യെഹൂദന്മാർ **ബർബ്ബര** [ന്മാർ] എന്നും **ശക** [ന്മാർ] എന്നും പറയുന്നത്, എന്നാൽ "അഗ്രചർമ്മികൾ" എന്നു വിളിക്കുന്നത് യെഹൂദന്മാർ-അല്ലാത്ത പരിഷ്കാരികളെയും പരിഷ്കാരമില്ലാത്തവരെയും ഉൾപ്പെടുത്തിയാണ്. ഗ്രീക്കുകാർ-അല്ലാത്തവരെയെല്ലാം ഗ്രീക്കുകാർ ബർബ്ബരന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്-ആദ്യം റോമാക്കാരെയും അങ്ങനെ കരുതിയിരുന്നു. പിന്നീട് റോമാക്കാരും ഗ്രീക്ക് സംസ്ക്കാരം സ്വീകരിച്ചതോടെ റോമാക്കാരെയും "ഗ്രീക്കുകാരായി" കണക്കാക്കുവാൻ തുടങ്ങി. ഗ്രീക്ക്-റോമാ സംസ്ക്കാരത്തിനു പുറത്തുള്ളവരെയെല്ലാം റോമാക്കാർ ബർബ്ബരന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്.

"ബർബ്ബരൻ" എന്ന വാക്ക് (*ബർബരോസ്*) മറ്റു ഭാഗങ്ങളിൽ കാണുന്നത് തർജിമ ചെയ്തിരിക്കുന്നത് "തദ്ദേശവാസികൾ" എന്നാണ് (പ്രവൃ. 28:2, 4; റോമർ 1:14; 1 കൊ. 14:11). സംസ്ക്കാരമുള്ള കേൾവിക്കാരന് മനസിലാകാത്ത ഭാഷ സംസാരിക്കുന്നവരായ വിദ്യാഭ്യാസമില്ലാത്തവരെ വിളിക്കുന്നതാണ് അങ്ങനെ. "ബർബ്ബരൻ" എന്ന വ്യത്യാസം യേശു നീക്കി പകരം "സഹോദരൻ" എന്നാക്കി.

"ബർബ്ബര [ന്മാർ]" എന്നും "ശക [ന്മാർ]" എന്നും പറയുന്നത് വാക്യം 11-ൽ പറയുന്നതുപോലെ അന്തരമുള്ള രണ്ടു കൂട്ടരല്ല. ശകന്മാർ ബർബ്ബരന്മാരായിരുന്നു, എന്നാൽ തരംതാഴ്ന്ന അപരിഷ്കൃതരായിട്ടാണ് അവരെ റോമാക്കാരും, യെഹൂദന്മാരും, ഗ്രീക്കുകാരും കരുതിയിരുന്നത്. കരിങ്കടലിന്നു സമീപം താമസിച്ചിരുന്ന ഗോത്രവർഗക്കാരായിരുന്നു അവർ. വന്യമൃഗങ്ങളെ പോലെ അപരിഷ്കൃതരായി ജീവിച്ചിരുന്നവർ എന്നാണ് ജോസെഫസ് അവരെ കുറിച്ച് പറഞ്ഞത്.[25]

ശകന്മാരെ കുറിച്ച് ഹെരോദോത്തസ് എഴുതിയത്, "അവർ യുദ്ധത്തിൽ പരാജയപ്പെടുത്തിയ ആദ്യ ശത്രുവിനെ കൊന്ന് അയാളുടെ തലയോട്ടി എടുത്ത് അതിൽ രക്തം ഒഴിച്ചു കുടിക്കും. അതിന്റെ ചർമ്മം തൂവാലയായി ഉപയോഗിക്കും. വൃത്തികെട്ടവരും വെള്ളം കൊണ്ട് കഴുകാത്തവരും ആയിരുന്നു അവർ."[26] അവരുടെ വഷളായ സ്വഭാവത്തെ കുറിച്ച് മറ്റു എഴുത്തുകാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവർ നികൃഷ്ടരായ ആളുകളാണെങ്കിലും, ക്രിസ്ത്യാനികളായപ്പോൾ അവരെ യേശുവിന്റെ അനുയായികൾ തുല്യരായിട്ടാണ് പരിഗണിച്ചിരുന്നത്. സമൂഹത്തിലെ ഏതു വിഭാഗം ആളുകൾക്കും ക്രിസ്തുവിനോട് ചേരുവാൻ കഴിയുമായിരുന്നു, അവിടെ അത്തരം വിവേചനമോ വേർതിരിവോ ഇല്ലായിരുന്നു. ക്രിസ്ത്യാനിത്വത്തിൽ, ആളുകളെ ഒന്നായും സഹോദരവർഗമായും കണ്ടിരുന്നു.

**“ദാസനും സ്വതന്ത്രനും” (3:11)**

**ദാസനും സ്വതന്ത്രനും** ക്രിസ്തുവിൽ തുല്യരാകുകയും, അവർക്ക് തമ്മിലുള്ള വേർപാട് നീക്കുകയും സാഹോദര്യസ്നേഹത്തിൽ യോജിക്കുകയും ചെയ്യുന്നു. രണ്ടു കൂട്ടരും ക്രൂശ് മുഖാന്തരം സ്വതന്ത്രരാകുന്നു. പൗലൊസ് പറഞ്ഞ “സ്വതന്ത്രൻ” എന്നത് ദാസനായിരുന്നിട്ട് സ്വതന്ത്രരായവരോ അല്ലെങ്കിൽ ഒരിക്കലും ദാസന്മാരാകാത്തവരോ ആയിരിക്കാം. അടിമത്വം നിലനിന്നിരുന്നെങ്കിലും, ക്രിസ്തുവിൽ കാണുന്ന തുല്യതയും സ്നേഹവും, ദാസന്മാരെ മറ്റു ക്രിസ്ത്യാനികളോട് യോജിപ്പിച്ച് അവസാനം അടിമത്വം തന്നെ ഇല്ലാതാക്കി.

റോമാക്കാർക്ക് ധാരാളം ദാസന്മാരുണ്ടായിരുന്നു, അവരിൽ മിക്കപേരും യുദ്ധത്തിൽ പിടിക്കപ്പെട്ടവരായിരുന്നു. “അരിസ്ടോട്ടിൽ പറഞ്ഞതനുസരിച്ച് പുരാതന കാലത്ത് അടിമകളെ വ്യക്തികളായിട്ടല്ല, ജീവനുള്ള ഉപകരണമായി, ഒരു വസ്തുവായി മാത്രമെ കണ്ടിരുന്നുള്ളു …”[27] ചിലപ്പോൾ, ദാസന്മാർ തങ്ങളുടെ യജമാനന്മാരേക്കാൾ പരിഷ്ക്കാരികളായിരുന്നു, അവർ പലപ്പോഴും ദാസന്മാരെ മൃഗങ്ങളായിട്ടാണ് അവരോട് പെരുമാറിയിരുന്നത്. ചിലർ തങ്ങളുടെ സ്വാതന്ത്ര്യം വിലക്കു വാങ്ങുകയോ അല്ലെങ്കിൽ പ്രത്യേക സേവനത്തിനായി വിടുകയോ ചെയ്തിരുന്നു. ക്ലൗദ്യോസ് കൈസറിന്റെ അമ്മ അന്റോണിയയുടെ ദാസി ഫേലിക്സ് ഇതിനു ഉദാഹരണമായിരുന്നു.

ദൈവം മനുഷ്യരുടെ ഏക ഭാഷ കലക്കിക്കളഞ്ഞ് ആളുകളെ ലോകത്തിൽ ചിതറിച്ചു കളഞ്ഞു (ഉല്. 11:1–8). പല ഭാഗങ്ങളിലായി ചിതറിപ്പോയിരുന്നുവെങ്കിലും, അപ്പോഴും അവർക്ക് കുടുംബം കുടുംബമായി യോജിക്കുവാൻ കഴിയുമായിരുന്നു എന്നു തോന്നുന്നു. ആളുകളുടെ ദുഷിച്ച പദ്ധതി ഇല്ലാതാക്കുവാനാണ് ദൈവം അവരെ ചിതറിച്ചത്. യേശുവിന്റെ പ്രവൃത്തി വ്യത്യസ്തമായിരുന്നു: അവൻ വന്നത് ആളുകളെ ദൈവത്തെ സേവിപ്പാൻ, ആളുകളെ നീതിയിൽ യോജിപ്പിക്കുവാനായിരുന്നു. എല്ലാവരേയും യോജിപ്പിച്ച് ഏക ദേശമാക്കുവാനായിരുന്നില്ല അവൻ വന്നത്. അവൻ വന്നത് ലോകത്തിലെവിടെയും തന്നെ അനുഗമിക്കുന്നവരെ ശുദ്ധീകരിച്ച് തന്നിൽ ഏക സഹോദര വർഗമാക്കുവാനായിരുന്നു. തന്റെ ഏക ശരീരത്തിൽ വേർപാടിന്റെ നടുച്ചുവർ ഉണ്ടാകുവാനല്ല അവൻ വന്നത്.

**“ക്രിസ്തുവത്രെ എല്ലാവരിലും എല്ലാം ആകുന്നു” (3:11)**

ക്രിസ്തു എല്ലാവരിലും എല്ലാം ആകുന്നു. എല്ലാം എന്ത്? അക്ഷരികമായ തർജിമ “ക്രിസ്തു എല്ലാം എല്ലാമാണ്, എല്ലാറ്റിലുമാണ്.” യേശു “എല്ലാം” ആണ് എന്നു പറഞ്ഞാൽ ഒരർത്ഥത്തിൽ, പ്രപഞ്ചം അവനിൽ ആശ്രയിച്ചാണിരിക്കുന്നത്, കാരണം അവനാണ് അതിനെ സൃഷ്ടിച്ചതും അവന്റെ ശക്തിയുള്ള വചനത്താലാണ് അതിനെ വഹിക്കുന്നതും(എബ്രാ. 1:2, 3). അവൻ “എല്ലാം” എന്നു പറഞ്ഞാൽ ക്രിസ്ത്യാനികൾക്ക് ആവശ്യമായ സകല ആത്മിക അനുഗ്രഹങ്ങളും അവനാണ് നൽകുന്നത് എന്നർത്ഥം. അവൻ “എല്ലാറ്റിലും” എന്നു പറയുമ്പോൾ അവന്റെ സാന്നിധ്യവും ശക്തിയും മുഖാന്തരമാണ് അവൻ നിലനിർത്തുന്നത് എന്നാണ് സൂചിപ്പിക്കുന്നത് (കൊലൊ. 1:16, 17). അവൻ വസിക്കുന്ന എല്ലാവർക്കും ആവശ്യമായ ഭൗതികവും ആത്മികവും ആയതെല്ലാം അവനിൽനിന്നു ലഭിക്കുന്നു എന്നാണ് അവൻ “എല്ലാറ്റിലും” എന്നു പറഞ്ഞാൽ.

അവൻ എല്ലാറ്റിലും എല്ലാം ആകുന്നു എന്നു മാത്രമല്ല, തന്നിൽ അവൻ പുതിയ സൃഷ്ടിയാക്കിവർക്കും അവൻ എല്ലാമാണ്. ക്രിസ്ത്യാനികൾ *ആരാണ്*,

*എന്താണ്* എന്നത് അവനിൽ മൊത്തമായും ആശ്രയിച്ചിരിക്കുന്നു. അക്കാരണത്താൽ, ക്രിസ്തീയ സമൂഹത്തോട് ചേർത്തവർക്കിടയിൽ യാതൊരു ചേരിതിരിവുമില്ല. തന്റെ ജനത്തെ ഏകോപിപ്പിച്ചു നിർത്തുവാൻ ആവശ്യമായതെല്ലാം ക്രിസ്തു നൽകിയിട്ടുണ്ട്.

പൗലൊസ് ആലങ്കാരികമായി ചോദിക്കുന്നു "ക്രിസ്തു വിഭജിക്കപ്പെട്ടുവോ?" (1 കൊ. 1:13). നിഷേധ ഉത്തരം പ്രതീക്ഷിക്കുന്ന വിധത്തിലാണ് ഗ്രീക്കിൽ ചോദിക്കുന്നത്. ആ പ്രയോഗം ഇപ്രകാരമാണ്: "ക്രിസ്തു വിഭജിക്കപ്പെട്ടില്ല, ഉവ്വോ?" "ഇല്ല, അവൻ വിഭജിക്കപ്പെട്ടിട്ടില്ല" എന്നതാണ് തീർച്ചയുള്ള ഉത്തരം. തന്റെ ശിഷ്യന്മാർക്ക് അവൻ എല്ലാം ആണ് എങ്കിൽ, അവരിൽ എല്ലാമാണെങ്കിൽ, നാം വിഭജിക്കപ്പെടുവാൻ പാടില്ല കാരണം അവൻ വിഭജിക്കപ്പെട്ടിട്ടില്ല. സമൂഹത്തിൽ വേർതിരവ് ഉണ്ടെങ്കിലും, ക്രിസ്തീയ സമൂഹത്തിലുള്ള എല്ലാ ഘടകങ്ങളും യോജിച്ചിരിക്കണം.

പരിമിതമായ രീതിയിൽ "എല്ലാം" എന്ന് ഈ സന്ദർഭത്തിൽ പറയുന്നത് തന്റെ അനുയായികളടക്കമുള്ള നല്ലതായ എല്ലാം എന്നു മനസിലാക്കണം. അവൻ വസിക്കുന്ന എല്ലാ വിശ്വാസികളെയുമാണ് ഇവിടെ പറയുന്നത് (യോഹ. 17:23) അല്ലാതെ സാത്താൻ വസിക്കുന്ന, ക്രിസ്തുവിനു പുറത്തുള്ളവരെ അല്ല ഇവിടെ പറയുന്നത് (യോഹ. 8:44; 13:27). അവൻ എല്ലാം ആകയാലും, പ്രപഞ്ചത്തിലെ എല്ലാ നല്ലതിലും അവൻ വസിക്കുന്നതിനാലും, അവൻ ക്രിസ്ത്യാനികൾക്ക് എല്ലാമാണ്. നാം വിശ്വസ്തരായ ക്രിസ്ത്യാനികളാണെങ്കിൽ, പിന്നെ നാം അവന്റെ പ്രപഞ്ചത്തിലെ നല്ല അംശമാണ്.

## ദൈവിക യോഗ്യതകൾ ധരിപ്പിൻ
## (3:12-14)

**12അതുകൊണ്ട് ദൈവത്തിന്റെ വ്രതന്മാരും വിശുദ്ധന്മാരും പ്രിയരുമായി, മനസലിവ്, ദയ, താഴ്മ, സൗമ്യത ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് 13അന്യോന്യം പൊറുക്കുകയും, ഒരുവനോട് ഒരുവന്ന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ; കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്വിൻ. 14എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ.**

### "ദൈവത്തിന്റെ വ്രതന്മാരും
### പ്രിയരും വിശുദ്ധരുമായി" (3:12)

**അതുകൊണ്ട്** എന്ന വാക്ക് (*ഔൺ*)-തർജിമ ചെയ്തത് "ആകയാൽ" എന്നുമാണ്-അത് മുൻപ് പറഞ്ഞ പ്രസ്താവനയിലേക്ക് നമ്മെ നയിക്കുകയാണ്: "ക്രിസ്തു എല്ലാവരിലും എല്ലാം ആകുന്നു." ക്രിസ്തുവിനോട് പ്രതികരിച്ച് "എല്ലാം, എല്ലാറ്റിലും" കൊലൊസ്യർ സർവ്വത്തിനും-മതിയായ ക്രിസ്തുവിന്റെ സ്വഭാവത്തോടു അനുരൂപപ്പെടാവുന്ന സകല സൽഗുണങ്ങളും വളർത്തിയെടുക്കേണ്ടിയിരുന്നു. വാക്യം 9 ലും 10 ലും പൗലൊസ് പറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാൻ പറഞ്ഞതുമായി ബന്ധപ്പെടുത്തിയതുമാകാം. അങ്ങനെ ചെയ്ത് അവരുടെ പുതിയ ജീവിതത്തിൽ പുതിയ വ്യക്തിയുടെ സ്വാഭാവം അവർ സ്വീകരിക്കണം.

കൊലൊസ്യയിലെ ക്രിസ്ത്യാനികൾ **തിരഞ്ഞെടുക്കപ്പെട്ടവരാണ്** (*എക്ലെ*

*ക്ടോയി*). നിശ്ചിത യോഗ്യതയുള്ള വ്യക്തികളെ ആണ് തിരഞ്ഞെടുക്കുന്നത്. യൂദാക്ക് പകരം തിരഞ്ഞെടുത്തപ്പോഴും, ഏഴു ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്തപ്പോഴും ആ യോഗ്യതകൾ പറഞ്ഞിരിക്കുന്നത് കാണാം (പ്രവൃ. 1:21–25; 6:5). ദൈവത്താൽ ഒരാൾ തിരഞ്ഞെടുക്കപ്പെടുവാൻ അയാൾ ക്രിസ്തുവിലാകണം (എഫെ. 1:4). അവനോട് ചേരുവാൻ സ്നാനം ഏൽക്കുന്നവരാണ് ക്രിസ്തുവിലാകുന്നത്; അങ്ങനെ അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാകുന്നു. കൊലൊസ്യർ സ്നാനം സ്വീകരിച്ചിരുന്നു (2:12), അപ്രകാരം അവർ തിരഞ്ഞെടുക്കപ്പെട്ടവരിൽ പെടുന്നു. ക്രിസ്തുവിനു പുറത്തുള്ളവരെ ദൈവം തിരഞ്ഞെടുത്തവരിൽ പെടുത്തിയിട്ടില്ല.

"വിളിക്കപ്പെട്ടവരും," "തിരഞ്ഞെടുക്കപ്പെടുന്നവരും" ദൈവത്താൽ മുൻ-നിർണ്ണയിക്കപ്പെട്ടവരാണ് എന്ന് ധരിക്കരുത്. 2 തിമൊഥെയൊസ് 2:10 ലെ പൗലൊസിന്റെ പ്രസ്താവന ശ്രദ്ധിക്കുക: "അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസോടുകൂടെ വ്രതന്മാർക്ക് കിട്ടേണ്ടതിന്നു ഞാൻ അവർക്കായി സകലവും സഹിക്കുന്നു." അവർക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് രക്ഷ കിട്ടി എങ്കിൽ പൗലൊസ് അവർക്കു വേണ്ടി കഷ്ടം സഹിച്ചത് എന്തിന്? ഭൂമിക്ക് അടിസ്ഥാനം ഇടുന്നതിനു മുൻപ് തന്നെ അവരിൽ രക്ഷിക്കപ്പെടുന്നവരുടെ എണ്ണം നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞു എങ്കിൽ, യിസ്രായേൽ രക്ഷിക്കപ്പെടുവാൻ നാം എന്തിനു പ്രാർത്ഥിക്കണം (റോമർ 10:1–3)? രക്ഷിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും ക്രിസ്തുവിലാണുള്ളത്. സ്നാനത്താൽ ക്രിസ്തുവിനോട് ചേരുവാനുള്ള അവസരം ആളുകൾക്കായി തുറന്നു വെച്ചിരിക്കുന്നു, തിരഞ്ഞെടുക്കുന്നവർക്ക് അത് സ്വീകരിക്കാം.

ക്രിസ്തുവിനോടു ചേരുന്നവർ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപരാകുമെന്ന് ദൈവം മുൻനിശ്ചയിച്ചിരുന്നു (റോമർ 8:29). അവരാണ് അവന്റെ തിരഞ്ഞെടുക്കപ്പെട്ടവർ-ആരംഭം മുതൽ അവൻ അവരെ മുന്നറിഞ്ഞിരുന്നു, അവർ സത്യം വിശ്വസിക്കണം (2 തെസ്സ. 2:13), അതാണ് അവരുടെ രക്ഷക്കുള്ള സുവിശേഷം (എഫെ. 1:13). സുവിശേഷം അനുസരിക്കാത്തവർക്ക് നിത്യശിക്ഷാവിധിയായിരിക്കും ഫലം (2 തെസ്സ. 1:7–9). ആളുകൾക്ക് അനുസരണമോ അനുസരണക്കേടോ തിരഞ്ഞെടുക്കാം. ഇഛിക്കുന്നവൻ, "ദാഹിക്കുന്നവൻ വരട്ടെ; ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളി. 22:17). തന്റെ ഇഷ്ടത്തോട് ആളുകൾ പ്രതികരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (2 പത്രൊ. 3:9), യേശു യെരുശലേമിനെ ഓർത്തു വിലപിച്ചു (ലൂക്കൊ. 19:41). യേശു അവരെ തന്റെ അടുക്കലേക്ക് ക്ഷണിച്ചുവെങ്കിലും, അവർക്കു വരുവാൻ മനസില്ലായിരുന്നു. പക്ഷെ യേശു അനുസരിക്കുവാൻ ആരെയും നിർബ്ബന്ധിക്കുകയില്ല (മത്താ. 23:37). യേശു അവരെ തിരഞ്ഞെടുത്തു, പക്ഷെ അവർ അവനെ തള്ളിക്കളഞ്ഞു. എല്ലാവർക്കും സ്വതന്ത്ര ചിന്താഗതിയുണ്ട്.

രണ്ട് വാക്കുകൾ കൂടെ ചേർത്താണ് ഈ തിരഞ്ഞെടുക്കപ്പെട്ടവരെ വിശേഷിപ്പിക്കുന്നത്. ഗ്രീക്ക് വാക്ക് *ഹാഗിയോയി*, ഇവിടെ തർജിമ ചെയ്തിരിക്കുന്നത് **വിശുദ്ധർ** എന്നാണ്, ആ വാക്ക് "വിശുദ്ധന്മാർ" എന്ന് 1:2, 4, 12, 26-ൽ തർജിമ ചെയ്തിരിക്കുന്നു. **പ്രിയർ** (*എഗാപെമെനോൻ*), ഇതിനെ ചുരുക്കി മറ്റൊരു ഭാഗത്ത് പൗലൊസ് പറഞ്ഞിരിക്കുന്നു (1 തെസ്സ. 1:4; 2 തെസ്സ. 2:13) അർത്ഥം, ദൈവം അവരെ സ്നേഹിച്ചു എന്നും തുടർച്ചയായി സ്നേഹിച്ചുകൊണ്ടിരിക്കുന്നു എന്നുമാണ്. ദൈവത്തോടുള്ള അവരുടെ ബന്ധത്തെ വ്യക്തമാക്കുന്നതാണ് ആ രണ്ട് വിശേഷണങ്ങളും.

ആ സഹോദരന്മാർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു, “ആകയാൽ”-“അതുകൊണ്ട്”-അവർ ദൈവത്തിന്ന് “പ്രിയരും വിശുദ്ധരും” ആയി ജീവിക്കേണ്ടിയിരുന്നു. അവർ ദൈവത്തിനു പ്രത്യേകതയുള്ളവരായി തീർന്നു, കാരണം അവർ ഇപ്പോൾ സാധാരണക്കാരല്ല, ദൈവത്താൽ വിളിച്ച് വിശുദ്ധീകരിച്ചവരാണ്, ലൗകിക ദുർഗുണങ്ങളെ എല്ലാം വിട്ടുകളഞ്ഞ്, ഏറ്റവും ഉയർന്ന ആത്മിയ മൂല്യങ്ങളെ സ്വീകരിച്ചവരായി തീർന്നു. ആ യോഗ്യതകൾ അവരെ അവരുടെ സമൂഹത്തിൽ ഉത്തമന്മാരായി കാണപ്പെടുമാറാക്കി.

**“മനസലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘ**
**ക്ഷമ എന്നിവ ധരിച്ചുകൊൾവിൻ” (3:12)**

കൊലൊസ്യയിലുള്ളവർ “പുതിയ മനുഷ്യനെ ധരിച്ചുകഴിഞ്ഞു” (3:10), അത് അവരുടെ വ്യക്തിത്വത്തിനു ധ്രുതഗതിയിലുള്ള മാറ്റം വരുത്തിയില്ല. എന്നാൽ അവർ പുതിയ സൃഷ്ടികളായി ചില പുതിയ ഗുണങ്ങൾ ചേർക്കേണ്ടതായിട്ടുണ്ടായിരുന്നു. അവർ പാപത്തിന്റെ അഴുക്കിൽനിന്നും ചളിയിൽനിന്നും ക്രിസ്തുവിന്റെ രാജ്യത്തിലെ ബഹുമാന്യമായ സ്ഥാനത്തേക്കാണ് മാറിയത്. അഴുക്കു പുരണ്ട ആദ്യ വസ്ത്രത്തിൽ തുടരുവാൻ പാടില്ലായിരുന്നു. പുതിയ ജീവിതത്തിന്റെ കറ പുരളാത്ത വസ്ത്രം അവർ ധരിക്കണമായിരുന്നു.

**ധരിക്കുക** (*എൻഡുസസ്തെ*) വേദഭാഗത്ത് താഴെ പറയുന്ന ഗുണങ്ങൾ കൊലൊസ്യർ ധരിക്കുവാൻ ഊന്നൽ കൊടുത്തിരിക്കുന്ന കൽപനയാണ്. ദൈവത്തിന്റെ വിശുദ്ധരും പ്രിയരുമായി തീരുവാൻ ആ മാറ്റം അവരിൽ സ്ഥിരമായി നിലനിർത്തണമായിരുന്നു. അവർ ആരായി തീർന്നു എന്നത് അവരിൽ നിന്ന് ആത്മിയ വ്യത്യാസം ആവശ്യപ്പെടുന്നു.

“പൗലൊസ് ഇവിടെ പറഞ്ഞ സൽഗുണങ്ങൾ മുൻപ് നിഷേധിച്ച് പറഞ്ഞ ദുർഗുണങ്ങളുടേയും സാമൂഹ്യപാപങ്ങളുടേയും-സാമൂഹ്യ ഗുണങ്ങളുടേയും-നേരെ എതിരാണ്.”[28] വാക്യം 8 ലും 9 ലും പറഞ്ഞ ദുർഗുണങ്ങൾ ഇല്ലാതിരിക്കുകയും, വാക്യം 12 മുതൽ 14 വരെയുള്ള ഭാഗങ്ങളിലുള്ള ഗുണങ്ങൾ ഉണ്ടാവുകയും വേണം എന്നു മാത്രമല്ല, ക്രിസ്തീയ സ്വഭാവത്തിനും ഐക്യതക്കും അവ അത്യാവശ്യമാണ്. കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം, ഭോഷ്ക്ക് എന്നിവ ഒരു സമൂഹത്തിലെ ആളുകളെ തമ്മിൽ ഭിന്നിപ്പിക്കും; ഐക്യതക്ക് അവയെ ഉപേക്ഷിക്കണം. മനസലിവ്, ദയ, താഴ്മ, സൗമ്യത ദീർഘക്ഷമ, പൊറുക്കുകയും, ക്ഷമിക്കുകയും ചെയ്വിൻ എന്നു പറഞ്ഞിരിക്കുന്നത് ഐക്യത സൂക്ഷിക്കുവാനുള്ള അടിസ്ഥാന സ്വഭാവങ്ങളാണ്. ഈ സൽഗുണങ്ങളെ അവഗണിക്കുകയും ദുർഗുണങ്ങളെ പരിശീലിക്കുകയും ചെയ്താൽ, തെറ്റിദ്ധാരണയും ഭിന്നതയുമായിരിക്കും ഫലം.

കൊലൊസ്യരുടെ ജീവിതത്തിൽ ഉണ്ടാകേണ്ടിയിരുന്ന സൽഗുണങ്ങളെ മൂന്നു കൂട്ടമായി തരം തിരിക്കാം: (1) മറ്റുള്ളവരോടുള്ള മനോഭാവങ്ങൾ-മനസലിവും, സൗമ്യതയും, സ്നേഹവും; (2) തന്നോടുതന്നെയുള്ള മനോഭാവങ്ങൾ-താഴ്മ; (3) മോശമായ പെരുമാറ്റത്തോടുള്ള പ്രതികരണം-ദീർഘക്ഷമയും, പൊറുക്കുകയും, ക്ഷമിക്കുകയും ചെയ്യൽ. ആദ്യത്തെ അഞ്ചെണ്ണം മനോഭാവമാണെങ്കിൽ, അവസാനത്തെ മൂന്നെണ്ണം മറ്റുള്ളവരോടുള്ള പ്രതികരണമാണ്. കൊലൊസ്യർ ചില യോഗ്യതകൾ ധരിക്കുകയും (3:12-14), ചിലതു ചെയ്യുകയും വേണമായിരുന്നു (3:15-17). അതുപോലെ

ദുർഗുണങ്ങൾക്ക് ബാധിക്കുവാൻ കഴിയുന്നതുപോലെ സൽഗുണങ്ങൾക്കും സ്വാധീനിക്കുവാൻ കഴിയും.

സാധാരണ "ഹൃദയം" എന്ന വാക്കിനു ഉപയോഗിക്കുന്ന *കാർഡിയ* എന്ന വാക്ക് അല്ല ഇവിടെ **ഹൃദയം** എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന വാക്ക് *സ്പ്ലാഗ്ക്നോൻ* ആണ്, അക്ഷരികമായ അർത്ഥം "ഉദരകോശങ്ങൾ" (കെജെവി നോക്കുക). അത് എല്ലായ്പോഴും ബഹുവചനരൂപത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, ഒരു വ്യക്തിയുടെ ആന്തരികാവയവങ്ങളെയാണ് സൂചിപ്പിക്കുന്നത്. യൂദയുടെ "കുടലിനെ" സൂചിപ്പിച്ചും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 1:18). ആ വാക്ക് "ഹൃദയം" എന്നതിനു ഫിലെമോന്റെ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നു (ഫിലെ. 7, 12, 20 ന്റെ ചർച്ച നോക്കുക) 1 യോഹന്നാൻ 3:17 ലേതും നോക്കുക; എന്നാൽ മറ്റു സന്ദർഭങ്ങളിൽ, അത് തർജിമ ചെയ്തിരിക്കുന്നത് "മൃദുവായ" (പരിഷ്ക്കരിച്ച് "കരുണ" എന്നും; ലൂക്കൊ. 1:78) "മമത" (2 കൊ. 6:12; 7:15; ഫിലെ. 1:8; 2:1) എന്നുമാണ്. പൗലൊസ് അത് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് മനസലിവ് എന്ന വാക്കിനു വേണ്ടിയാണ്. എബ്രായ ഗ്രീക്ക് ചിന്തയിൽ ശരീര ഭാഗങ്ങൾക്കെല്ലാം വിവിധ വികാരങ്ങളാണുള്ളത്-ആന്തരികാവയവങ്ങൾ, കരൾ, ശ്വാസകോശം, ഹൃദയം. സ്നേഹത്തിന്റേയും കോപത്തിന്റേയും സ്ഥാനമായിട്ടാണ് ആന്തരികാവയവങ്ങളെ ഗ്രീക്കുകാർ കണക്കാക്കുന്നത്. സ്നേഹബന്ധത്തിന്റേയും, സഹതാപത്തിന്റേയും, കരുണയുടേയും, സ്നേഹത്തിന്റേയും ഉറവിടമായിട്ടാണ് ആന്തരികാവയവങ്ങളെ എബ്രായർ കണക്കാക്കുന്നത്.

ആ വാക്കിന്റെ (*സ്പ്ലാഗ്ക്നിസോമായി*) അർത്ഥം "മനസലിവ് തോന്നുക." ആവശ്യമുള്ളവർക്ക് യേശുവിന്റെ മനസ് പ്രകടിപ്പിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (മത്താ. 9:36; 14:14; മർ. 1:41; 8:2; ലൂക്കൊ. 7:13). മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സ്പർശിക്കുന്ന വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനും യേശു ആ വാക്ക് പറഞ്ഞിരിക്കുന്നു (മത്താ. 18:27; ലൂക്കൊ. 10:33; 15:20).

**മനസലിവ്** (*ഒയിക്ടർമോസ്*) കരുണ, ദയ, കരുതൽ, മറ്റുള്ളവരുടെ പ്രശ്നങ്ങളെ അറിയൽ എന്നിവ പ്രകടിപ്പിക്കുന്ന പ്രവൃത്തിയെയാണ് കാണിക്കുന്നത്. മറ്റുള്ളവരോട് സഹതാപം തോന്നലും ആ വാക്കിൽ അടങ്ങിയിരിക്കുന്നു, പ്രത്യേകിച്ച് കഷ്ടതയനുഭവിക്കുന്നവരോടും സഹായം ആവശ്യമായവരോടും. അത് മൃദുവായതും, സൗഹൃദമുണർത്തുന്നതും, ഉപദ്രവിക്കപ്പെട്ടവരെ സ്പർശിക്കുന്നതുമാണ്.

*സ്പ്ലാഗ്ക്നോൻ* എന്ന വാക്കും *ഒയിക്ടർമോസ്* എന്ന വാക്കും ചേർത്താൽ അക്ഷരികമായ അർത്ഥം "മനസലിവിന്റെ ആന്തരികാവയവങ്ങൾ എന്നാണ്."

**ദയ** (*ക്രെസ്ടോടെസ്*) -അർത്ഥം സഹായം, ഉദാരത, മൃദുല സമീപനം, നീതി, അല്ലെങ്കിൽ നന്മ-ദൈവ സ്വഭാവത്തെ വിവരിക്കുന്നതാണ് (ലൂക്കൊ. 6:35; റോമ. 2:4; 11:22; 2 കൊ. 6:6; എഫെ. 2:7; തിത്തൊ. 3:4) ക്രിസ്ത്യാനികൾ വളർത്തിയെടുക്കേണ്ട സ്വാഭാവവുമാണ് (ഗലാ. 5:22). തന്റെ ശിഷ്യന്മാർക്ക് പിൻപറ്റുവാൻ മാതൃകയായി യേശു കൊടുത്തത് ദൈവത്തെയാണ് (ലൂക്കൊ. 6:35). സങ്കീർത്തനങ്ങൾ 14:1 ഉദ്ധരിച്ച്, പൗലൊസ് എഴുതി, "നന്മ [*ക്രെസ്റ്റോടെടോ*] ചെയ്യുന്നവൻ ഒരുത്തൻ പോലുമില്ല" (റോമർ 3:12). ഈ ഗുണം ക്രിസ്ത്യാനികൾക്ക് ഒരുപക്ഷെ പൂർണ്ണമായും കൈവശമാക്കുവാൻ കഴിയുകയില്ലായിരിക്കാം; എങ്ങനെയായാലും, ദൈവസഹായത്താൽ, ഒരു പരിധി വരെ നമുക്ക്

അത് വളർത്തിയെടുക്കുവാൻ കഴിയും.

അടുത്ത ഗുണം **താഴ്മ** ആണ് (*ടാപെയിനോഫ്രോസുനേ*). തെറ്റായ താഴ്മയിൽനിന്നും നിഗളത്തിൽനിന്നും, അഹങ്കാരത്തിൽനിന്നും, പ്രശംസയിൽനിന്നും ("സ്വയം-മാനക്കേട് വരുത്തുക"; 2:18, 23) വ്യത്യസ്തമായ സ്വയം താഴുന്ന മനോഭാവമായിട്ടാണ് അത് ഉപയോഗിച്ചിരിക്കുന്നത്. കൊലൊസ്യരിൽ അത് കാണുന്നതിനു പുറമെ, പുതിയനിയമത്തിൽ അത് വേറെ നാല് പ്രാവശ്യം കൂടെ കാണുന്നു (പ്രവൃ. 20:19; എഫെ. 4:2; ഫിലി. 2:3; 1 പത്രൊ. 5:5). ഗ്രീക്ക് പുതിയനിയമത്തിൽ ആ വാക്കിന്റെ മറ്റു രൂപഭേദങ്ങൾ കാണാം. മത്തായി 11:29 ൽ യേശു താൻ "താഴ്മയുള്ളവനാ" ണെന്ന് പറഞ്ഞിരിക്കുന്നു. യേശു തന്നെത്താൻ ഒഴിച്ചു ക്രൂശിലെ മരണത്തോളം "തന്നെത്താൻ താഴ്ത്തി" യതുകൊണ്ട്, ദൈവം അവനെ സകല നാമത്തിലും മേലായ നാമം നൽകി ഉയർത്തി എന്നു പൗലൊസ് എഴുതിയിരിക്കുന്നു (ഫിലി. 2:8, 9). ദൈവം നിഗളികളോട് എതിർത്തുനിൽക്കുകയും, "താഴ്മ" ഉള്ളവർക്ക് കൃപ നൽകുകയും ചെയ്യും (1 പത്രൊ. 5:5, 6).

താഴ്മയുള്ളവരെ ഗ്രീക്കുകാരും റോമാക്കാരും, ലോകത്തിലുള്ള ജാതികളും പലപ്പോഴും നിന്ദിച്ചിരുന്നു; അവരെ ഭീരുക്കളും ബലഹീനരുമായിട്ടാണ് കണ്ടിരുന്നത്. എങ്ങനെയായാലും, ബൈബിൾ താഴ്മയെ ഉയർന്ന ഗുണമായിട്ടാണ്, മറ്റുള്ളവരുമായുള്ള ബന്ധത്തിൽ ദൈവസന്നിധിയിൽ തുല്യരായിട്ടാണ് എല്ലാവരെയും അംഗീകരിക്കുന്നത്. താഴ്മയുള്ളവർ, തങ്ങളേക്കാൾ ഉയർന്ന കഴിവുകളുള്ളവരെ അവർക്ക് ദൈവം കൊടുത്ത കഴിവായിട്ടാണ് കാണുന്നത്, അല്ലാതെ അത് അവരുടെ കഴിവായിട്ടല്ല (1 കൊ. 4:7).

തന്റെ സ്നേഹിതന്മാരെ അയച്ച് ശതാധിപൻ യേശുവിനോട് പറഞ്ഞയച്ചത് "നീ എന്റെ പുരക്കകത്ത് പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല" (ലൂക്കൊ. 7:6). ചുങ്കക്കാരൻ തന്റെ പ്രാർത്ഥനയിൽ പറഞ്ഞത്, "ദൈവമേ പാപിയായ എന്നോട് കരുണയുണ്ടാകേണമേ" എന്നത്രെ (ലൂക്കൊ. 18:13). "വളരെ താഴ്മയോടെ കർത്താവിനെ സേവിച്ചു" എന്നാണ് അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞത് (പ്രവൃ. 20:19). അവൻ ഫിലിപ്പിയരെ പ്രബോധിപ്പിച്ചു, "... താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠർ എന്നു എണ്ണിക്കൊൾവിൻ" (ഫിലി. 2:3).

**സൗമ്യത** (*പ്രാവുടെറ്റ*) നിർവ്വചിച്ചിരിക്കുന്നത് "തുല്യതക്ക് പ്രതിപത്തി ചെലുത്താതിരിക്കുക, സ്വന്തം പ്രാധാന്യത്തെ കണക്കാക്കാതിരിക്കുക, സൗമ്യത, താഴ്മ, മര്യാദ, പരിഗണന കൊടുക്കാതിരിക്കുക എന്നർത്ഥം."[29] ക്രിസ്ത്യാനികൾ ആഗ്രഹിച്ച് വളർത്തിയെടുക്കുവാൻ പൗലൊസ് ആഗ്രഹിച്ചതായ സ്വഭാവവിശേഷതകളായിരുന്നു അവ.[30] സൗമ്യതയുള്ളവർ ദയയുള്ളവരും, മനസിനിണങ്ങിയവരും, മൃദുല ഹൃദയരും ആയിരിക്കും, അവരുടെ പെരുമാറ്റത്തിൽ ആ മനോഭാവം ദൃശ്യമാകും.ആ മനോഭാവങ്ങളെല്ലാം ചിന്തിച്ച് വളർത്തിയെടുക്കേണ്ടതാണ്. ബലമില്ലാത്ത ഒരാൾക്ക് നൂറു കിലോ ഭാരമുള്ള ഒരു വസ്തു മേശമേൽനിന്ന് ഉയർത്തി താഴെ വെക്കുവാൻ സാധ്യമല്ല; ശക്തിയുള്ള ഒരാൾക്ക് മാത്രമെ അതിനു കഴിയു. ആളുകൾ ക്രൂരമായി പെരുമാറുമ്പോൾ അവരോട് സൗമ്യമായി പ്രതികരിക്കുവാൻ ആന്തരിക ശക്തി അനിവാര്യമണ്.

ഈ ലിസ്റ്റിലെ അവസാന ഗുണമാണ് **ക്ഷമ**. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*മക്രോതുമിയ*) നിർവ്വചിച്ചിരിക്കുന്നത് "പ്രകോപനപരമായ സമീപ

നത്തെ സഹിക്കൽ, മറ്റുള്ളവരെ സഹിക്കുക, മറ്റുള്ളവരോട് ക്ഷമിക്കുക."[31] ക്ഷമയുള്ളവർ തെറ്റു ചെയ്യുമ്പോൾ വേദനയാണെങ്കിലും, ഏതു പ്രത്യേക സാഹചര്യത്തിലായാലും സഹിക്കും. ദൈവവും യേശുക്രിസ്തുവും മനുഷ്യരോട് ഇടപെട്ടതിനെയാണ് ആ വാക്ക് അർത്ഥമാക്കുന്നത് (റോമർ 2:4; 9:22; 1 തിമൊ. 1:16; 1 പത്രൊ. 3:20; 2 പത്രൊ. 3:15), ക്രിസ്ത്യാനികൾക്ക് വേണ്ടതായ യോഗ്യതകളാണ് അവയെല്ലാം (2 കൊ. 6:6; ഗലാ. 5:22; എഫെ. 4:2; 2 തിമൊ. 4:2). ക്ഷമയുടെ ഉദാഹരണത്തിന് യാക്കൊബ്, കൃഷിക്കാരെയും, പ്രവാചകന്മാരേയും അവരുടെ ജോലിയേയും എടുത്തു കാണിച്ചിരിക്കുന്നു (യാക്കൊ. 5:7, 10, 11). എങ്ങനെയായാലും, യേശു ആണ് ഏറ്റവും വലിയ ഉദാഹരണം: "തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രെ ചെയ്തത്" (1 പത്രൊ. 2:23). "തനിക്കെതിരായ പാപികളുടെ ശത്രുത അവൻ സഹിച്ചു" (എബ്രാ. 12:3).

ക്രിസ്ത്യാനികളുടെ സ്വഭാവരൂപീകരണത്തിന് സഹായകരമാണ് കഷ്ടതയും പരീക്ഷണങ്ങളും (റോമർ 5:3,4; യാക്കൊ. 1:2–4). ജീവിതത്തിൽ അത്തരം വേദനകളും പരിശോധനകളും ക്ഷമയോടെ സഹിക്കുന്നവർക്കാണ് അതിന്റെ ഫലം ലഭിക്കുക (1 കൊ. 4:12; 1 പത്രൊ. 2:20). "ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രെ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും" (എബ്രാ. 12:11).

### "അന്യോന്യം പൊറുക്കയും ഒരുവനോട് ഒരുവന്ന് വഴക്കുണ്ടായാൽ, തമ്മിൽ ക്ഷമിക്കയും ചെയ്വിൻ" (3:13)

കൊലൊസ്യർ ദീർഘക്ഷമയും, ക്ഷമയും തുടർച്ചയായി പാലിക്കേണ്ടിയിരുന്നു. **സഹിക്കുക** (*അനെകോമായി*) അർത്ഥം സഹന ശക്തിയുള്ള-പ്രയാസം നേരിടുവാനുള്ള മനസ്, അലോസരപ്പെടുത്തുന്ന സാഹചര്യത്തെ അതിജീവിക്കൽ, മറ്റുള്ളവരുടെ പ്രകോപനത്തെയും സഹിക്കുക എന്നർത്ഥം. എഫെസ്യർ 4:2 ൽ, പൗലൊസ് അന്യോന്യം പൊറുക്കുന്ന സ്വഭാവത്തോടുകൂടെ സ്നേഹവും കൂട്ടിച്ചേർക്കണം എന്നു പറഞ്ഞു. തന്റെ ക്ഷമയെ പരീക്ഷിച്ചവരോടെല്ലാം യേശു ദീർഘക്ഷമയോടെയാണ് നേരിട്ടത് (മത്താ. 17:17; മർ. 9:19; ലൂക്കൊ. 9:41). അവന്റെ അനുയായികൾ ഉപദ്രവങ്ങളും പരീക്ഷണങ്ങളും സഹിക്കണം (1 കൊ. 4:12; 2 തെസ്സ. 1:4; 2 തിമൊ. 3:12). കൂടാതെ, വിശ്വാസം നിമിത്തം നാം ഏൽക്കേണ്ടി വരുന്ന നിന്ദയും പരിഹാസവും സഹിക്കണം.[32] ക്രിയാത്മകമായി പറഞ്ഞാൽ, ദയയില്ലാത്ത പെരുമാറ്റത്തെ നാം ദയവോടെ, ശപിക്കാതെ അനുഗ്രഹിക്കണം എന്നർത്ഥം (ലൂക്കൊ. 6:28; റോമർ 12:14; 1 പത്രൊ. 2:21–23). നിഷേധരൂപത്തിൽ പറഞ്ഞാൽ, ദയവില്ലാതെ നമ്മോട് പെരുമാറുമ്പോൾ, നാം ദേഷ്യപ്പെടാതെ, തെറ്റു ചെയ്യുന്നവരോട് പരിഭ്രാന്തരായി ഇടപെടാതിരിക്കുകയാണ് വേണ്ടത്. തങ്ങളോട് മോശമായി പെരുമാറുന്നവരോട് കൊലൊസ്യർ പരുഷമായി പ്രതികരിക്കാതിരിപ്പാൻ ദീർഘക്ഷമ ശീലിക്കണമായിരുന്നു.

സഹക്രിസ്ത്യാനികളോടും ദീർഘക്ഷമയുള്ളവരായിരിക്കണം. ആളുകൾ പലപ്പോഴും മറ്റുള്ളവർക്ക് നീരസം ഉണ്ടാക്കുന്ന വിധത്തിലോ അല്ലെങ്കിൽ ഇടർച്ച വരുത്തുന്ന വിധത്തിലോ കാര്യങ്ങൾ ചെയ്യും. ക്രിസ്ത്യാനികൾ

സഹോദരങ്ങളോട് സഹിഷ്ണുതാ മനോഭാവം വളർത്തിയെടുക്കണം. വിശ്വാസസമൂഹത്തെ ബന്ധിപ്പിക്കുവാനായി പൗലൊസ് **അന്യോന്യം** എന്നും **പരസ്പരം** എന്നും ഉള്ള വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ക്രിസ്തുവിൽ സഹോദരീസഹോദരന്മാരായ നാം അവരെ നമ്മുടെ കുടുംബബന്ധത്തിൽ നീരസം ജനിപ്പിക്കുന്നതുപോലെ പെരുമാററരുത്. സഭയിലെ അംഗങ്ങൾ നമ്മുടെ ആത്മിയ കുടുംബത്തിലെ അംഗങ്ങളാണെന്ന ഓർമ്മ നമ്മിൽ സൂക്ഷിക്കണം.

**ക്ഷമിക്കൽ** എന്ന വാക്ക് (*കരിസോമായി;* കാരിസിന്റെ സമാന ഗുണമുള്ള വാക്കാണ്) അർത്ഥം "നൽകൽ," "അനുവദിക്കൽ" അല്ലെങ്കിൽ "ചുമത്തൽ" (ലൂക്കൊ. 7:21; റോമർ 8:32; 1 കൊ. 2:12; ഗലാ. 3:18; ഫിലി. 1:19; 2:9; ഫിലെ. 22) അല്ലെങ്കിൽ "കരുതലിനോ, ശ്രദ്ധിക്കുവാനോ ആരെയെങ്കിലും ഏൽപിക്കൽ" (പ്രവൃ. 3:14; 25:11, 16). കടം ഇളച്ചുകൊടുക്കുന്നതിനോ അല്ലെങ്കിൽ ഇവിടെ പറയുന്നതുപോലെ ഇടർച്ച ഇല്ലാതാക്കുന്നതിനോ പറയുന്നു (ലൂക്കൊ. 7:42, 43; 2 കൊ. 2:7, 10; എഫെ. 4:32). അടിക്കടി "പാപമോചനം" എന്നതിന് ഉപയോഗിച്ച വാക്കല്ല ഇവിടെ പറഞ്ഞത്, അത് *അഫേസിസ്* എന്നാണ്; എന്നാൽ പാപമോചനത്തിന്റെ മുഴുവൻ അർത്ഥവും ഉൾപ്പെടുത്തി ലൂക്കൊസ് 7:42-ൽ തർജിമ ചെയ്തിരിക്കുന്നത് "ഇളെച്ചുകൊടുത്തു" എന്നാണ്. കൊലൊസ്യർ അന്യോന്യം ക്ഷമിച്ചുകൊണ്ടിരിക്കണം എന്ന അർത്ഥം വരുന്ന വാക്കാണ് പൗലൊസ് ഉപയോഗിച്ചത്.

പാപമോചനത്തെ കുറിച്ചുള്ള പഠനത്തിൽ യേശു മിക്കവാറും ഉപയോഗിച്ച വാക്കുകൾ *അഫേസിസ്* ("പാപമോചനം") എന്നും *അഫിയെമി* ("ക്ഷമിക്കുക") എന്നും ആണ്. നാം മറ്റുള്ളവരോട് ക്ഷമിക്കുന്നതിന് അവസാനമില്ല, "ഏഴ് എഴുപതു വട്ടം" എന്നാണ് യേശു പഠിപ്പിച്ചത് (മത്താ. 18:22). ഈ ആശയം ചിത്രീകരിക്കുവാനായി യേശു ഒരു ഉപമ പഠിപ്പിച്ചു. വലിയ സംഖ്യ കടപ്പെട്ട ഒരു ദാസന് യജമാനൻ ഇളെച്ചുകൊടുത്തു. എന്നാൽ ആ ദാസന് തന്റെ കൂട്ടു ദാസൻ ചെറിയ ഒരു സംഖ്യ കടപ്പെട്ടിരുന്നത് നിർബ്ബന്ധിച്ച് വാങ്ങുവാൻ ശ്രമിച്ചു. യജമാനൻ ഇളെച്ചുകൊടുക്കാത്ത ദാസനെ ശിക്ഷിച്ചു (മത്താ. 18:23-34). യേശു ഇങ്ങനെ അവസാനിപ്പിച്ചു, "നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ, സ്വർഗസ്ഥനായ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും" (മത്താ. 18:35). ക്ഷമിക്കാത്തവരോട് ദൈവവും ക്ഷമിക്കുകയില്ല (മത്താ. 6:14).

നമുക്ക് ലഭിക്കുന്ന മുറിവുകളെ നാം ക്ഷമിക്കണം, ഉദാഹരണമായി, അടി ആകാം, പരിഹാസമോ, ത്യജിക്കലോ, മുറിവുകളോ എന്തായാലും ക്ഷമിക്കണം. ക്ഷമിക്കാതെ പകരം വീട്ടണമെന്നായിരിക്കും ഇത്തരം സന്ദർഭങ്ങളിലെ സാധാരണ പ്രതികരണം. നമ്മെ ഉപദ്രവിക്കുന്നവർക്ക് പകരം ഉപദ്രവിക്കാതെ, അവർക്ക് നാം നന്മ ചെയ്യണം (ലൂക്കൊ. 6:35; റോമർ. 12:20, 21).

**പരാതി** (*മോംഫേ*) പുതിയനിയമത്തിൽ ഒരു നാമമായി ഇവിടെ മാത്രമാണ് കാണുന്നത്. ആ വാക്കിന്റെ ക്രിയാരൂപം, *മെംഫോമായി,* അർത്ഥം, "കുറ്റപ്പെടുത്തൽ," "കുറ്റം കണ്ടെത്തൽ" (മർ. 7:2; റോമർ 9:19; എബ്രാ. 8:8). പരാതി നീതീകരിച്ചല്ല പൗലൊസ് പറഞ്ഞത്. ആരുടെയെങ്കിലും ഇടർച്ച നാം സ്വീകരിച്ചാലും ഇല്ലെങ്കിലും, പാപം നാം ക്ഷമിച്ചുകൊടുക്കണം. ഇടർച്ച നാം ക്ഷമിച്ചുകഴിഞ്ഞാൽ അത് മറക്കണം. അങ്ങനെയാണ് കർത്താവ് നമ്മോട് ക്ഷമിച്ചത്. ഈ വാക്യത്തിൽ കർത്താവ് എന്നു പറഞ്ഞത് യേശുവിനെയാണ്.

**ക്ഷമിച്ചു** (*കാരിസോമായി*) വാക്യത്തിൽ മുൻപ് "പാപമോചനം" എന്ന

തിന് ഉപയോഗിച്ച അതേ വാക്കാണ്; എന്നാൽ ഇത് അയോറിസ്റ്റ് ക്രിയയാണ്, അർത്ഥം അവരുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം പൂർണ്ണമായും കർത്താവ് മോചിച്ചു കൊടുത്തിരുന്നു. ക്രിസ്ത്യാനികളുടെ സ്വഭാവത്തിലെ സുപ്രധാന മായ ഒന്നാണ് പാപക്ഷമാപണം.[33] അടിക്കടി നാം ദൈവേഷ്ടത്തെ ലംഘി ച്ചതെല്ലാം ദൈവം നമ്മോട് ക്ഷമിച്ചുവെങ്കിൽ, നാമും അന്യോന്യം ക്ഷമിക്ക ണം. പാപം ചെയ്യാത്ത മനുഷ്യനു മാത്രമെ ക്ഷമിക്കപ്പെടാതിരിക്കുവാനുള്ള അവകാശമുള്ളു. പാപക്ഷമാപണത്തിനുള്ള മാതൃകയും പ്രേരണയും യേശു നമുക്ക് നൽകിയിരിക്കുകയാണ് (എഫെ. 4:32).

അതുപോലെ ഇതും എന്ന ഘടന (*കാതോസ്കോയി*[34] യും *ഹൗതോ സ്കായി* യും[35]) പൗലൊസിന്റെ എഴുത്തുകളിൽ പൊതുവായി കാണാം. കൊലൊസ്യർ പകർത്തുവാനുള്ളത് യേശുവിനെ മാത്രമാണെന്ന ഊന്നലാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. അവരോട് പൂർണ്ണമായും “ക്ഷമിച്ച” യേശു വിനെ ആയിരുന്നു അവർ അനുകരിക്കേണ്ടിയിരുന്നത്. അക്ഷരികമായി ഗ്രീക്ക് പറയുന്നു, “കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ, നിങ്ങളും ചെയ്വിൻ.” വാചകം പൂർത്തിയാക്കുന്നത് ഇങ്ങനെ മനസിലാക്കണം: “... നിങ്ങളും *ക്ഷമി ക്കുവിൻ*” എന്നാണ്. ദൈവത്തിന്റെ പാപമോചനം അനുഭവിച്ചവർ മറ്റുള്ളവ രോട് ക്ഷമിക്കുവാൻ മനസുള്ളവരായിരിക്കും.

## “എല്ലാറ്റിലും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ” (3:14)

ക്രിസ്ത്യാനികൾ വളർത്തിയെടുക്കേണ്ട ഏറ്റവും ഉയർന്ന സ്വഭാവമാണ് “സ്നേഹം” (*അഗാപെ*); ക്രിസ്തീയസൽഗുണങ്ങളുടെ ഏറ്റവും ഉയർന്ന സ്ഥാനത്തു നിൽക്കുന്നതാണ് സ്നേഹം. മറ്റെല്ലാറ്റിനേയും അത് പിന്തള്ളുന്നു (1 കൊ. 13:13; 1 പത്രൊ. 4:8). യവന കാഴ്ച്ചപ്പാടിൽ, അത് സ്പഷ്ടമാണ് കാ രണം പൗലൊസിന്റെ ലിസ്റ്റിൽ ആദ്യം പറയുന്നത് “സ്നേഹമാണ്” (ഗലാ. 5:22). 2 പത്രൊസ് 1:5-7 ൽ പറഞ്ഞിരിക്കുന്നത് അവസാനമായിട്ടാണ്, പ്രാധാന്യ മുള്ളത് അവസാനം പറയുന്നതായിരിക്കാം എബ്രായരുടെ രീതി. സ്നേഹത്തി ന്മേലാണ് മറ്റെല്ലാം പണിതുയർത്തേണ്ടതും (1 കൊ. 8:1), മറ്റു ഗുണങ്ങളെല്ലാം വളർത്തിയെടുക്കേണ്ടതും (റോമർ 13:8-10; ഗലാ. 5:14).

മറ്റൊരാൾ സ്നേഹിക്കപ്പെടുവാൻ അർഹനാണോ അല്ലെങ്കിൽ അയാളെ സ്നേഹിക്കുവാൻ എളുപ്പമാണോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കരുത് സ്നേഹിക്കേണ്ടത്. സ്നേഹിക്കപ്പെടുവാൻ അർഹതയുള്ളവരെയും അർഹത യില്ലാത്തവരെയും ക്രിസ്ത്യാനികൾ സ്നേഹിക്കണം. അങ്ങനെയാണ് ദൈവം സ്നേഹിക്കുന്നത് (1 യോഹ. 4:9, 10). ഈ ലോകം അവന്റെ സ്നേഹത്തിന് അർഹതയില്ലാതിരുന്നിട്ടും ദൈവം ലോകത്തെ സ്നേഹിക്കുകയും, അവന്റെ പുത്രനെ ദൈവം അവരുടെ രക്ഷക്കായി അയക്കുകയും ചെയ്തു (യോഹ. 3:16). ആളുകൾ സ്നേഹിക്കുന്നവരായതുകൊണ്ടല്ല, മറിച്ച് ദൈവം സ്നേഹ വാനായതുകൊണ്ടാണ് അവൻ സ്നേഹിച്ചത്.

വാക്യം 14 പറയുന്നു, **എല്ലാറ്റിലും മീതെ സ്നേഹം ധരിപ്പിൻ**. എൻ ഏഎസ്ബിയിൽ സൂചിപ്പിക്കുന്നത് “ധരിച്ചുകൊൾവിൻ” എന്നാണെങ്കിലും പൗലൊസ് ആ പ്രയോഗത്തിൽ ക്രിയ നൽകിയിട്ടില്ല. അക്ഷരികമായ തർജിമ വായിക്കുന്നു, “അവയിൽ എല്ലാറ്റിലും മീതെ സ്നേഹം.” “ധരിപ്പിൻ” എന്നത് അന്തർലീനമാണ്. ഗ്രീക്കിലെ *എപി,* ഇവിടെ, “മീതെ” എന്നാണ് പറഞ്ഞിരി

ക്കുന്നത്, അർത്ഥം, 3:2, 6-ൽ "ൽ, മേൽ" അല്ലെങ്കിൽ "മുകളിൽ" എന്നാണ് (എൻഐവി). "അതിനു പുറമെ" എന്നും പറയുവാനുള്ള സാധ്യതയുണ്ട്. ഇഷ്ടപ്പെടുന്ന ആശയം സ്നേഹത്തിന്റെ അളവിനെ പറയുന്നതാണ്: "അവ എല്ലാറ്റിനെക്കാളുമധികം" "മറ്റെല്ലാറ്റിനേക്കാളും മുകളിൽ" അല്ലെങ്കിൽ ഇവിടെ തർജിമ ചെയ്തതുപോലെ, "എല്ലാറ്റിന്നും മീതെ." "ഇവക്കെല്ലാം പുറമെ," എന്നോ [അല്ലെങ്കിൽ "എല്ലാറ്റിന്നും മീതെ] സ്നേഹം കൂട്ടിച്ചേർക്കുവിൻ" എന്നോ പറഞ്ഞാലും അർത്ഥം മനസിലാക്കുകയാണെങ്കിൽ വലിയ വ്യത്യാസം വരുന്നില്ല.

പൗലൊസ് പിന്നെ **ഐക്യതയെ** കുറിച്ചാണ് സംസാരിച്ചത്, അത് അവൻ സ്നേഹത്തോടുകൂടെ ബന്ധിപ്പിച്ചിരിക്കുകയാണ്. **സമ്പൂർണ്ണത** എന്നതിനുള്ള ഗ്രീക്ക് വാക്ക് *ടെലെയിയോറ്റെസ്*, പുതിയനിയമത്തിൽ മറ്റൊരു ഭാഗത്ത് കാണുന്നത് എബ്രായർ 6:1 ലാണ്, അവിടെ അത് തർജിമ ചെയ്തിരിക്കുന്നത് "പക്വത" എന്നാണ്. *ടെലെയിയോസ്* എന്ന നാമവിശേഷണത്തിൽ തെറ്റില്ലാത്ത പൂർണ്ണതയേക്കാൾ നിറവിനെ ആണ് സൂചിപ്പിക്കുന്നത് (1:28 നോക്കുക). **ബന്ധം** (*സുണ്ടെസ്മോസ്*) പറയുന്നത് ഒന്നിച്ച് യോജിപ്പിക്കുന്നതിനെയാണ്. പ്രവൃത്തികൾ 8:23 ൽ "ബോണ്ടേജ്" എന്നും മറ്റൊരു ഭാഗത്ത് "ഞരമ്പുകളാൽ" ഉള്ള "ബന്ധം" എന്നുമാണ് തർജിമ ചെയ്തിരിക്കുന്നത് (എഫെ. 4:3; കൊലൊ. 2:19).

സ്നേഹം "തികഞ്ഞ ബന്ധം" ആയി പറയുന്ന മൂന്നു മുഖ്യ വ്യാഖ്യാനങ്ങൾ പറയപ്പെടുന്നു: സ്നേഹമാണ് ക്രിസ്തീയ ഗുണങ്ങളെ യോജിപ്പിക്കുന്നതും, ക്രിസ്ത്യാനികളെ തമ്മിൽ യോജിപ്പിക്കുന്നതും, ഒരു ക്രിസ്ത്യാനിയുടെ ജീവിതം പൂർണ്ണതയിലേക്ക് നയിക്കുന്നതും. ആ മൂന്നു കാഴ്ച്ചപ്പാടും ക്രിസ്തീയ ജീവിതത്തിൽ സ്നേഹത്തിനു അനീതിയുടെ സ്വാധീനം ചെലുത്തുവാൻ കഴിയുകയില്ല. ഓരോ വ്യാഖ്യാനത്തെയും നമുക്ക് ആഴത്തിൽ ഒന്നു പരിശോധിക്കാം:

ഒന്ന്, യേശുവിന്റെ അനുയായികളുടെ ഐക്യതക്ക് ആവശ്യമായതെല്ലാം നൽകുന്നതും പൂർണ്ണമായതുമാണ് സ്നേഹം. അത് ബന്ധിപ്പിക്കുന്ന ഏറ്റവും വലിയ ഘടകമാണ്. സ്നേഹ ശക്തിയാലാണ് നാം അന്യോന്യം അടുക്കുന്നതും, പൂർണ്ണതയിലേക്ക് ഐകമത്യപ്പെട്ടു ചേരുന്നതും. യോനാഥാന്റെ ഹൃദയം, ദാവീദിന്റെ ഹൃദയത്തോട് പറ്റിച്ചേർന്നിരുന്നത് നമുക്ക് ഉദാഹരണമായെടുക്കാം (1 ശമു. 18:1).

രണ്ട്, സമ്പൂർണ്ണതയുടെ തികഞ്ഞ ഐക്യതയിൽ മറ്റെല്ലാ ഗുണങ്ങളെയും ഒന്നിച്ചു യോജിപ്പിച്ച് നിർത്തുന്നത് സ്നേഹമാണ്. അത് നൈസർഗികമായി യോജിപ്പിച്ചു ഒന്നാക്കുന്നു. സ്നേഹത്തിന് ഈ ഒരു ഫലമുണ്ടെന്നത് സാധ്യമാണ് പക്ഷെ സംശയാസ്പദമാണ്.

മൂന്ന്, ആത്മിയ പക്വത അല്ലെങ്കിൽ തികവ് ജനിപ്പിക്കുന്ന ഗുണമാണ് സ്നേഹം. അതാണ് അതിന്റെ അർത്ഥമെങ്കിൽ, ക്രിസ്ത്യാനികളെ മറ്റു ഗുണങ്ങൾ വളർത്തുവാൻ കാരണമാകുന്നത് ആ ഗുണമാണ് (1 കൊ. 13:4-7). ചിലർ ഈ വിശദീകരണത്തെ ഒന്നാമത്തെ വിശദീകരണവുമായി യോജിപ്പിച്ചു പറയാറുണ്ട്, അതായത്, ക്രിസ്ത്യാനികളെ യോജിപ്പിച്ച് നിർത്തുന്നത് സ്നേഹം ആകയാൽ, അത് തികഞ്ഞ ബന്ധങ്ങളെ ഉത്ഭവിപ്പിക്കുന്നു. അന്യോന്യം സ്നേഹിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വിശ്വാസികൾക്കിടയിൽ തികഞ്ഞ ബന്ധം ഉണ്ടാകുന്നത്. സ്നേഹ ബന്ധമാണ് ക്രിസ്ത്യാനികളെ, ഒരു കൂട്ടമായി പക്വതയിലേക്ക് വളരുവാൻ സഹായിച്ച് ക്രിസ്തുവിൽ സമാധാനത്തിന്റെ

ഐക്യത കാത്തു സൂക്ഷിക്കുന്നത്.

ചുരുക്കത്തിൽ, 3:12-14 ൽ പൗലൊസ് പറഞ്ഞ ലിസ്റ്റിലെ ഗുണങ്ങൾ ഇവയാണ്:

1. "മനസലിവ്" ഒരു വ്യക്തി മറ്റൊരാളുടെ വേദനയും മുറിവും അകറ്റുവാൻ കഷ്ടതയും ത്യാഗവും സഹിക്കുന്നു.
2. "ദയ" ക്രിസ്ത്യാനികൾക്ക് മറ്റുള്ളവരോട് പരുഷമായി പ്രതികരിക്കാതെ മൃദുവായി സമീപിക്കുവാൻ പ്രേരിക്കുന്നു.
3. "താഴ്മ" ഒരു വ്യക്തിയെ മറ്റുള്ളവരേക്കാൾ ഉയർത്തിക്കാണിക്കാതെ താൻ അവരേക്കാൾ ശ്രേഷ്ടനാണെന്ന് തോന്നാതിരിക്കുന്ന സ്വഭാവമാണ്.
4. "സൗമ്യത" വ്യക്തിത്വങ്ങളുടെ പരുപരുത്ത പ്രതലത്തെ മൃദുലമാക്കുന്ന ഒന്നാണ്. മറ്റുള്ളവരുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന മൃദു സമീ പനമാണ് അത്.
5. "ദീർഘക്ഷമ" ജീവിതത്തിലെ സംഘർഷങ്ങളെ ദീർഘ-കാല വീക്ഷണത്തോടെ നോക്കി കാലം ചെല്ലുന്തോറും അതിന്റെ പ്രാധാന്യം നിഷ്പ്രഭമായി കാണുന്ന സ്വഭാവമാണ്.
6. "അന്യോന്യം പൊറുക്കൽ" ഒരാൾ പരിഹാസത്തെ അവഗണിച്ച്, തടസങ്ങളെ സഹിച്ച്, തെറ്റിനോട് പ്രതികാരം വീട്ടാതിരിക്കുകയും ചെയ്യുന്ന ഗുണമാണ്.
7. "ക്ഷമിക്കൽ" ദൈവത്തിന്റെ തന്നെ സ്വഭാവമാണ്, ചെയ്ത തെറ്റിന് പ്രതികാരം വെച്ചുകൊണ്ടിരിക്കാതെ, മറന്നു കളയൽ ആണ്.
8. "സ്നേഹം" മറ്റെല്ലാ ഗുണങ്ങളെയും യോജിപ്പിച്ച്, മറ്റുള്ളവരോട് കരുതലും മനസലിവും കാണിക്കും. സ്നേഹബന്ധത്തിനു തടസമായ അവസ്ഥ മാറ്റുവാൻ ത്യാഗമനോഭാവം കാണിക്കലാണ്.

## കൂടുതൽ പഠനത്തിന്

### "സ്നേഹം" (3:14)

"സ്നേഹം" നിർവ്വചിച്ചിരിക്കുന്നത് "മറ്റൊരാളെ ബഹുമാനിച്ച്, ഊഷ്മളമായ ബന്ധം ഊട്ടി ഇറപ്പിക്കുന്ന വികാരം, സ്നേഹം (അതിരില്ലാതെ ഏറ്റവും അടുത്ത ബന്ധം പുലർത്തുകയും, പൊതുവായ ഗ്രീക്കിൽ ലൈംഗികാകർഷണത്തിന് വിരളമായി മാത്രം കാണുന്നു).[36] ആ ക്രിയ 3:12, 19-ൽ കാണാം; ആ വാക്കിന്റെ നാമം 1:4, 8, 13 ലും; 2:2 ലും; 3:14 ലും കാണാം.

പുതിയനിയമത്തിൽ "സ്നേഹം" എന്നത് വിവിധ സ്ഥലങ്ങളിൽ രണ്ട് ഗ്രീക്കുവാക്കുകളാലാണ് പറഞ്ഞിരിക്കുന്നത്: *അഗാപെ*യും (അതിനോടുകൂടെ ക്രിയാരൂപമായ *അഗാപയോ*) *ഫിലെയോ*യും. നാമ രൂപത്തിലുള്ള *ഫിലേ* പുതിയ നിയമത്തിൽ കാണുന്നില്ല. വികാരത്താൽ സൗഹൃദബന്ധത്തിനായി ചായ്‌വ് പ്രകടിപ്പിക്കുന്നതാണ് *ഫിലെയോ*യുടെ അടിസ്ഥാന അർത്ഥം. *അഗാപെയോ* ഊഷ്മളത, നല്ല മനസ്, തീഷ്ണവികാരം. പൗലൊസിന്റെ കാലത്ത് അഗാപെയോ ഉപയോഗിച്ചിരുന്നത് സ്നേഹം പ്രകടിപ്പിക്കുന്നതിന്, *ഫിലെയോ*യുടെ അർത്ഥവും ഉൾപ്പെടുത്തിയാണ് പറഞ്ഞിരുന്നത്. ആ രണ്ട് വാക്കുകളും കെട്ടിമറിഞ്ഞിരിക്കുന്ന വിധത്തിലാണ് കാണപ്പെടുന്നത്. "സ്നേഹം,"

എന്ന വാക്കിനുള്ള മറ്റൊരു ഗ്രീക്ക് വാക്ക് ആണ് *എറോസ്* (കാമവികാരത്തെ കാണിക്കുന്നതാണ്) അത് പുതിയനിയമത്തിലില്ല.

*ഫിലെയോ.* പൗലൊസ് ഉപയോഗിച്ച ക്രിയ *ഫിലെയോ* ആയിട്ട് 1 കൊരിന്ത്യർ 16:22 ലും തിത്തൊസ് 3:15 ലും ആണ് കാണപ്പെടുന്നത്. യോഹന്നാന്റെ പുസ്തകത്തിൽ, അത് അടിക്കടി പതിനൊന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് കാണാം. *ഫിലെയോ* നിർവ്വചിച്ചിരിക്കുന്നത് സൗഹൃദം, ഇഷ്ടം, മറ്റുള്ളവരോട് കാണിക്കുന്ന സഹോദരപ്രീതി എന്നാണ്. ഗ്രീക്ക് നാമം *ഫിലോസ്* തർജിമ ചെയ്തിരിക്കുന്നത് "സ്നേഹിതൻ" എന്നാണ്, അത് ഇരുപത്തി-യെട്ടു പ്രാവശ്യം കാണാം. സംയുക്തവാക്കുകളിലാണ് അത് പലപ്പോഴും കാണപ്പെടുന്നത്: "സഹോദരപ്രീതി," *ഫിലദെൽഫിയ* (റോമർ 12:10); "ദ്രവ്യാഗ്രഹം," *ഫിലർഗുരോസ്* (1 തിമൊ. 6:10); "ദ്രവ്യാഗ്രഹികളും" *ഫിലർഗുരോസ്* (2 തിമൊ. 3:2); "സ്വസ്നേഹികൾ" *ഫിലൗടോസ്* (2 തിമൊ. 3:2); "ദൈവസ്നേഹികൾ," *ഫിലോതെയോസ്* (2 തിമൊ. 3:4); "സൽഗുണ ... പ്രിയൻ" *ഫിലഗാതോസ്* (തിത്തൊ. 1:8); "ഭർത്തൃ ... പ്രിയമാർ" *ഫിലാന്ത്രോസ്* (തിത്തൊ. 2:4); "പുത്ര ... പ്രിയമാർ," *ഫിലോടെക്നോസ്* (തിത്തൊ. 2:4); "മനുഷ്യരോടുള്ള [ദൈവ] സ്നേഹം" *ഫിലാന്ത്രോപോസ്* (തിത്തൊ. 3:4).

*ഫിലെയോ*യിൽ സ്വാഭാവിക സ്നേഹവും അടങ്ങുന്നു, എന്നാൽ അത് ശീലിച്ചതായ സ്നേഹവുമാകാം. തങ്ങളുടെ ഭർത്താക്കന്മാരെയും മക്കളെയും സ്നേഹിക്കുവാൻ യുവതികളെ പ്രായമായ സ്ത്രീകൾ പഠിപ്പിക്കണം (തിത്തൊ. 2:4). (ഗ്രീക്കിലെ ഏക വാക്കായ *ഫിലാന്ത്രോസ്* അർത്ഥമാക്കുന്നത് "ഭർത്താക്കന്മാരെ സ്നേഹിക്കുന്നവർ" എന്നാണ്). സ്പഷ്ടമായും "പിടിച്ചു" എന്നതുപോലെ പഠിപ്പിക്കാവുന്നതാണ് *ഫിലെയോ.*

*അഗാപയോ.* ഈ സ്നേഹത്തിൽ *ഫിലെയോ* സ്നേഹവും ഉൾപ്പെടുന്നു.[37] എന്നാൽ *അഗാപയോ* ബന്ധത്തിൽ *ഫിലെയോ* യേക്കാൾ മറ്റുള്ളവരോട് ആഴമേറിയ കരുതൽ അടങ്ങുന്നു. മുഖ്യാസനം ഇഷ്ടപ്പെടുന്നതുപോലെ, രണ്ടു വസ്തുക്കളെ അല്ലെങ്കിൽ സ്ഥാനങ്ങളെ കുറിച്ചു പറയുവാനും ഉപയോഗിക്കാം (മത്താ. 23:6 ലെ *ഫിലെയോ*; ലൂക്കൊ. 11:43 ലെ *അഗാപയോ*) അല്ലെങ്കിൽ ഒരാളെ കുറിച്ചും ഉപയോഗിക്കാം, ഉദാഹരണമായി "യേശുവിന് [അവന്റെ] ശിഷ്യന്മാരോടുള്ള സ്നേഹം" (യോഹ. 19:26; 21:7, 20 ലെ *അഗാപയോ; ഫിലെയോ യിൽ* 20:2). താൻ സ്നേഹിക്കുന്നവരെ ദൈവം ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യും (എബ്രാ. 12:6 ലെ *അഗാപയോ*; വെളി. 3:19 ലെ *ഫിലെയോ*). പല സന്ദർഭങ്ങളിലും അഗാപയോ കൽപിച്ചിട്ടുണ്ടെങ്കിലും, എല്ലായ്പോഴും അത് സ്വാഭാവിക സ്നേഹമായിട്ടല്ല പറയുന്നത്. എങ്ങനെയായാലും, യേശു ഒരു യുവാവിനെ നോക്കി അവനെ "സ്നേഹിച്ചു" (മർ. 10:21), അത് സ്വാഭാവിക സ്നേഹമായിരുന്നു എന്നു തോന്നുന്നു.

*അഗാപയോ* യിൽ വൈകാരികമായ അടുപ്പം ഉൾപ്പെടുന്നില്ല എന്നാണ് ചിലർ തീർച്ചപ്പെടുത്തിയിരിക്കുന്നത്, അതിന്റെ മുഖ്യമായ കാരണം യേശു ശത്രുക്കളെ പോലും സ്നേഹിക്കുവാനാണ് പഠിപ്പിച്ചിരിക്കുന്നത്. സ്നേഹത്തിനു പല അളവുകളുള്ളതിനാൽ (മത്താ. 10:37; ലൂക്കൊ. 7:42, 47; യോഹ. 15:13), നമുക്ക് നമ്മുടെ സഹക്രിസ്ത്യാനികളെ സ്നേഹിക്കുന്ന രീതിയിൽ ശത്രൂക്കളെ സ്നേഹിക്കുവാൻ കഴിയുകയില്ല. ഒരർത്ഥത്തിൽ, യേശു ഒരു ശിഷ്യനെ മറ്റു ശിഷ്യന്മാരേക്കാൾ സ്നേഹിച്ചു. യോഹന്നാൻ 19:26 ലും 21:7, 20 ലും ഏറ്റവും വലിയ ബന്ധം അന്തർലീനമാക്കിയിരിക്കുന്നു.

ക്രിസ്ത്യാനികളുടെ സ്നേഹത്തിന് പല നിലവാരങ്ങൾ ആവശ്യമാണ്. ദൈവത്തെ സ്നേഹിക്കുക എന്നതാണ് ഏറ്റവും ഉയർന്ന നിലവാരം. നാം അവനെ പൂർണ്ണാത്മാവോടും, പൂർണ്ണമനസോടും, പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം (മത്താ. 22:37; മർ. 12:30). സ്നേഹത്തിന്റെ രണ്ടാമത്തെ നിലയാണ് കുടുംബത്തെയും സഹക്രിസ്ത്യാനികളെയും സ്നേഹിക്കുന്നത് (യോഹ. 13:34). സ്നേഹത്തിന്റെ മൂന്നാമത്തെ ലെവലാണ് അയൽക്കാരോടുള്ള സ്നേഹം, അവരെ നാം നമ്മെപോലെ തന്നെ സ്നേഹിക്കണം (മത്താ. 22:39). അവസാനത്തെ ലെവലാണ് ശത്രുക്കളെ സ്നേഹിക്കുന്നത് (മത്താ. 5:44; ലൂക്കൊ. 6:35). നാം ദൈവത്തെയും, സഹക്രിസ്ത്യാനികളെയും, നമ്മുടെ അയൽക്കാരെയും സ്നേഹിക്കുന്നതുപോലെയല്ല നാം ശത്രുക്കളെ സ്നേഹിക്കുന്നത്.

*അഗാപയോ*യുടെയും *ഫിലെയോ*യുടേയും അർത്ഥത്തിന്റെ ഏറ്റക്കുറച്ചൽ എന്തായാലും, ക്രിസ്ത്യാനികൾ ആത്മാർത്ഥമായിട്ടായിരിക്കണം അന്യോന്യം സ്നേഹിക്കേണ്ടത്. "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളത് കണ്ടിട്ട് അവനോട് മനസലിവ് കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?" (1 യോഹ. 3:17). ഒരു ക്രിസ്ത്യാനിക്ക് തന്റെ സഹ ക്രിസ്ത്യാനികളോട് ഏറ്റവും കൂടുതലായി സ്നേഹം വർദ്ധിക്കുമ്പോൾ, അയാൾ ദൈവത്തെ പോലെ ആകും; കാരണം ദൈവം സ്നേഹമാണ് (1 യോഹ. 4:8). യേശുവിന് തന്റെ അനുയായികളോടുള്ള സ്നേഹമാണ് അവർ തങ്ങളുടെ ഹൃദയത്തിൽ നിറക്കേണ്ടതും, ദൈവത്തെ സേവിക്കുവാൻ പ്രോൽസാഹിപ്പിക്കേണ്ടതും. ക്രിസ്ത്യാനികളാകുമ്പോൾ, ശിഷ്യന്മാർ തങ്ങളുടെ ഹൃദയത്തിൽ-ധരിക്കേണ്ട ചിഹ്നമാണ് സ്നേഹം. നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് ലോകം അറിയുന്നത് നമ്മിലുള്ള സ്നേഹം നിമിത്തമായിരിക്കണം (യോഹ. 13:35).

**പാപക്ഷമ (3:13)**

*എന്താണ് പാപക്ഷമ?* നാം ക്ഷമിക്കപ്പെടേണ്ടതിന് മറ്റുള്ളവരോട് ക്ഷമിക്കണം എന്നാണ് യേശു പഠിപ്പിച്ചത്. പാപക്ഷമയെ വിവരിക്കുവാൻ നാല് വിവിധ ഗ്രീക്ക് വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്.

(1) *അഫെസിസ്* എന്ന വാക്കിന്റെ അർത്ഥം, നാം മറ്റുള്ളവരോട് ക്ഷമിക്കുന്നതല്ല ഇവിടെ ദൈവം പാപം മോചിച്ചുകൊടുക്കുന്ന പ്രവൃത്തിയായിട്ടാണ് "മോചനം" അല്ലെങ്കിൽ "സ്വാതന്ത്ര്യം നൽകുക" എന്നത് വിവക്ഷിക്കുന്നത്.[38]

(2) *അപോലൈ* തർജിമ ചെയ്തിരിക്കുന്നത് "പൊറുക്കുക" ("ക്ഷമിക്കുക"; കെജെവി), അത് മറ്റുള്ളവരോട് നാം ക്ഷമിക്കുന്നതിനു മാത്രം ഉപയോഗിക്കുന്ന വാക്കാണ്. "വിടുവിൻ, എന്നാൽ നിങ്ങളെയും വിടുവിക്കും" (ലൂക്കൊ. 6:37). മറ്റു വേദഭാഗങ്ങളിൽ "അയക്കുവിൻ" എന്നാണ് (മത്താ. 15:23), "ഉപേക്ഷിക്കുക" (മത്താ. 19:3), "വിട്ടയക്കുക" (മത്താ. 27:15).

(3) *അഫിയെമി* എന്ന വാക്ക് അടിക്കടി അർത്ഥമാക്കുന്നത് "അനുവദിക്കുക" എന്നോ (മത്താ. 3:15) അല്ലെങ്കിൽ "വിടുക" (മത്താ. 4:11), യേശു ഗിരിപ്രഭാഷണത്തിൽ, പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ, മറ്റുള്ളവരുടെ കടങ്ങൾ ക്ഷമിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു (മത്താ. 6:12; ലൂക്കൊ. 11:4 നോക്കുക). നാം അതിക്രമങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കണം എന്നു പറഞ്ഞിട്ടാണ് അവൻ ഇതു പറഞ്ഞത് (*പാരാപ്ടോമാ* കൂടാതെ ഇടർച്ചകൾ;

റോമർ4:25; കെജെവി) (മത്താ. 6:14, 15; മർ. 11:25, 26). നമുക്കെതിരായി പാപം ചെയ്യുന്നവരോട് (*ഹമർടിയാ*) ക്ഷമിക്കുന്നതിനെ കുറിച്ച് പത്രൊസ് ചോദിച്ചു (മത്താ. 18:21). നമുക്കെതിരായി പാപം ചെയ്യുന്നവരെ നാം ശാസിക്കണം. അവർ മാനസാന്തരപ്പെട്ടാൽ അവരോട് ക്ഷമിക്കണം (ലൂക്കൊ. 17:3, 4).

(4) മറ്റൊരു വാക്ക് *കാരിസോമായി* തർജിമ ചെയ്തിരിക്കുന്നതാണ് "ക്ഷമിക്കുക" എന്നത്, അർത്ഥം "കരുണയോടെ ക്ഷമിക്കുക," അങ്ങനെ നമ്മുടെ വ്രണപ്പെട്ട വികാരങ്ങൾക്ക് ഒന്നും ആവശ്യപ്പെടാതെ സൗജന്യമായി ക്ഷമിക്കുകയാണ് വേണ്ടത് (എഫെ. 4:32; കൊലൊ. 3:13)

*നമുക്ക് എതിരായി ചെയ്യുന്ന പാപങ്ങളെ സംബന്ധിച്ചോ?* ക്ഷമിക്കുവാൻ താൽപര്യം ഉണ്ടായിരുന്ന പത്രൊസ് യേശുവിനോട് ചോദിച്ചു, "കർത്താവേ സഹോദരൻ എത്രവട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കേണം, ഏഴുവട്ടം മതിയോ?" എന്നു ചോദിച്ചു. അതിന്നു യേശു അവനോട്, "ഏഴു വട്ടമല്ല, ഏഴ് എഴുപതുവട്ടം എന്നു ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു" (മത്താ. 18:21, 22). പിന്നെ അവൻ ഒരു രാജാവ് രണ്ട് ദാസന്മാരോട് കടം ഇളെച്ചുകൊടുത്ത ഉപമ പഠിപ്പിക്കുന്നു. ഒരാൾക്ക് അവൻ അധികം ഇളെച്ചുകൊടുത്തു എന്നാൽ ആ ദാസന് തന്റെ കൂട്ടുദാസനോട് ക്ഷമിക്കുവാൻ കഴിയാതെ അവനെ ഉപദ്രവിച്ചു. യേശു അവസാനം ഉപസംഹാരമായി പറഞ്ഞു, "നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും" (മത്താ. 18:35).

നമുക്കെതിരായി പാപം ചെയ്തവരോട് നാം ആത്മാർത്ഥ ഹൃദയത്തോടെ വേണം സമീപിക്കുവാൻ. അവർ മാനസാന്തരപ്പെട്ടാൽ നാം അവരോട് ക്ഷമിക്കണം (ലൂക്കൊ. 17:3, 4). യേശു പിന്നെ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. നിന്റെ സഹോദരൻ നിന്നോട് പിഴച്ചാൽ, നീ ചെന്ന് നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക; അവൻ നിന്റെ വാക്ക് കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ട് മൂന്നു സാക്ഷികളുടെ വായാൽ സകലകാര്യവും ഉറപ്പാക്കേണ്ടതിന്ന് ഒന്നു രണ്ട് പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയെ അറിയിക്ക; സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്ക് "പുറജാതിക്കാരനോ ചുങ്കക്കാരനോ പോലെ"[39] ഇരിക്കട്ടെ (മത്താ. 18:15-17). ചില സാഹചര്യത്തിൽ നമുക്കെതിരായി പാപം ചെയ്യുന്നവരെ ശാസിക്കുവാൻ നമുക്ക് കഴിയുകയില്ല. അങ്ങനെ വരുമ്പോൾ, അവരോട് ക്ഷമിക്കുകയാണ് ശരിയായ വഴി (ലൂക്കൊ. 23:34; പ്രവൃ. 7:60).

നമുക്കെതിരായ പാപങ്ങളിൽനിന്നു വ്യത്യസ്തമാണ് കടങ്ങളും ആഭ്യന്തര കടമകളും. നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് ആരോടെങ്കിലും എന്തെങ്കിലും ഉണ്ടെങ്കിൽ ക്ഷമിക്കണം എന്നാണ് യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. നാം മറ്റുള്ളവരുടെ തെറ്റുകൾ അവരോട് ക്ഷമിച്ചില്ലെങ്കിൽ ദൈവം നമ്മോടും ക്ഷമിക്കുകയില്ല (മർ. 11:25, 26). ആ ഇടർച്ചകളിൽ നമ്മെ വേദനിപ്പിക്കുന്ന മറ്റുള്ളവരുടെ പ്രവൃത്തികൾ, പരിഹാസങ്ങൾ, നിന്ദ, മുറിവേൽപ്പിക്കലോ, തള്ളിക്കളയലോ എന്തു തന്നെയായാലും കരുണയോടെ നാം അവരോട് ക്ഷമിക്കണം. നാം ഒരോളോടുകൂടെ വളരെ കാലം കഴിയുമ്പോൾ, നമുക്ക് അനിഷ്ടമായ എന്തെങ്കിലും അയാൾ ചെയ്തിരിക്കാം. നാം അത് അയാൾക്ക് എതിരായി വെച്ചുകൊണ്ടിരിക്കരുത്; മറിച്ച് നാം അവരോട് ക്ഷമിക്കണം.

**“ദൈവകോപം” (3:6)**

ദൈവത്തിന്റെ കാഴ്ച്ചപ്പാട് നാം തുലനാവസ്ഥയിൽ കാണുവാൻ, അവന്റെ സ്വഭാവം മുഴുവൻ നാം മനസിലാക്കണം. അവൻ കരുണയും നീതിയുമുള്ള (റോമർ 3:24, 26), കരുണയും കോപവും ഉള്ള (റോമർ. 2:5; 12:1), സ്നേഹവും വെറുപ്പും ഉള്ള (എബ്രാ. 1:9) ദൈവമാണ്. ആ സ്വഭാവങ്ങളിലൊന്നിലും പരിമിതിയുള്ളവനല്ല അവൻ, കാരണം അവൻ ദയയും കാഠിന്യവുമുള്ളവനാണ് (റോമർ 11:22). അവന്റെ രൂപത്തിൽ നമ്മെ മെനഞ്ഞതുകൊണ്ട്, നമുക്ക് അവന്റെ വികാരത്തോട് ബന്ധപ്പെടുവാൻ കഴിയും (ഉല്. 1:26, 27). അവന്റെ സ്വഭാവങ്ങളിൽ ചിലത് ആളുകളിലുണ്ട്. ദൈവത്തിന് അവയെ നിയന്ത്രിച്ച് നീതിപൂർവ്വമായി ഉപയോഗിക്കുവാൻ കഴിയും, എന്നാൽ മനുഷ്യർക്ക് അവയെ തലതിരിച്ച് ദുരുപയോഗം ചെയ്യുവാനേ കഴിയു.

ദൈവകോപം പാപികളായ മനുഷ്യരിലേക്ക് വരുന്നു (മത്താ. 3:7). പാപമോചനത്തിനായി യേശു രക്തം ചിന്തി എന്നതാണ് നല്ല വിശേഷം (മത്താ. 3:7; 26:28; 2 കൊ. 5:21), അങ്ങനെ ചെയ്യുന്നതിനാൽ, വിശ്വാസികൾക്ക് വരുവാനുള്ള കോപത്തിൽനിന്നു ഒഴിഞ്ഞു മാറാം (1 തെസ്സ. 1:10; 5:9). തന്നെ അനുസരിക്കുന്നവർക്ക് യേശു നിത്യരക്ഷയാണ് നൽകുന്നത് (എബ്രാ. 5:9), എന്നാൽ സുവിശേഷം അനുസരിക്കാതിരിക്കുന്നവർക്ക് അവൻ പ്രതികാരം ചെയ്യും (2 തെസ്സ. 1:7–9). അത്തരം കഠിനമായ ശിക്ഷ ദൈവം കൊടുക്കുവാൻ കാരണം അവന്റെ പകക്ക് പിന്നെ “സ്നേഹിക്കുവാൻ ... കഴിയുകയില്ല” (ഹോശേ. 9:15). പാപത്തെ സ്നേഹിക്കുന്നവർ തങ്ങളുടെ മൽസരം തുടരും (സങ്കീ. 5:5; 11:5).

തന്റെ നിയമങ്ങളെ ആദരിക്കാതിരിക്കുന്നവരോട് കോപിക്കുവാൻ ദൈവത്തിനു നീതിപൂർവ്വമായ അവകാശമുണ്ട്. “ന്യായപ്രമാണമോ കോപത്തിന്നു ഹേതുവാകുന്നു; ന്യായപ്രമാണം ഇല്ലാത്തേടത്ത് ലംഘനവുമില്ല” (റോമർ 4:15). ആരും ദൈവനിയമങ്ങൾ ലംഘിക്കുന്നില്ലെങ്കിൽ, പിന്നെ കൃപയുടെയും നീതീകരണത്തിന്റേയും ആവശ്യമില്ല, കാരണം അവ പാപമോചനവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാവരും പാപം ചെയ്തു (റോമർ 3:23); സകല മനുഷ്യരും ദൈവനിയമങ്ങളെ ലംഘിക്കുകയും നീതീകരണം ക്രിസ്തു മുഖാന്തരം സാധ്യമാക്കുകയും ചെയ്തു (റോമർ 3:24).

ന്യായപ്രമാണത്തിനു മനുഷ്യരെ നീതീകരിക്കുവാൻ കഴിയാതിരുന്നതിനാൽ ക്രിസ്ത്യാനികൾ ഒരു നിയമത്തിനും അധീനരാകുന്നില്ല എന്ന് ചില ആളുകൾ തീർച്ചപ്പെടുത്തുന്നുണ്ട് (റോമർ 3:20; ഗലാ. 2:16, 21; 5:4). ന്യായപ്രമാണം കോപവും ശാപവുമാണ് കൊണ്ടുവരുന്നത് (റോമർ 4:15; ഗലാ. 3:10). ആ കാഴ്ച്ചപ്പാടിൽ ന്യായപ്രമാണം ആരെയും നീതീകരിക്കുന്നില്ല. അതേ സമയം, അനുസരിക്കുവാനായി യേശു കൽപനകൾ നൽകിയിട്ടുണ്ട്.[40] അവയെ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും നിയമങ്ങളായിട്ടാണ് അറിയപ്പെടുന്നത് (1 കൊ. 7:19; 9:21; ഗലാ. 6:2), സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം എന്നും അതിനെ വിളിക്കുന്നു (യാക്കൊ. 1:25; 2:12). എവിടെ കൽപനകളുണ്ടോ അവിടെ നിയമമുണ്ട്; കാരണം കൽപനകൾ അടങ്ങുന്നതാണ് നിയമം. നിത്യജീവൻ പ്രാപിക്കുവാൻ യേശുവിന്റെ കൽപനകൾ എല്ലാവരും അനുസരിക്കണം (യോഹ. 12:49, 50).

ദൈവകോപം യഥാർത്ഥമാണ്. ദൈവത്തിന്റേയും ക്രിസ്തുവിന്റേയും പ്രമാണങ്ങളെ അനുസരിക്കാതിരിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കോപം വരും. ദൈവത്തെ അറിയുന്നതിൽ, അവന്റെ സ്നേഹവും കരുണ

യും, നീതിയും എല്ലാം ഉൾപ്പെടുന്നതാണ്.

## പ്രായോഗികത

**ഒഴിവാക്കേണ്ടതായ പ്രത്യേക പാപങ്ങൾ (3:5–7)**

വാക്യം 5 ൽ, ക്രിസ്ത്യാനികളായി തീർന്ന ശേഷം ഏതെല്ലാം പാപങ്ങളെയാണ് നമ്മോട് "മരിപ്പിക്കുവാൻ" പറഞ്ഞിരിക്കുന്നത്?

1. ദുർന്നടപ്പ്-അധാർമ്മിക ലൈംഗിക പ്രവൃത്തികൾ.
2. അശുദ്ധി-ക്രിസ്ത്യാനികളെ വേട്ടയാടുന്ന ഏത് ദുർച്ചിന്തയും (മത്താ. 5:27, 28; റോമർ. 1:32).
3. അതിരാഗം-ക്രിസ്ത്യാനികൾ ജഡത്തിന്റെ ഇഛകളെ നിയന്ത്രിക്കണം.
4. ദുർമ്മോഹം-അധാർമ്മിക പ്രവൃത്തികൾക്കായുള്ള എല്ലാ ആഗ്രഹങ്ങളും.
5. അത്യാഗ്രഹം-സമ്പാദ്യങ്ങളോടുള്ള അനാരോഗ്യകരമായ മനോഭാവം, ആരാധനയിലായാലും, എന്തെങ്കിലും സ്വായത്തമാക്കണമെന്ന ക്രമാതീതമായ ആഗ്രഹം.

അധാർമ്മിക പരിശീലനം നടത്തുന്നവരിൽ ദൈവത്തിന്റെ കോപം വരും (വാ. 6). ദൈവം നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ വെറുക്കുകയും ചെയ്യുന്നു (എബ്രാ. 1:9). തന്റെ ഇഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരെയും ദുശീലങ്ങൾ പരിശീലിക്കുന്നവരെയും ദൈവം ഇഷ്ടപ്പെടുന്നില്ല.

കൊലൊസ്യർ തങ്ങളുടെ മുൻകാല ജീവിതത്തിൽ അവ പരിശീലിച്ച് ദൈവകോപം വരുത്തിയിരുന്നു (വാ. 7). ആ സ്വഭാവങ്ങളെ അവർ മരിപ്പിച്ചപ്പോൾ, അവരോടുള്ള ദൈവത്തിന്റെ സമീപനം മാറി. അത്തരം പരിശീലനങ്ങളിൽ ഏർപ്പെട്ടിരുന്നവർ അതു മാറ്റിയപ്പോൾ പാപമോചനത്തിന്റെ എന്ത് ഉറപ്പാണ് അവരിൽ നൽകിയത്? ഒന്നു പത്രൊസ് 2:10 പറയുന്നു, "നിങ്ങളോ, മുൻപ് ... കരുണ ലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ."

**യേശുവിനെ പോലെ ആകുന്നു (3:8–11)**

നാം കോപത്തിനും, ദുഷണത്തിനും, ഭോഷ്ക്കിനും ഇരയാകുമ്പോൾ നമുക്ക് എങ്ങനെ യേശുവിനെ അനുഗമിക്കുവാൻ കഴിയും? താഴെ കൊടുത്തിരിക്കുന്നവ വിട്ടുകളയുവാനാണ് ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നത്:

1. കോപം-ദേഷ്യം ജ്വലിപ്പിക്കൽ.
2. ക്രോധം-തീവ്രമായ നീരസം.
3. ഈർഷ്യ-വില കുറഞ്ഞ മനോഭാവത്തിലാകുക.
4. ദൂഷണം-ആരെയെങ്കിലും അല്ലെങ്കിൽ എന്തിനെയെങ്കിലും തരംതാഴ്ത്തി സംസാരിക്കുക.
5. ദുർഭാഷണം-പരുഷമായ ഭാഷ ഉപയോഗിക്കുക.
6. ഭോഷ്ക്ക്-സത്യത്തെ വളച്ചൊടിക്കൽ.

ഈ പാപ സ്വഭാവങ്ങൾ പരിശീലിക്കുന്നത് നിർത്തിയാൽ മാത്രം പോരാ; ക്രിസ്തുവിന്റെ സ്വഭാവങ്ങൾ ധരിക്കയും വേണം (വാ. 10). യേശുവിനെ അറിയുന്നവർക്ക് മാത്രമെ അവന്റെ സ്വഭാവഗുണങ്ങളെ അനുകരിക്കുവാൻ കഴിയുകയുള്ളു. യേശുക്രിസ്തു രൂപപ്പെടുത്തിയ ഉയർന്ന നിലവാരത്തിലെത്തുവാനായിരുന്നു പൗലൊസിന്റെ പരിശ്രമം (ഫിലി. 3:10-14). നമ്മുടെ കണ്ണുകൾ എപ്പോഴും യേശുവിൽ കേന്ദ്രീകരിച്ചിരിക്കണം (എബ്രാ. 12:2).

തന്റെ ഗ്രാമത്തിലേക്ക് വരുമെന്ന് പറഞ്ഞു കേട്ട ഒരു മഹാനായ മനുഷ്യനെ കുറിച്ച് പറയുന്ന ഗ്രെയിറ്റ് സ്റ്റോൺ ഫെയിസ് എന്ന കഥ ഒരു കുട്ടി കേൾക്കുകയും അവൻ അയാളുടെ മുഖം പർവ്വതത്തിലെ പാറ പോലെ തോന്നിക്കും എന്ന് അറിഞ്ഞിരുന്നു. ആ മനുഷ്യന്റെ സ്വഭാവത്തിൽ ആ കുട്ടി വളരെ ആകൃഷ്ടനായി തീർന്നു. കാരണം വർഷങ്ങളായി ആ കുട്ടി അയാളെ കുറിച്ച് കേട്ടതെല്ലാം അവന്റെ മനസിൽ സൂക്ഷിച്ച് അതുപോലെ ആകുവാൻ ശ്രമിക്കുകയായിരുന്നു. മാത്രമല്ല ഒരു ദിവസം അവന് അയാളെ കാണുവാൻ കഴിയുമെന്നും അവൻ വിചാരിച്ചിരുന്നു. കുട്ടി വളർന്നപ്പോൾ, അവൻ ആ ഗ്രാമീണർ വിവരിച്ച വലിയ മനുഷ്യനെ പോലെ ആയത് അവൻ തിരിച്ചറിഞ്ഞില്ല. ഒരിക്കൽ കുട്ടി വളർന്ന്-പ്രായമുള്ള ഒരാളായപ്പോൾ, പർവ്വതത്തിലെ മനുഷ്യന്റെ മുഖം പോലെ തോന്നിപ്പിക്കുന്ന ആ പാറയെ നോക്കിക്കൊണ്ടിരുന്നു.[41] അവൻ ഇപ്പോൾ ആ മനുഷ്യനെ പോലെ ആയി കാരണം അവൻ കേട്ട മനുഷ്യന്റെ സ്വഭാവത്തിൽ ആകൃഷ്ടനായിരുന്നു. യേശുവിനെ നോക്കി, അവനിൽ വിസ്മയിച്ച്, വളരെ ശ്രദ്ധിച്ച് ജീവിച്ചാൽ നാം അവനെ പോലെ ആകും (2 കൊ. 3:18).

**ക്രിസ്ത്യാനികളുടെ ആത്മിയ യോഗ്യതകൾ (3:12-14)**

അഭിലഷണീയമായ സ്വഭാവങ്ങളെ ഉപേക്ഷിക്കുവാൻ സഹായിക്കുന്നവയാണ് പുതിയ മനുഷ്യന്റെ ഗുണങ്ങൾ ധരിക്കുവാൻ തുടങ്ങുന്നത്. ഒരു ഗ്ലാസിൽ നാം വെള്ളം നിറക്കുമ്പോൾ അതിലെ വായു നീങ്ങപ്പെടുന്നു; അതുപോലെ ക്രിയാത്മകമായ സ്വഭാവങ്ങൾ നമ്മിൽ വന്നു നിറയുമ്പോൾ, നിഷേധമായ ശീലങ്ങളെല്ലാം നമ്മിൽനിന്നു മാറും.

പുതിയ സ്വഭാവം നാം ധരിക്കേണ്ടതിനുള്ള മൂന്നു കാരണങ്ങൾ പൗലൊസ് നൽകിയിരിക്കുന്നു: നമ്മെ ദൈവം വിശുദ്ധരും പ്രിയരുമായി തിരഞ്ഞെടുത്തിരിക്കുന്നു (വാ. 12). തന്റെ സ്വന്തമായി ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കയാൽ, ആ ആത്മവിശ്വാസം നാം പ്രതിഫലിപ്പിക്കണം. ദുഷ്ടലോകത്തിൽനിന്നും അവൻ നമ്മെ വേർതിരിച്ച് അവന്റെ പ്രിയ ജനമാക്കിയിരിക്കുന്നു എന്നത് നാം തിരിച്ചറിയണം. തന്നെപോലെ ആ ജോലി മറ്റാർക്കും ചെയ്യുവാൻ സാധ്യമല്ല എന്നതിനാലാണ് തനിക്ക് ആ ഉത്തരവാദിത്വം നൽകിയിരിക്കുന്നത് എന്നതിനാൽ, ആ കുട്ടിക്ക് അതിൽ അഭിമാനം തോന്നാം. അതുപോലെ, യേശു ക്രിസ്ത്യാനികളെ തിരഞ്ഞെടുത്തത് നാം പ്രത്യേകതയുള്ളവരും പ്രിയജനവുമാകുവാനാണ്.

ക്രിസ്ത്യാനികൾ ആത്മിയ സ്വഭാവങ്ങൾ വളർത്തിയെടുക്കണം (വാ. 12-14). ഒരാൾ ഈ ഗുണങ്ങളെല്ലാം തന്നിൽ വളർത്തിയെടുക്കുമ്പോൾ, അയാൾ എങ്ങനെയുള്ള ആളാകും? അവൻ എങ്ങനെ പ്രവർത്തിക്കും? അവൻ ...

1. മനസലിവുള്ളവനാകും-മറ്റുള്ളവരുടെ ആവശ്യങ്ങളെ കരുതും.
2. ദയ-മറ്റുള്ളവരുടെ ക്ഷേമം താൽപര്യത്തോടെ അന്വേഷിക്കൽ.
3. താഴ്മ-മറ്റുള്ളവരുടെ അതേ നിലവാരത്തിൽ തന്നെ കാണുകയും അവരേക്കാൾ താൻ ഉയർന്നവനെന്ന് തോന്നാതിരിക്കുകയും ചെയ്യൽ.
4. സൗമ്യത-മറ്റുള്ളവരോട് മൃദുവായി പെരുമാറുകയും, അവരോട് പരുഷമായും ദയവില്ലാതെയും പെരുമാറാതിരിക്കുകയും ചെയ്യൽ.
5. ദീർഘക്ഷമ-സമ്മർദ്ദവും സംഘർഷവും സഹിക്കൽ.
6. അന്യോന്യം പൊറുക്കൽ-പരിഹാസത്തെയും തടസത്തെയും അവ ഗണിച്ച് തെറ്റിനോട് തെറ്റായി പ്രതികരിക്കാതിരിക്കൽ.
7 ക്ഷമ-ഇടർച്ച വരുത്തിയവർക്കെതിരെ അത് വെച്ചുകൊണ്ടിരിക്കാതെ, യേശു ക്ഷമിച്ചതുപോലെ ക്ഷമിക്കുക.
8. സ്നേഹിക്കുക-മറ്റുള്ളവരുടെ ക്ഷേമം നോക്കി ബന്ധപ്പെടുക. മറ്റുള്ളവരെ സ്നേഹിക്കുന്ന ക്രിസ്ത്യാനികൾ മറ്റു സ്വഭാവ വിശേഷതകൾ എല്ലാം അവരുടെ ഹൃദയങ്ങളിൽ വളർത്തിയെടുക്കും.

**ക്ഷമിക്കൽ എന്നാൽ മറക്കലാണോ? (3:13)**

ആത്മാർത്ഥമായി ക്ഷമിച്ചാൽ പോലും വ്രണപ്പെടുത്തിയ കഴിഞ്ഞകാല സംഭവങ്ങൾ ഒരിക്കലും മറക്കാതിരുന്നേക്കാം. തന്റെ കൈസര്യയിലെ വിചാരണ വേളയിൽ തന്നെ വിട്ടുപോയവരെ പൗലൊസ് മറന്നിരുന്നില്ല, എന്നാൽ അവൻ അവരോട് ക്ഷമിച്ചിരുന്നു. അവൻ അപേക്ഷിച്ചു, “അത് അവർക്ക് കണക്കിടാതിരിക്കട്ടെ” (2 തിമൊ. 4:16).

വ്രണപ്പെടുത്തിയ സംഭവം മുറിവേറ്റയാൾ ഓർക്കുന്നതിന്റെ അടിസ്ഥാനത്തിലാണോ ക്ഷമിക്കപ്പെട്ടു എന്നു ഉറപ്പ് വരുത്തുന്നത്? അല്ല, അത് എങ്ങനെ ഓർമ്മിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അത് ഓർക്കുകയും എന്നാൽ വേദനിപ്പിച്ച ആളോട് അതിനെതിരായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിക്കുമ്പോൾ, ക്ഷമിക്കപ്പെട്ടതായി കണക്കാക്കാം. എങ്ങനെയായാലും, ആ സംഭവം ഓർക്കുകയും തെറ്റിനെതിരായി ഏതെങ്കിലും വിധത്തിൽ പ്രതികരിക്കുകയാണെങ്കിൽ ക്ഷമിക്കപ്പെട്ടിട്ടില്ല എന്നു കണക്കാക്കാം.

**ഇടർച്ച വരുത്തിയ ആൾ മാനസാന്തരപ്പെട്ടില്ലെങ്കിലോ (3:13)**

ഉപദ്രവിച്ച ആൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ അയാളോട് ക്ഷമിക്കണോ?

മാനസാന്തരപ്പെടുന്നു എന്നു പറയുന്ന ആളോട് ക്ഷമിക്കുവാനാണ് യേശു കൽപിച്ചിരിക്കുന്നത്. “സഹോദരൻ പിഴച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോട് ക്ഷമിക്ക. ദിവസത്തിൽ ഏഴുവട്ടം നിന്നോട് പിഴെക്കയും ഏഴുവട്ടവും നിന്റെ അടുക്കൽ വന്നു ഞാൻ മാനസാന്തരപ്പെടുന്നു എന്നു പറകയും ചെയ്താൽ അവനോട് ക്ഷമിക്ക” (ലൂക്കൊ. 17:3, 4). ഒരാൾക്ക് മറ്റൊരാൾക്കെതിരെ ഉണ്ടാകുന്നതെന്താണെന്ന് തിരുവെഴുത്ത് പറയുന്നില്ലെങ്കിലും, തന്റെ അനുയായികൾ മാനസാന്തരപ്പെട്ടാൽ ക്ഷമിക്കുവാനാ

ണ് കർത്താവ് പഠിപ്പിച്ചിരിക്കുന്നത്.

ഒരാൾ ക്ഷമ ചോദിച്ചാൽ നാം ക്ഷമിക്കണം എന്നു കാണുകയാൽ നമുക്ക് ചോദിക്കാം. "അയാൾ നമ്മോട് ക്ഷമായാചനം നടത്തിയില്ലെങ്കിൽ, നാം അയാളോട് ക്ഷമിക്കണോ?" മാനസാന്തരപ്പെട്ടാൽ ക്ഷമിക്കുന്ന നിബന്ധനയുള്ളതാണ് ദൈവത്തിന്റെ പാപമോചനം (2 പത്രൊ. 3:9), അതുകൊണ്ട് മാനസാന്തരപ്പെടാത്തവരോട് ക്രിസ്ത്യാനികൾ ക്ഷമിക്കേണ്ട കടമയില്ലല്ലോ. ഇത് ക്രിസ്ത്യാനിയെ സംബന്ധിച്ച് വാസ്തവമാണോ? ഒരു മനുഷ്യൻ അവന് ഇടർച്ച വരുത്തിയിട്ട്, അയാൾക്ക് അതിൽ ദുഃഖമുണ്ടെങ്കിലും ക്ഷമ ചോദിക്കാഞ്ഞാൽ അയാളോട് ക്ഷമിക്കേണ്ടതുണ്ടോ? എന്നാൽ വാസ്തവത്തിൽ മാനസാന്തരപ്പെടാതിരുന്നിട്ട് കാപട്യത്താൽ ഒരാൾ ക്ഷമ ചോദിച്ചാൽ അയാളോട് ക്ഷമിക്കേണമോ? അയാളോട് ക്ഷമിച്ചാൽ അതു തെറ്റാണോ?

ആ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം മർക്കൊസ് 11:25 ൽ കാണാം. യേശു പറഞ്ഞു, "നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ, സ്വർഗസ്ഥനായ പിതാവ് നിങ്ങളുടേയും പിഴകളെ ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പിൻ" (മർ. 11:25). ക്ഷമ ചോദിക്കാത്ത ഒരാളോട് ക്ഷമിക്കണമെന്നുള്ള ഒരു ഉദാഹരണമായി ഒരുപക്ഷെ ഇതിനെ കണക്കാക്കാം. ക്ഷമ ചോദിക്കാത്ത ആളുകളോടും ക്ഷമിക്കേണ്ടതിന്ന് യേശു പ്രാർത്ഥിച്ചിരുന്നു-തന്നെ ക്രൂശിൽ തറെപ്പാൻ ഏൽപിച്ചവർക്ക് വേണ്ടിയും അവൻ പ്രാർത്ഥിച്ചു (ലൂക്കൊ 23:34) സ്തേഫാനോസ് തന്നെ കല്ലെറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചവർക്ക് വേണ്ടി ഇതേ മനോഭാവത്തോടെ ക്ഷമിക്കുവാനായി പ്രാർത്ഥിച്ചു (പ്രവൃ. 7:60).

---

കുറിപ്പുകൾ

[1]എഡ്വേർഡ് ലോഹ്സ്, *കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ,* ട്രാൻസ്. വില്യം ആർ. പേൾമാൻ ആന്റ് റോബർട്ട് ജെ. കാരിസ്, ഹെർമെനിയ (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1971), 137. [2]ഇബിഡ്. [3]മത്താ. 5:32; 15:19; 19:9; മർ. 7:21; പ്രവൃ. 15:20, 29; 21:25; 1 കൊ. 5:1; 6:13, 18; 7:2; 10:8; 2 കൊ. 12:21; ഗലാ. 5:19; എഫെ. 5:3; 1 തെസ്സ. 4:3; വെളി. 2:14, 20, 21; 9:21. [4]മത്താ. 15:19; മർ. 7:22; യോഹ. 8:3. [5]മത്താ. 5:27, 28; 19:18; മർ. 10:19; ലൂക്കൊ. 16:18; 18:20; യോഹ. 8:4; റോമർ. 2:22; 13:9; യാക്കൊ. 2:11. [6]മത്താ. 13:17; ലൂക്കൊ. 15:16; 16:21; 17:22; 22:15; 1 തിമൊ. 3:1; എബ്രാ. 6:11; 1 പത്രൊ. 1:12. [7]ലൂക്കൊ. 12:15; റോമർ. 1:29; എഫെ. 4:19; 5:3; 1 തെസ്സ. 2:5; 2 പത്രൊ. 2:3, 14. [8]പുറ. 4:14; സംഖ്യ. 11:10; ആവ. 11:17; യോശു. 7:1; ന്യായാ. 2:12; 2 ശമു. 6:7; 1 രാജാ. 15:30; 2 രാജാ. 13:3; എസ്രാ. 10:14; ഇയ്യോ. 9:13; സങ്കീ. 78:31; യെശ. 5:25; യിരെ. 4:8; യെഹെ. 5:13; ഹോശേ. 8:5; മീഖാ. 5:15; നാഹും 1:6; സെഫ. 2:2; സെഖ. 1:2. [9]സംഖ്യ. 16:46; ആവ. 9:8; യോശു. 22:20; 1 ശമു. 28:18; 2 രാജാ. 22:13; ഇയ്യോ. 42:7; സങ്കീ. 21:9; യെശ. 51:20; യിരെ. 7:20; യെഹെ. 13:13–15; ദാനി. 9:16; ഹോശേ. 13:11; മീഖാ. 5:15; സെഫ. 1:18; സെഖ. 7:12. [10]മർ. 3:5; യോഹ. 3:36; റോമർ. 1:18; 5:9; എഫെ. 5:6; എബ്രാ. 3:11; വെളി. 14:10; 15:1; 16:19; 19:15.

[11]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ന്യു ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 147. [12]ബ്രൂസ് എം. മെറ്റ്സ്ജർ,, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്*, 2ഡ്. എഡി. (ന്യു യോർക്ക്.: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 1971), 625. [13]ഹെർബർട്ട് എം. കാർസൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ദ*

*കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ: ആൻ ഇൽട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 82. [14]യോഹ. 11:9; 12:35; റോമർ. 6:4; 1 കൊ. 7:17; 2 കൊ. 5:7; ഗലാ. 5:16, 25; 6:16; എഫെ. 2:10; 4:1; 5:8, 15; ഫിലി. 3:17; കൊലൊ. 1:10; 1 തെസ്സ. 2:12; 4:1; 1 യോഹ. 1:7; 2:6; 2 യോഹ. 4, 6; 3 യോഹ. 3, 4. [15]യോഹ. 8:12; 11:10; 12:35; 1 കൊ. 3:3; 2 കൊ. 4:2; 10:3; എഫെ. 2:2; 4:17; ഫിലി. 3:18; 1 യോഹ. 1:6; 2:11. [16]ഹെൻഡ്രിക്സൺ, 149. [17]എൻഏഎസ്ബിയിൽ, *ഓർഗേ* തർജിമ ചെയ്തത് ആറു പ്രാവശ്യം "കോപം" എന്നും "ക്രോധം" എന്ന് മൂപ്പതു പ്രാവശ്യവും തർജിമ ചെയ്തിരിക്കുന്നു. [18]മത്താ. 3:7; ലൂക്കൊ. 3:7; 21:23; റോമർ. 2:5, 8; 3:5; 5:9; 9:22; 12:19; എഫെ. 2:3; 5:6; കൊലൊ. 3:6; 1 തെസ്സ. 1:10; 2:16; 5:9; വെളി. 6:16, 17; 11:18; 14:10; 16:19; 19:15. [19]റോബർട്ട് ജി. ബ്രച്ചർ ആന്റ് യൂജീൻ ഏ.നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ,* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യു യോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 1977), 82. [20]മത്താ. 15:19; മർ. 7:22; കൊലൊ. 3:8; 1 തിമൊ. 6:4; 2 തിമൊ. 3:2.

[21]ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്*, അബിങ്ഡൺ, ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (നാഷിലേ: അബിങ്ഡൺ പ്രസ്, 2000), 126. [22]റോമർ. 13:12–14; ഗലാ. 3:27; എഫെ. 4:22, 24; 1 തെസ്സ. 5:8. [23]എഡ്വേർഡ് സ്കൗസർ, *ദ ലെറ്റർ ടു ദ കൊലൊഷ്യൻസ്: ഏ കമെന്ററി,* ട്രാൻസ്. ആൻഡ്രുചെസ്റ്റർ (സൂറിച്ച്: ബെൻസിഗെർ വെർലാഗ്, 1976; റീപ്രിന്റ്, മിന്നെപൊലീസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982), 197. [24]പ്രവൃ. 15:1, 2; 1 കൊ. 12:12, 13, 20; ഗലാ. 2:11–14; 3:26–28. [25]ജോസെഫസ് *എഗൻസ്റ്റ് അപിയോൻ* 2:269; കൂടാതെ, ഫിലോ *ഓൺ ദ എംബസി ടു ഗായിയസ്* 10 നോക്കുക. [26]ഹെരോഡോട്ടസ്, *ഹിസ്റ്ററി* 4.64, 65, 75, ഹെൻഡ്രിക്സൺ 154 ൽ ഉദ്ധരിച്ചിരിക്കുന്നു. [27]പീറ്റർ ടി. ഓബ്രിയോൻ, *കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 44 (വാക്കോ, ടെക്സ്.: വേർഡ് ബുക്ക്സ്, 1982), 193. [28]ഏ. ടി. റോബർട്ട്സൺ, *പോൾ ആന്റ് ദ ഇന്റെലെക്ചൽസ്: ദ എപ്സ്റ്റിൽ ടു ദ കൊലൊഷ്യൻസ്*, റെവ. ആന്റ് എഡി. ഡബ്ല്യു. സി. സ്ട്രിക്ലലാന്റ് (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1959), 107. [29]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 861. [30]നോക്കുക, 1 കൊ. 4:21; 2 കൊ. 10:1; ഗലാ. 5:23; 6:1; എഫെ. 4:2; 2 തിമൊ. 2:25; തിത്തൊ. 3:2.

[31]ബാവർ, 612. [32]പ്രവൃ. 18:14; 2 കൊ. 11:1, 4, 19, 20; എഫെ. 4:2; 2 തിമൊ. 4:3; എബ്രാ. 13:22. [33]നോക്കുക, റോമർ. 12:17–21; 2 കൊ. 2:5–11; ഗലാ. 6:1, 2; ഫിലെ. 17, 18. [34]റോമ. 15:7, 8; എഫെ. 5:2, 25, 29. [35]റോമർ 5:15,18;11:31; 1 കൊ. 2:11. [36]ബാവർ, 6. [37]"*അഗാപയോയും ഫിലെയോയും* ... പുതിയനിയമത്തിൽ വേർതിരിച്ച് മനസിലാക്കുവാൻ ശ്രമിച്ചാൽ ആദ്യത്തേത് ആദരണിയ സ്നേഹവും രണ്ടാമത്തേത് സൗഹൃദ സ്നേഹവുമാണെന്നു കാണാം: എന്നാൽ രണ്ട് ക്രിയകളും പര്യായമായി കാണുവാനുള്ള പ്രവണതയാണ് വളർന്നുവരുന്നതെന്നു തോന്നുന്നു" (ജെയിംസ് ഹോപ് മൗൾട്ടൻ ആന്റ് ജോർജ് മിലിഗൻ. *ദ വക്കാബുലറി ഓഫ് ദ ഗ്രീക്ക് ടെസ്റ്റമെന്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1930], 669–70). [38]മത്താ. 26:28; മർ. 1:4; 3:29; ലൂക്കൊ. 1:77; 3:3; 4:18; 24:47; പ്രവൃ. 2:28; 5:31; 10:43; 13:38; 26:18; എഫെ. 1:7; കൊലൊ. 1:14; എബ്രാ. 9:22; 10:18. [39]ഡേവിഡ് എൽ. റോപ്പർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്, 1: ഏ സപ്ലിമെന്റ് ട്രൂത്ത് ഫോർ ടുഡേ കമെന്ററി* (സിയേഴ്സി,

അർക്കൻസാസ്: റിസോഴ്സ് പബ്ലിക്കേഷൻസ്, 2003), 581. [40]മത്താ. 28:20; യോഹ. 12:50; 14:15, 21, 24; 15:10; 1 കൊ. 14:37; 1 യോഹ. 2:3, 4; 3:22, 24; 5:2, 3.

[41]നഥാനിയേൽ ഹാവ്ത്രോൺ, "ദ ഗ്രെയിറ്റ് സ്റ്റോൺ ഫേസ്," ഇൻ *ദ കംപ്ലീറ്റ് ഷോർട്ട് സ്റ്റോറീസ് ഓഫ് നഥാനിയേൽ ഹാവ്ത്രോൺ* (ഗാർഡൻ സിറ്റി, ന്യൂ യോർക്ക്.: ഡബിൾഡേ & കമ്പനി., 1959), 451.